Archivfilm
vorhanden

N12<527029630 021 LS

ubTÜBINGEN

Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

നമ്പ്ര ഒന്നിന്നു — # പശ്ചിമൊദയം — ൧ ചെമ്പ്സ്സിനില

൪ാം നമ്പ്ര — തലശ്ശെരി — ൧൮൪൮. ജനുവരി

ജ്യൊതിഷവിദ്യ

സൂൎയ്യസംസ്ഥിതിയാകുന്ന വശമണ്ഡലം

സൂൎയ്യൻ എല്ലാ നക്ഷത്രങ്ങളിലും ചെറുത് എങ്കിലും ഭൂമി മുതലായ ഗ്രഹങ്ങളെക്കാൾ എറെ വും വലിയത്-സൂൎയ്യന്നുള്ള ആകൎഷണശക്തിനിമിത്തം അതിന്റെ അരികത്തുള്ള ഗൊളങ്ങൾ എല്ലാം പലവിധെന സഞ്ചരിക്കുന്നു എങ്കിലും അതിനൊട്ടു മുട്ടുവാനും ഇടയാ ന്നുയൊകാതെ പിന്നെയും പിന്നെയും ആദിത്യനെ ചുറ്റെണം എന്ന ഒരു ദിവ്യവ്യവ സ്ഥ ഉണ്ടു-ഇങ്ങിനെ സൂൎയ്യന്റെ വശത്തിൽ ആകുന്ന ഗൊളങ്ങൾക്ക ഒക്കെക്കും സൂൎയ്യസം സ്ഥിതി എന്ന പെരുണ്ടു-അതിൽ ചിലത്രം കൊടെശം ചക്രാകാരെണ സൂൎയ്യന്റെ നെട്ടു വൊട് ഒരു നിരയായി അതിനെ ചുറ്റിക്കൊണ്ടും ചുറ്റുമ്പൊഴെക്ക് തങ്ങളെയും തങ്ങളെ ചു റ്റിക്കൊണ്ടും സഞ്ചരിക്കുന്നു-അവറ്റിന്നു ഗ്രഹങ്ങൾ എന്ന പെരുണ്ടു-ആ ഗ്രഹങ്ങളിൽ ചി ലതിന്നു തങ്ങളെ തന്നെ ചുറ്റാതെ സ്വഗ്രഹത്തെ മാത്രം ചുറ്റി ഗ്രഹത്തൊട്ടു ഒന്നിച്ചു സൂ ൎയ്യനെയും ചുറ്റി സഞ്ചരിക്കുന്ന പരിചാരക ഗൊളങ്ങൾ ഉണ്ടു-അവറ്റിന്നു ഉപഗ്രഹങ്ങൾ എന്നു പറയുന്നു-പിന്നെ ധൂമകെതുക്കൾ എന്ന പെരുള്ള മൂന്നാമത് ഒരു കൂട്ടം ഗൊളങ്ങൾ ഉണ്ടു-ആയവ ഗ്രഹങ്ങളുടെ ക്രമത്തിൽ അല്ല കൂടക്കൂടെ അതിക്രമമായി സഞ്ചരിച്ചു സൂ ൎയ്യന്റെ അടുക്കൽ വാട്ടം അരയ്യങ്ങുള്ള സൂൎയ്യന്റെ മെലും കീഴും ഒടി അതിനെ ചുറ്റി പിന്നെ സൂൎയ്യ ന്റെ ആകൎഷണത്താലെ വെളിച്ചമായ വാൽ കുറഞ്ഞു പിരിഞ്ഞു ഗ്രഹങ്ങളെ പിന്നിട്ടു സൂൎയ്യസംസ്ഥിതിയുടെ അററത്തിന്നു അണഞ്ഞു പൊയി ആരും വിചാരിയാത്ത കാലത്തി ൽ മടങ്ങിവന്നു സൂൎയ്യനെ അന്വെഷിച്ചു നടക്കുന്നു-

ഇപ്പൊൾ അറിഞ്ഞു വന്ന ഗ്രഹങ്ങൾ ആദിത്യ ബുധൻ വെള്ളി ഭൂമി ചൊവ്വ ഇങ്ങിനെ സൂൎയ്യ സമീപസ്ഥഗ്രഹങ്ങൾ-൪-ബാലഗ്രഹങ്ങൾ ൧൧-ശെഷം വ്യാഴം ശനി ഉറാനൻ നെപ്തുൻ എന്ന ദൂരഗ്രഹങ്ങൾ ൪-ആകെ ഗ്രഹങ്ങൾ ൧൯-ഉപഗ്രഹങ്ങൾ ഭൂമിക്കു-൧-(ചന്ദ്രൻ തന്നെ) വ്യാഴത്തി ന്നു-൪-ശനിക്കു-൭-ഉറാനന്നു-൬-ആകെ-൧൮-ഉപഗ്രഹങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു-ധൂമകെ

ത്രക്കുഴലോടെ കാണെണ്ടുന്നവൎക്ക് ചിലപ്പോൾ ഉള്ള നല്ല കുഴൽ കൊണ്ടു നോക്കിയാൽ മാസങ്ങളോളം കാണുമാറാകും - ഗ്രഹങ്ങൾക്കു എന്നപോലെ ധൂമകേതുക്കൾക്കു ഉദയാസ്തമയങ്ങളുള്ളതായിട്ടൊന്നു ന്നരമെഘമണ്ഡലം പോലെ വെളിച്ചം പൊലെ കാണുന്നു - ചിലതു രണ്ടു കൊമ്പുവന്നാൽ കുറയും ചിലതു മുള്ളു വെളിച്ചവാലിനെ കാട്ടും - ഗ്രഹങ്ങൾ എല്ലാം പടിഞ്ഞാറു നിന്നു കിഴക്കൊട്ടു സഞ്ചരിക്കുന്നു ധൂമകേതുക്കൾ ചിലതു പടിഞ്ഞാറൊട്ടും ഓടുന്നു - ഇതുവരെക്കും കണ്ട ധൂമകേതുക്കൾ ൫൦൦ റിൽ അധികം ആകുന്നു - അതിൽ ഏകദെശം ൯൦ ന്റെ സഞ്ചാരത്തെ ജ്യോതിഷക്കാരന്മാർ എല്ലാം കണക്കിട്ടിരിക്കുന്നു - ഇന്നതു ഇന്ന മടങ്ങി വരെണം എന്നു മുൻ കണക്കു കൂട്ടിച്ചു നോക്കി ഇരിക്കുന്ന സമയം കണ്ടതും ഇല്ല - അതിന്റെ കാരണം ഏതാനും കുറഞ്ഞ വസ്തുക്കൾ കൊണ്ടു വല്ല ഗ്രഹത്തിന്റെ അരികിൽ എത്തിയാൽ ധൂമകേതുവിന്നു താമസവും സഞ്ചാരഭ്രമവും സംഭവിക്കുന്നതു കൊണ്ടത്രെ ഇവറ്റിന്റെ കണക്കിന്നു നല്ല സൂക്ഷ്മം വരാത്തു - ധൂമകേതുക്കളുടെ ഘനത്തെയും തിട്ടപ്പെടുത്തുവാൻ വിഷമം തന്നെ ഗ്രഹൊപഗ്രഹങ്ങളുടെ ഘനം അറിയാം - ൧൧ ഗ്രഹങ്ങളെയും ൧൮ ഉപഗ്രഹങ്ങളെയും ഒന്നിച്ചു കൂട്ടിയാൽ സൂൎയ്യനിൽ എഴുനൂറിൽ ഒരു അംശത്തൊടു മാത്രം ഒക്കും - ഇങ്ങിനെ സൌരീയം ഗൊളങ്ങളുള്ള സൂൎയ്യമണ്ഡലം ശെഷം നക്ഷത്രങ്ങളുടെ നടുവിൽ നിന്നു കിടക്കുന്നതായി തൊന്നുന്നു -

ഭൂമിശാസ്ത്രം തുടൎച്ച

അൎമ്മിന്ന്യഗിരിസഞ്ചയവും അതിന്റെ ശാഖകളും -

ൟ പറഞ്ഞ വലമലയുടെ വടക്കപടിഞ്ഞാറെ അററം വാൻ ഉൎമ്മിയ സരസ്സുകളുടെ നടുവിൽ യുഫ്രാത്ത് തിഗ്രി മുതലായ പുഴകളുടെ ഉല്പത്തിസ്ഥാനമായ അൎമ്മിന്ന്യമലപ്രദെശത്തെ പ്രാപിച്ചിരിക്കുന്നു - ൨൨൨ അൎമ്മിന്ന്യദെശത്തിലെ മുഖ്യമായ ശിഖരം അരാരാത്ത തന്നെ അതിന്റെ ഉയരം ൧൭൩൨൩ കാല്പടി ഫ്രാത്ത് നദിയുടെ ഉറവുദെശത്തിൽനിന്നു ഒരു ശാഖ മലവടക്കൊട്ടു കുറ് നദിയുടെ ഉറവൊളവും കൊക്കാസുമലപക്ഷത്തെയും തീണ്ടിയിരിക്കുന്നു കൊക്കാസുമല കസ്പ്യസരസ്സിന്റെ പടിഞ്ഞാറെ തീരത്തിന്നും ൨൦ കൊഷുന വിസ്താരവും ൧൨൦ കൊഷുന നീളവുമായി കരിങ്കടലുടെ കിഴക്കെ അരികെ വരെക്കും ചെന്നെത്തിയിരിക്കുന്നു അതിലകാണ്ടുകളിൽ ശിഖരം ൧൮൦൦൦ വും എല്ബ്രുസ കൊടുമുടി ൧൬൦൦൦ വും കാല്പടി ഉയരമുള്ളതത്രെ ഫ്രാത്ത് നദിയുടെ ഉറവുദെശത്തിൽനിന്നും വാൻ സരസ്സിന്റെ വടക്കെ അതിരിൽനിന്നും തൌരൻ അന്തിതൌരൻ എന്ന രണ്ടു ശാഖാമലകൾ പടിഞ്ഞാറൊട്ടു ചിറിയാസ്യദെശത്തു

ടെവ്യാപിച്ചുകിടക്കുന്നഅൾട്ടായിപൎവ്വതത്തിന്റെ ഉയരം ൧൨൦൦൦ കാലടി- തെക്കൻ മലയുടെശാഖയായലിബനൊൻമദ്ധ്യതറന്യസമുദ്രത്തിന്റെകിഴക്കെകരയിൽനിന്നു തെക്കൊട്ടുസുറിയദെശങ്ങളുടെ കനാൻനാടൊളം ചെന്നുനില്ക്കുന്നു ഉയരം ൧൦൦൦൦ കാലടി അതിന്റെ തെക്കെഅറ്റത്തിൽനിന്നു യൎദ്ദൻപുഴവക്കത്തു ശവക്കടലൊളം കനാൻമലനാട്ടു വ്യാപിച്ചു സെയിർമലക്കുടെ തെക്കെ അറ്റത്തിൽനിന്നു സുവെശ്ശ അക്കാബ് ഉൾക്കടലുകളുടെ നടുവിലെ അൎദ്ധദ്വീപിൽ സീനായി ഹൊറെബ് മലനാട്ടു നാലു ദിക്കിലും പരന്നു കിടക്കുന്നു ഹൊറെബ് മലയുടെ ഉയരം ൩൦൦൦ കാലടി-

൩. താണനാടുകളും മരുഭൂമികളും

വടക്കെ ആസ്യയിൽ സിബെൎയ്യ എന്ന താണനാട്ടു കിഴക്ക യബ്ലനൊയി-സ്തനവൊയി മലകൾ- തെക്ക ദൌരിയ, സയാംസ്ക, അല്ടായി മലകൾ. പടിഞ്ഞാറു ഉറാൽ പൎവ്വതം. വടക്ക- ഹിമസമുദ്രം- ഇന്നാലതിൎക്കകത്തകപ്പെട്ടു ൧൬൦ യൊജന നീളവും ൧൦൦ യൊജന അകലവുമായി വ്യാപിച്ചുകിടക്കുന്ന അതിന്റെ വിസ്താരം ൧. ലക്ഷത്തിൽ പരം ൫൫൫൫ ചതുരശ്രയൊജന- ഒബി. യനിസെ- ലെന- ഇന്തിഗിൎക്ക- കൊലിമ മുതലായ നദികൾ അതിൽ കൂടി ഒഴുകി ഹിമസമുദ്രത്തിൽ ചെരുന്നു- ഇക്കവാറും ശൈത്യഭൂമിയാകകൊണ്ടു ജനപുഷ്ടിയും വിശെഷപട്ടണങ്ങളും അതിൽ കാണ്മാനില്ല വടക്കെ ഭാഗത്ത് ഹിമമെയുള്ളു-

കിഴക്ക- ബെലുർമല- തെക്ക- ഹിന്തുകുഷ പറപമിസമലകൾ- പടിഞ്ഞാറു- കസ്പസരസ്സും ഉരാൽനദിയും- വടക്ക- ഉരാൽമലയും സിബെൎയ്യനാട്ടും ഇന്നാലതിൎക്കകത്തു തുരാൻതാണപ്രദെശം ൩൦൦൦൦ ചതുരശ്രയൊജനവിസ്താരമായി കിടക്കുന്നു- സിഹൂൻ- ജിഹൂൻനദികൾ കിഴക്കെ മലകളിൽനിന്നു വന്നു ആ ദെശങ്ങളുടെ ഒഴുകി അരാൽസരസ്സിൽ കൂടുന്നു അതിൽ ഇക്കൂട്ടം മരുഭൂമി തന്നെ-

ഈ പറഞ്ഞ താണനാടുകളല്ലാതെ പടിഞ്ഞാറെ ആസ്യയിൽ ഫ്രാത്ത് തിഗ്രി നദികളും തെക്കെ ആസ്യയിൽ സിന്ധുഗംഗാ മുതലായവയും കിഴക്കെ ആസ്യയിൽ ഹൊവാങ്ങ്ഹൊ, യങ്ങ്ചെക്യാങ്ങ് പുഴകളും ഒഴുകുന്ന വിശെഷമായ താണഭൂമികളുടെ വിസ്താരം ൧൮൦൦൦ ചതുരശ്രയൊജന-

ആസ്യാഖണ്ഡത്തിലെ മരുഭൂമികൾ അഫ്രിക്കഖണ്ഡത്തിന്റെ പടിഞ്ഞാറെ അംശ

തിൽനിന്നു കിഴക്കൊട്ട അറെബ്യാ ഭാഗം തുടങ്ങി കിടക്കുന്ന മഹാസഹറാ എന്ന വനപ്രദെശ
ത്തിന്റെ തുടൎച്ചയായിരിക്കുന്നത് അറബിനാട്ടുതുടങ്ങി ഈ മരുഭൂമികൾ തന്നെ പ
ല വെറുകളായി വടക്കുകിഴക്കൊട്ടു ഗൊബിയുടെ കിഴക്കെ അറ്റത്തൊളം ചെന്നെത്തി
കിടക്കുന്നു ആസ്യാ ആഫ്രിക്ക ഖണ്ഡങ്ങളിലെ വനപ്രദെശങ്ങളുടെ വിസ്താരം ഏക
ദെശം ൧ ലക്ഷം ചതുരശ്രക്കൊശമാം—

അംശവിവരം

വിസ്താരബഹുത്വവും ജീവഭെദവും ആകൃതിവ്യത്യാസവും നിമിത്തം ഒരൊന്നിന്റെ
സ്വരൂപം എല്ലാം അറിയെണ്ടതിന്നു ആസ്യാഖണ്ഡം ചില അംശങ്ങളായി വിഭാഗിപ്പാൻ
ആവശ്യമാകുന്നു—

തെക്കപടിഞ്ഞാറെ ആസ്യയിലെ അറബിസ്ഥാനിയ നാടുകളിൽ ചെങ്കടൽ അവറ്റെ
വെർതിരിക്കുന്നുവെങ്കിലും സുവെജ് വഴിയൂടെ ചെൎച്ചകൊണ്ടു ആഫ്രിക്കഖണ്ഡത്തി
ന്റെ ഭാവം പ്രധാനമായി കാണുന്നു—

ഈറാൻ താണനാട്ടു ഈരാൻ അൎമ്മിന്യ മലപ്രദെശങ്ങൾ പ്രാൎത്ഥ കിഗിനദികൾക്കു
കുന്നുകളിനാട്ടു ചിറ്റാസ്യ കെനകന്നാട്ടുകൾ ഇവ ഒക്കയും പടിഞ്ഞാറെ ആസ്യയിൽ
അടങ്ങി യുരൊപഖണ്ഡത്തൊടു ഒരൊ സമഭാവം കാട്ടുന്നു—

ഭാരതഖണ്ഡം ബൎമ്മ അൎദ്ധദ്വീപു ഹിന്തുസമുദ്രത്തിലെ തുരുത്തികളൊടും കൂടെ തെ
ക്കെ ആസ്യയിൽ ഉൾപ്പെട്ടു കിടക്കുന്നു—

കിഴക്കെ ആസ്യയിൽ മഹാചീനമഞ്ചൂരിയ ദെശങ്ങളും കൊറയ അൎദ്ധദ്വീപും യാപാ
ന്യരാജ്യമാകുന്ന തുരുത്തികളും അടങ്ങി ഇരിക്കുന്നു—

ഗൊബി എന്ന മരുഭൂമിയെ ചുറ്റി നില്ക്കുന്ന മലകളൂടെ അകത്തുള്ള മുഴുവൻ
ബൊൎത്ഥ എന്ന ചീനക്കൊസ്തന്നു അധീനമായ നാടുകൾ നടുആസ്യാ എന്നു പറയുന്നു—

സിബെൎയ്യ താണനാട്ടിന്നും കാംചത്കാ ചുകൊ അൎദ്ധദ്വീപുകൾക്കും വടക്കെ ആസ്യാ എന്നെ
പർവന്നു—

കെരളപഴമ

൩൦. കബ്രാൽ കപ്പിത്താൻ കൊഴിക്കൊട്ടു വന്ന പ്രകാരം—

പൊൎത്തുഗാൽ രാജാവാകുമാനുവെൽ ഗാമമുതലായവൎക്കു വലിയ സ്ഥാനമാനങ്ങ

ളെ കല്പിച്ചു റിസെന്റ്യ്യ മാഷ്കിരിക്കെ വെഗം മറെറാരുവനെ അയക്കും എന്നു പറഞ്ഞതും

അല്ലാതെ അനെകം പരങ്കികൾ [illegible] യല്ലൊ [illegible] എന്നിട്ടും [illegible]

[illegible] കൂവടത്തിന്നു വട്ടം കൂട്ടുകയും ചെയ്തു — അവരൊട്ടു [illegible]

[illegible] കപ്പലുകളിൽ [illegible] കയററി കൎന്നൽ കല്പിച്ചു [illegible]

ച്ചു [illegible] ആളുകളൊടും പാതിരിമാരൊടും [illegible]

[illegible] ടങ്ങൾ [illegible] പട [illegible]

[illegible] വിശെഷാൽ [illegible] സഭയുടെ

അനുഗ്രഹത്തൊടും കൂട [illegible] കാര്യം [illegible] ചെയ്തു —

അവൻ [illegible] ദൈവ [illegible]

[illegible] വർത്തമാനം അറിയിപ്പാൻ [illegible]

[illegible] പൊത്ത

[illegible] മുതലായ [illegible]

[illegible] മലയാളത്തിൽ [illegible] സംഗതി ഉണ്ടായത് — [illegible]

[illegible] കൎന്നൽ [illegible] മാസം [illegible]

[illegible]

[illegible]

[illegible]

[illegible] ദൈവ [illegible]

ത്തു — അവർ [illegible] തിരുമുമ്പിൽ ചെന്ന [illegible]

[illegible] — കൎന്നൽ [illegible]

[illegible]

മുതലായ സ്ഥാനികളെ കല്പനയിൽ [illegible]

[illegible] ഭയം വർദ്ധിച്ചു [illegible] ബ്രാഹ്മണരെ [illegible]

[illegible] കൂടരാജാവെ [illegible]

ത്തിൽ ചെന്നു കണ്ടു നല്ല സ്ഥാനങ്ങളെ വെച്ചു [illegible]

വ്യാപാരം ചെയ്തു കൊള്ളാം [illegible] കല്പനയിൽ വെച്ചു [illegible]

യാഷ്ട്ര കൊണ്ടു ദിവസെന ആളുകളെ മാററി അയക്കെണ്ടു എന്നു പറഞ്ഞു വിടവാങ്ങി- ജാമ്യക്കാർ കപ്പലിൽ പാൎപ്പാൻ വളരെ പെടിച്ചതും അല്ലാതെ ചിലർ കടലിൽ ചാടി കരെക്ക നീന്തുവാൻ ഭാവിച്ചാറെ കപ്പിത്താൻ അവരെ പിടിച്ചു മുറിയിൽ അടെച്ചു- ഒരു കിഴവൻ. ൩. ദിവസം വട്ടി ഞെരുങ്ങിട്ടപ്പോൾ അക്കൊബാപം തൊന്നി ജാമ്യക്കാരെ കരെക്ക ഇറക്കുകയും ചെയ്തു-

അനന്തരം രാജകല്പന പ്രകാരം കച്ചവടം തുടങ്ങി മുസല്മാനരുടെ ചതി നിമിത്തം ഫലം ഒന്നും ഉണ്ടായില്ല- അന്നു കൊഴിക്കൊട്ടു മുസല്മാനർ ൪൦൦൦ കുടി ഉണ്ടു- മക്കക്കാർ മിസ്രക്കാർ മുതലായ പരദെശികൾ അവൎക്ക കടൽ കച്ചവടം പ്രധാനം അവൎക്ക തലവൻ ആയ കൊജ ശംസദ്ദീൻ എന്നൊരു ഡംഭി പറങ്കികൾക്കു ശത്രുവും പ്രബലൻ- നാട്ടിലെ മാപ്പിളമാൎക്ക അന്നു ഗൌരവം ചുരുക്കമത്രെ കരക്കച്ചവടമെ ഉള്ളു അവൎക്ക കൊയപക്കി പ്രമാണിയാകുന്നു- ആ കൊയപക്കി മക്കളുടെ ഭാവത്തിൽ അന്യായ ഭാവിച്ചു പറങ്കികൾക്കു മമത കാണിച്ചു കടപ്പുറത്തുള്ള പാണ്ടിശാലയെ പൊൎത്തുഗാൽ രാജാവിന്നു വിററു വെള്ളിയൊലയിൽ എഴുതി കൊടുത്തു- അവിടെ പറങ്കികൾ വസിച്ചു പൊൎത്തുഗാൽ കൊടി പറപ്പിച്ചു പലചരക്കുകളെ വിററും മെടിച്ചും കൊണ്ടിരുന്നു പാതിരിമാരും മലയായ്മ എല്ലാം വശമാക്കി തുടങ്ങി-

൩൭. താമൂതിരി പറങ്കികളുടെ വീഴ്ചം പതിക്കിച്ചതു-

ഒരു ദിവസം കൊച്ചിയിൽ നിന്നു ഗുജരാത്തിക്ക ഓടുന്ന ഒരു വലിയ കപ്പൽ കൊഴിക്കൊട്ടു തൂക്കിൽ വന്നപ്പോൾ ശംസദ്ദീൻ കൊയ വസ്തുത അറിഞ്ഞു താമൂതിരിയൊടു ബൊധിപ്പിച്ചു കൌശലം പറഞ്ഞാറെ രാജാവ് അവനെ കബ്രാൽ അടുക്കെ അയച്ചു- ഇതു മക്കക്കാൎക്കുള്ള കപ്പൽ അതിൽ ചില ആനകളൊടും കൂട ഒന്നാം തരമായ ഒരു പടയാനയും ഉണ്ടു- അതു വാങ്ങുവാൻ ഞാൻ വളരെ വില പറഞ്ഞിട്ടും മാപ്പിളമാർ തരുന്നില്ല ആയതു എന്റെ മാനത്തിന്നു പൊരായ്ക കൊണ്ടു നിങ്ങൾ ആ കപ്പൽ പിടിച്ചു തരെണം എന്നു അപെക്ഷിച്ചു- കബ്രാൽ അല്പം വിരൊധിച്ചിട്ടും രാജാവ് ഇതിന്റെ അനുഭവം എല്ലാം എന്റെ തലമെൽ വരട്ടെ എന്നു മുട്ടിച്ചു അതിലുള്ള കരുപ്പു മുതലായ ചരക്കുകൾ പറങ്കികൾക്ക ക്രീയ പറഞ്ഞു കൊടുത്തപ്പോൾ- കബ്രാൽ ഒരു ചെറിയ കപ്പലിൽ പല ശസ്ത്രങ്ങളും ഉള്ള ൬൦ വീരന്മാരെ കരെററി നിയൊഗിച്ചു അവരും രാത്രി മുഴുവൻ ഒ

രാവിലെ കണ്ടു ഇങ്ങൊട്ടു അടങ്ങിവരെണം എന്ന കല്പിച്ചപ്പൊൾ അതിലുള്ളവരും. പിലാത്തം മാപ്പിളമാർ ശരപ്രയൊഗം തുടങ്ങിയവരെക്കു വെടിവെച്ചുകൊണ്ടു കപ്പിത്താന്റെ മുതലായ അതുകൊണ്ടു പിടിയപ്പൊൾ തുവക്കുകൾക്കു കപ്പൽ ശെഷം കപ്പലുകളുടെ നടുവിൽ കൂട്ടിച്ചു പശെ ക്കാരവർറിലും ഉണ്ടപൊഴിച്ചു കപ്പിത്താനെ അത്യന്തം വെടിപ്പിച്ചു - പിറെറ ദിവസവും പടക്കൂടാ കപ്പൽ പിടിക്കയും ചെയ്തു - അതിൽ ൧. ആനയുണ്ടു ഒന്നു വടികൊണ്ടു മരിച്ചതു പറങ്കികൾ വെറെ ഇറച്ചി കിട്ടായ്കയാൽ സന്തൊഷത്തൊടെ തിന്നു - ശെഷം താമൂതിരി ഇക്കൊട്ടത്തെപ്പൊൾ അവൻ വളരെ സമ്മാനം കൊടുത്തു ഉപചാരവാക്കും പറഞ്ഞു - ഈ വിവരം കെട്ടാറെ അവന്റെ അന്തസ്തം വെറെ - ഈ പ്രകാരമുള്ള അതിഥികൾ വരെണ്ടതല്ലയൊ ഇരിക്കുന്നു അവരെ വല്ലപ്പൊഴും പിടിക്ക കണ്ടിവന്നാൽ തിരിക്കുവാൻ പ്രയാസം തന്നെ ഉണ്ടാകും എന്ന ഒത്ത - കപ്പൽ കപ്പലിൽ കാറ്റു മുതലായതു കാണാഞ്ഞു കപ്പലിന്റെ ഉടയവൻ മമ്മാലിമരക്കാർ തന്നെ എന്നറിഞ്ഞു ഉടനെ അവനെ പിടിച്ചുവരുത്തി എല്ലാം ശ്രമിച്ചു ഉപാദ്ധ്യായശാസ്ത്രിന്റെ ഒരു കൌശലമത്രെ അവൻ ചതിപ്പിക്കുന്നു ഇങ്ങൾ ഒട്ടു ക്ഷമിക്കണം എന്ന പറഞ്ഞു കപ്പൽ വിട്ടയക്കയും ചെയ്തു -

൧. പറങ്കികൾ കൊഴിക്കൊട്ടു വെച്ചു പടക്കൂടിയതു —

അനന്തരം മാപ്പിളമാർ താമൂതിരിയെ ചെന്നു കണ്ടു - ഇങ്ങൾക്കു ഒന്നിനും ഒപ്പില്ല എന്നു വെളുത്ത തമ്പുരാൻ പറങ്കികളെ കൊണ്ടുവന്നു കപ്പൽ പിടിപ്പിച്ചത് അവർ വിശ്വസിക്കുന്നത് അനുഭവത്തിന്ന മതിയാകുമൊ - അവർക്കത്രെ ചെലവിടുന്ന കച്ചവടത്തിന്റെ ലാഭത്താൽ അത്ര ഒരുനാളും വരിക ഇല്ലല്ലൊ എന്തിന്നു വെറുതെ കാത്തിരിക്കുന്നു - അവർ രാജ്യം സ്വാധീനമാക്കുവാൻ നൊക്കും - അസൂയ കൊണ്ടല്ല ഞങ്ങൾ ഉ ബൊധിപ്പിക്കുന്നത് ദിവസവൃത്തിക്കായി ഞങ്ങൾ മറ്റു വല്ല പട്ടണത്തിൽ പൊയി വ്യാപാരം ചെയ്യാം എങ്കിലും തമ്പുരാന്റെ രാജ്യത്തിന്ന ഖെദം വരും എന്നു ശങ്കിച്ചത്രെ ഞങ്ങൾ ഇപ്രകാരം ബൊധിപ്പിക്കുന്നത് - എന്നും മറ്റും പറഞ്ഞത് കെട്ടാറെ രാജാവ് - ഈ കപ്പലിന്റെ കാര്യം ഒരു വഴിക്കായത്രെ ഞങ്ങൾ സൂചനയായിട്ടുള്ളതിൽ പണ്ടു പണ്ടെ ഇങ്ങിലുള്ള മമതെക്കു ഭെദം വരികയില്ല - എന്നു കല്പിച്ചു മനസ്സിന്നു സന്തൊഷം വരുത്തി - അവർ മുളകും എല്ലാം വാങ്ങിക്കാതകകൊണ്ടു കപ്പിത്താനു ഒരു കപ്പൽമാത്രം ചരക്കു കരെറ്റി

വാൻ ൩ മാസം വെണ്ടിവന്നു - പൊൎത്തുഗാൽ ചരക്കുകളും മെടിച്ചതും ഇല്ല -
അപ്പൊൾ കപ്പിത്താൻ രാജാവൊടു ഞങ്ങൾ ൨൦ ദിവസത്തിന്നകം ചരക്കു വാങ്ങി പൊരെ
ണ്ടതിന്നു തിരുകല്പന ആയല്ലൊ - ഇപ്പൊൾ രണ്ടു കപ്പലിലെക്കു മുളകു കിട്ടിയുള്ളൂ -
മാപ്പിള്ളമാർ എല്ലാടവും വിഘ്നം വരുത്തുന്നു എന്നു ബൊധിപ്പിച്ചപ്പൊൾ താമൂതിരി
പറഞ്ഞു - യാതൊരു കപ്പല്ക്കാരെങ്കിലും മുളകു കെറ്റുന്നെങ്കിൽ നിങ്ങൾ ആ കപ്പൽ ശൊ
ധന ചെയ്തു ചരക്കത്തെ ന്യായവിലെക്ക എടുത്തു കൊള്ളിൻ - എന്നാറെ ശംസദ്ദീൻ ഒരു ദി
വസം പാണ്ടിശാലയിൽ വന്നു ഒരു കപ്പൽ കാണിച്ചു - ഇതിൽ രാത്രികാലത്തന്നെ മുള
കു കെറി വരുന്നു നാളെ മക്കത്തെക്കു പൊകും എന്നു സ്വകാൎയ്യം അറിയിച്ചപ്പൊൾ പാ
ണ്ടിശാലക്കാരൻ കപ്പിത്താനെ ബൊധിപ്പിച്ചു ആ കപ്പൽ ശൊധന കഴിക്കെണം എന്നു ചൊദി
ച്ചു - കബ്രാൽ അന്നു പരിഭ്രമിച്ചു സംഗതിയാൽ ഒന്നും വിചാരിയാതെ വിശ്വസിച്ചു
(ഡിശം. ൧൭) ആ കപ്പലിൽ കയറി അന്വെഷണം കഴിക്കെണം എന്നു കല്പിച്ചു -
അങ്ങിനെ ചെയ്യുമ്പൊൾ മാപ്പിള്ളമാർ തൊണികളിൽ പാരിക്കാരെക്കാം ഒന്നിച്ചു വില
ളിച്ചും കൊണ്ടു സങ്കടം ബൊധിപ്പിച്ചു മുസല്മാനരും ഉദ്യൊഗസ്ഥരും ഉപദ്രവിച്ചു തെരുവിൽ ക
ങ്ങൾ പാണ്ടികശാലയെ കൊള്ളുവാൻ തുടങ്ങി - ചിലർ പാണ്ടിശാലക്കാരെ കൊല്ലുവാൻ കാണി
ച്ചു പ്രാണസങ്കടം ഉണ്ടെന്നു കപ്പിത്താനെ അറിയിച്ചു മതിലിന്മെൽ നിന്നു പല മാപ്പിള്ളമാ
രെയും കൊന്നു - പിന്നെ നായന്മാർ സഹായിക്ക കൊണ്ടു പലരും മരിച്ചു ഒടുക്കം വന്ന
മതിൽ ഇടിച്ചതിനാൽ നാട്ടുകാർ പാണ്ടിശാലയിൽ പുക്കു - ൫൦ പൊൎത്തുഗീസരെ കൊന്നു ചില
രെ ജീവനൊടെ പിടിച്ചു കൊണ്ടുപൊയി - കണ്ടത് എല്ലാം കവൎന്നു കളകയും ചെയ്തു - അ
പ്പൊൾ അവസരം കിട്ടിയപ്പൊൾ പൊൎത്തുഗീസരും ൧൦ പാറക്കപ്പലുകളും എല്ലാം മുളകു കെറ്റുക
യും കടപ്പുറത്തൊളം പാഞ്ഞു കപ്പല്ക്കാർ തീ കൊളുത്തി തൊണികളിൽ കയറി കപ്പലിലെക്കു
പൊകയും ചെയ്തു - കപ്പിത്താൻ ഒരു ദിവസം ക്ഷമിച്ചു വെറുതെ പാൎത്ത ശെഷം
൨൦ മക്കക്കപ്പൽ പിടിച്ചു ചരക്കുകളെ എടുത്തു കൂട്ടത്തിൽ മൂന്ന ആനകളെയും കൊന്നു ഉപ്പിട്ടു
ഉടക്കളെ ചുട്ടുകളകയും ചെയ്തു - പുലരുമ്പൊൾ കപ്പൽ എല്ലാം പട്ടണത്തിന്നു നെരെ
അടുപ്പിച്ചു വെക്കുന്നതും മുതൽ വെടിവെച്ചു വളരെ നാശങ്ങളെ ചെയ്തു കൊണ്ടിരുന്നു - പിറ്റെ
ദിവസം കബ്രാൽ അല്പം ആശ്വസിച്ചു എല്ലാ കപ്പലുകളൊടും കൂട പായി വിടുവിച്ചു കൊച്ചിക്കു
ഓടുകയും ചെയ്തു -

F. Müller Editor.

പശ്ചിമോദയം

നമ്പ്രഒന്നാം | തലശ്ശെരി | ലൈവപ്പുസ്തിപ
൭ാം നമ്പ്ര | | ൧൮൪൯ഫെബ്രുവരി

ഭൂമിശാസ്ത്രം തുടൎച്ച

തെക്കെ ആസ്യ

൪. ഭാരതഖണ്ഡം



൧. വിസ്താരവും അതിരുകളും.

ഭാരതഖണ്ഡം കിഴക്കനാസ്സാം അറകാൻ ദെശങ്ങളും ബങ്കാളസമുദ്രവും തെക്ക ഹിന്തു സമുദ്രം പടിഞ്ഞാറു അറബിസമുദ്രവും ഹിന്തുകൂശ്യമലകളും വടക്ക ഹിമാലയപൎവ്വതം ഇതിനാൽ അതിൎക്കകത്തകപ്പെട്ട കന്യാകുമാരിമുതൽ ഹിമാലയപൎവ്വതം ൪൦൦ യൊജന നീളവും സിന്ധുനദി അഴിമുഖത്തിന്നു മഹാഗംഗ ബങ്കാളസമുദ്രത്തിൽ ചെരുന്ന ഭൂമിയൊളം. ൩൩൦. യൊജന നീളവും ൧൪൦൦൦ ചതുരശ്ര യൊജന വിസ്താരമുള്ള ഭാരത ഉപദ്വീപാകുന്നു—

൨. രൂപവും ഭൂതലഭെദങ്ങളും.

ഭാരതഖണ്ഡത്തിലെ പൎവ്വതങ്ങളും പുഴകളും താണനാടുകളും മുതലായുള്ളവ മാതിരി പറഞ്ഞുവല്ലൊ അതിന്റെ അംശങ്ങളെ വിവരിക്കുമ്പൊൾ ഒരൊന്നിന്റെ സ്വഭാവം തന്നെ കൂടും ദക്ഷിണഖണ്ഡം മിക്കവാറും ഉയൎന്ന ഭൂമി വിന്ധ്യമലയുടെ വടക്കൊട്ടു ഗംഗാസിന്ധുമുതലായ നദികൾ ഒഴുകുന്ന കീഴ്നാടുകൾ പ്രധാനം അതിന്നു വടക്കൊട്ടു ഹിമാലയപൎവ്വതത്തിങ്കലെ ഉന്നത ദെശങ്ങൾ വ്യാപിച്ചുകിടക്കുന്ന ഈ മൂന്നു വിശെഷങ്ങളെ കൊണ്ടു ഭാരതഖണ്ഡത്തിലെ ശീതഉഷ്ണം അത്യന്തം ഭെദിച്ചു പൊകുന്നു ഹിമാലയത്തിൽ ഉയരവും ഉഷ്ണരെഖയിൽനിന്നുള്ള ദൂരതയും നിമിത്തം മഞ്ഞും ശൈത്യവും പ്രധാനം കീഴ്നാട്ടുകളിൽ താഴ്ചയും വിസ്താരവും നിമിത്തം ഏറിയ ഉഷ്ണം തന്നെ ദക്ഷിണഖണ്ഡം ഇരുസമുദ്രങ്ങളുടെ നടുവിലാകകൊണ്ടു മഴ വൎദ്ധിയ ദെശം ആകുന്നു—

൩. ഉല്പത്തികൾ.

ഭാരതഖണ്ഡത്തിലെ കാടുകളിൽ വലവിധമാക വലിയ മരങ്ങൾ മുളെച്ചുവരുന്നതിൽ മുഖ്യമായത് ചന്ദനം. തെക്ക. ഈട്ടി. കരിമരം. ഇരുപ്പ്യൾ ആഞ്ഞിലി തന്നെ. പല വൃക്ഷങ്ങളിൽ തെങ്ങ്. കമുങ്ങ. കരിമ്പന മുതലായ തൃണദ്രുമങ്ങളും. പിലാവുമാവുമാന്തനാരകാദികളും പ്രധാനം ധാന്യങ്ങളിൽ മുഖ്യമായത് നെല്ലു തന്നെ. കാട്ടുമൃഗങ്ങൾ ആന. വാൾപുലി. പുലി, കരടി, പുള്ളിപ്പുലി, കഴുതപുലി, ചെറുപുലി, ചെന്നായി, കാട്ടുപൂച്ച, കാട്ടാൻ, കാട്ടി, പന്നി, മാൻ, കുരങ്ങ, കുറുനരി, മുതലായത്, നാട്ടുമൃഗങ്ങൾ ഒട്ടകം, കുതിര, കഴുത, ആട, മുതലായത്. പക്ഷികളിൽ മയിൽ, പരുന്ത, പ്രാവ്, കാക്ക, തത്ത മുതലായതു, ഇഴജാതികളിൽ പെരിമ്പാമ്പ്, നാഗം മീൻ കള്ളി പ്രധാനം, വജ്രം വൈഡൂ

ഷം മുതലായ രത്നങ്ങളും പൊന്നു ചെമ്പിരിമ്പു ൟയം എന്ന ലോഹങ്ങളും പലദിക്കിൽനി
ന്നുമുണ്ടായ്വരുന്നു—

൫. നിവാസികൾ

ഭാരതഖണ്ഡത്തിലെ നിവാസികൾ രണ്ടുവിധം ഹിന്തുക്കളും മുസല്മാന്മാരും തന്നെ അവരുടെ എണ്ണം ഏകദേശം ൧൫ കോടി; അവർ മിക്കതും ഇങ്ക്ലിഷസർക്കാരിന്നു അധീനമായിരിക്കുന്നു. ൟ നിവാസികൾ മിക്കവാറും ബഹുകാലം മുമ്പെ പുറനാട്ടിൽനിന്നു വന്നു പൂർവ്വവാസികളെ പുറത്താക്കിയും നിഗ്രഹിച്ചും കൊണ്ടതിനാൽ അവരിൽ അല്പം ഒരു ശേഷിപ്പു മാത്രമെ വനപ്രദേശങ്ങളിൽ ചിതറി വസിക്കുന്നുള്ളു. രാജ്യവാഴ്ചക്കാർ കിട്ടും കച്ചവടം മുതലായതിനാൽ ഇങ്ക്ലിഷ്കാർ കിട്ടും ആസ്യയുരൊപ്പ മെരിക്ക ഖണ്ഡങ്ങളിൽനിന്നു വാസികൾ അനേകർ മുതലായവരും പല വെള്ളക്കാരും ഇവിടെ വന്നു കുടിയേറിപ്പാർക്കുന്നു. മലയാളനാട്ടിൽ യഹൂദന്മാരും കൂടെ ഉണ്ടു—

൬. മതങ്ങളും ഭാഷകളും

ഗംഗാനദി ഒഴുകുന്ന മദ്ധ്യദേശം തുടങ്ങി ദക്ഷിണപഥത്തോളം പാർക്കുന്നവരെല്ലാവരും വെവ്വെറെ ജാതികളായി പിരിഞ്ഞിരിക്കുന്നു. ഉത്തരഖണ്ഡത്തിൽ ഉണ്ടായ മനുസംഹിതാപ്രകാരം ആചാര്യരായ ബ്രാഹ്മണർ രക്ഷിക്കുന്ന ക്ഷത്രിയർ വ്യാപാരികളായ വൈശ്യർ ൟ മൂന്നു വകക്കാരെ സെവിക്കുന്ന ശൂദ്രർ ഇങ്ങിനെ ൪ വർണ്ണമുണ്ടതിൽ ബ്രാഹ്മണർ യജിത്രർ എന്ന സംസ്കൃതഭാഷാവിശേഷത്താൽ തെളിച്ചിരിയാം. വിന്ധ്യപർവ്വതത്തിന്നു തെക്കെ ദ്രാവിഡഭാഷകൾ ഉണ്ടാകുന്നത് എന്നതൊന്നു ശേഷം പ്രാകൃതഭാഷകൾ ഉത്തരഖണ്ഡത്തിലെ ഓരൊരൊ രാജ്യത്തിൽ സംസ്കൃതം കലൎന്നു പൊയതിനാൽ പലവിധമായിരിക്കുന്നു— സംസ്കൃതത്തിൽ ഉണ്ടായിട്ടുള്ള പ്രബന്ധങ്ങൾ പലതുമുണ്ടതിൽ പുരാണമായത് ചതുർവ്വേദം അതിൽ അഗ്നി ഇന്ദ്രൻ വായു അശ്വിനികൾ മുതലായ ദേവന്മാരും പലകീർത്തനങ്ങളും പൂജാചാരങ്ങളും അടങ്ങിയിരിക്കുന്നു. പിന്നെ ലങ്കായൊടു ഉള്ള യുദ്ധം വർണ്ണിക്കുന്ന രാമായണവും പാണ്ഡവന്മാർ കുരുക്ഷേത്രത്തിൽ പടവെട്ടിയത് വിവരിച്ചു പറയുന്ന മഹാഭാരതവും ഇങ്ങിനെ രണ്ടു ഇതിഹാസങ്ങളും എങ്ങും ശ്രുതിപ്പെട്ട ഭാഗവതം മുതലായ പുരാണങ്ങൾ കുറയകാലത്തിന്നു മുമ്പെ ഉണ്ടായി— ൟ ദേശക്കാരുടെ ദൈവജ്ഞാനം മുമ്പെ പലവിധം തെക്കർ പലഭൂതങ്ങളെ ഉപാസിക്കും വടക്കർ ശ്രു

പട്ടാപ്പും സൃഷ്ടിയും ഒന്നെന്നു കല്പിച്ചു എല്ലാം ഒന്നെന്നും ഒന്നായിട്ടുള്ള ദൈവം പലവിധ മൂർത്തികളായി തീർന്നിട്ടുള്ളവ എന്നും വിശ്വസിച്ചു സൃഷ്ടിക്കു ബ്രഹ്മാവിനെയും രക്ഷക്കു വിഷ്ണുവിനെയും സംഹാരത്തിന്നു ശിവനെയും ഒന്നായി സങ്കല്പിച്ചു വെച്ചു ഒടുക്കം കല്പാവസാനത്തിൽ ബ്രഹ്മാവും എല്ലാം ഇല്ലാതെ ആയിട്ടു സൃഷ്ടിയിൽ പുനരൈക്യം തുടങ്ങും എന്നിങ്ങിനെ നാനാവിധമായി ബ്രഹ്മം ചെയ്തു കൊണ്ടിരുന്നു—

അഞ്ഞൂറ്റി ഇരുപതാം വർഷം ക്രിസ്തുവിന്റെ മുമ്പെ ഗൌതമൻ- ബുദ്ധൻ- ശാക്യമുനി എന്ന പേരുകളുള്ള ഒരു രാജപുത്രൻ മാഗധ ദേശത്തിൽ ജനിച്ചു ജാതിഭേദം എല്ലാ വരിലും അഹിംസ സമത്വം ഉണ്ടാക്കണമെന്നു എല്ലാവർക്കും സമത്വം കല്പിച്ചു മാത്രം ഭാരതഖണ്ഡത്തിൽ ജനിച്ചു നടന്ന ഗൌതമൻ വിഷ്ണുവിന്റെ അവതാരമായിട്ടു അകന്ന പട്ടുകയും എന്നൊരു ആയിരം സംവത്സരം നടന്നു ഒരു ദേശത്തിൽ ബ്രാഹ്മണർ പട്ടു എന്നു ബൌദ്ധന്മാരെ നിന്നു ഉള്ളവരെ ശേഷം പുറത്താക്കി ദൈവങ്ങളെ ബ്രാഹ്മണ ഈ ഖണ്ഡത്തിൽ വശത്താക്കി എല്ലാ ജാതികളെയും ഭേദം വരാതെ തങ്ങളുടെ സേവക്കായി വെച്ചുകൊണ്ടിരിക്കുന്നു—

ഭാരതഖണ്ഡത്തിൽ മുസല്മാന്മാർ മുഹമ്മദ് നബിയുടെ മാർഗ്ഗം അനുസരിച്ചു നടക്കുന്നു ആ മുഹമ്മദ് ൬൧൦ ക്രി. അറബിദേശത്തിലെ മക്കാപട്ടണത്തിൽ ജനിച്ചു വളർന്നു വന്നശേഷം വരെ യഹൂദന്മാരെയും ക്രിസ്ത്യാനരെയും അറിഞ്ഞു ആ തങ്ങളിൽ നിന്നു കൊള്ളുന്നത് അറബി ജാതിക്കാരെയും മറ്റും ഒന്ന് എന്നു വിശ്വസിച്ചു ഉപദേശിപ്പാൻ തുടങ്ങിയപ്പോൾ ൬൨൨ ക്രി. ശത്രുവൈരത്താൽ മക്കത്തിൽ നിന്നു മദീനപട്ടണത്തെക്കോടി പൊയ്ക്കൊണ്ടിരുന്നു ൧൦ സംവത്സരം കഴിഞ്ഞ ശേഷം മുഹമ്മദ് ശിഷ്യന്മാരെ ചേർത്തു പല യുദ്ധം കഴിച്ചു ബലമായിട്ടു പ്രസിദ്ധമാക്കി ൬൩൨ ക്രി. അന്തരിക്കയും ചെയ്തു—

സകലത്തെയും സൃഷ്ടിച്ചും രക്ഷിച്ചും ഭരിക്കയിൽ ചെയ്യുന്ന പ്രകാരം എല്ലാം മനുഷ്യരെ ഒരു ദൈവമുണ്ട് മനുഷ്യവംശം എല്ലാം ഈ ദൈവത്തെ

സെവിക്കെണം തൻ പ്രവാചകനായ മൂസാമുഖാന്തരം സീനായി മലയിൽ വെച്ചു കൊടുത്ത
നൊഹരമായ വസ്തുക്കളെ ദർശിപ്പാൻ ഇസ്രായെൽ മക്കൾക്കു ഭാഗ്യമുണ്ടായ്വന്നതിന്റെ ശേഷം കല്പിക്കു
ന്നതെന്നും മനുഷ്യന്നു സംഭവിപ്പതൊക്കയും തമ്പുരാന്റെ കല്പനപ്രകാരമാകുന്ന ദു
ഃഖസന്തോഷങ്ങളും ശുഭാശുഭങ്ങളും നിശ്ചയം മനുഷ്യരിൽ ചിലർ മാത്രം വരുത്തുന്ന പ്ര
സിദ്ധിക്കായി വെണ്ടുന്ന ഗുണങ്ങളിൽ ഒന്നും വൈദികരെ തൊട്ടു ഉള്ളതിന്നും അവ്വണ്ണമുള്ള
ദിന്നം വെണ്ടി പൊരുത്തമില്ലാത്തതെന്നും മറ്റും ആയുസ്സിന്റെ മൂല്യമായ വിശേഷങ്ങ
ളാകുന്നു —

ജ്യോതിഷവിദ്യ —

സൂക്ഷ്മസമീപഗ്രഹങ്ങൾ നാലും

ആദിത്യനെ ചുറ്റുന്ന ഗ്രഹങ്ങൾ മൂന്നായി പിരിയുന്നു — സൂക്ഷ്മസമീപമുള്ളവ ൪ വിദൂ
രസൂക്ഷ്മഗ്രഹങ്ങൾ ൧ ഒട്ടുക്കം ദൂരസ്ഥഗ്രഹങ്ങൾ ൪ ഇക്കാണിച്ച സമീപഗ്രഹങ്ങൾ
നാലും മലയാളികൾക്കും നന്നായി അറിയാം. അവ ബുധൻ, വെള്ളി, ഭൂമി, ചൊവ്വ എന്നത്രെ —
ഈ നാലു ഗോളങ്ങൾക്കും വണ്ണം വെഗം സൂര്യതേജസ്സ് അനുഭവിക്കുന്ന അളവ് മുതലായവറ്റി
ങ്ങളിൽ അധികമായിട്ടുള്ള വ്യത്യാസങ്ങൾ കാണുന്നില്ല —
ഒന്നാമത് ബുധൻ തന്നെ — ആദിത്യൻ ഉദിക്കുന്നതിന്നു കുറയമുമ്പിൽ കിഴക്കും അസ്ത
മിച്ചശേഷം പടിഞ്ഞാറും സൂര്യനിൽനിന്നു അല്പം ദൂരമായി — സൂക്ഷിച്ചു നോക്കിയാ
ൽ കാണും — ബുധൻ ചെറിയ ഗ്രഹമാകയാലും അവന്നു വക്രത്തിലുള്ള പൊലെ പ്രകാ
ശം ഇല്ലായ്കയാലും സൂക്ഷ്മനോട്ടവും രണ്ടു കുഴലുകൊണ്ടുവല്ലതും കണ്ടുകൂടാ — എങ്കിലും സൂര്യപ്ര
കാശം ഉണ്ട — കുഴൽകൊണ്ടു നോക്കിയാൽ ചന്ദ്രനെപ്പൊലെ ചന്ദ്രക്കലയെന്നപൊലെ വൃ
ദ്ധിക്ഷയങ്ങൾ പക്ഷങ്ങളുള്ളതായി കാണും — ബുധൻ സൂര്യനെ ചുറ്റും ഒരിക്കൽ
ചുറ്റുന്നവർഷം ൮൮ ദിവസത്തിനകം ആകയാൽ ഭൂമിക്കു സൂര്യന്റെ നേരെയും
വരുമ്പോൾ ശുക്ലപക്ഷം ൪൩ ദിവസം കഴിഞ്ഞിട്ടു ഇരുട്ടായ്വരുമ്പോൾ കൃഷ്ണപക്ഷം
അനുഭവിക്കുന്ന ഗ്രഹണം ഉണ്ടാകുന്നത് പൊലെ ബുധന്റെ കറുത്ത വടിവും സൂര്യബിം
ബം ഉണ്ടാകും — അതിനെ പിന്നെ കുഴൽകൊണ്ടു നോക്കിയാൽ കറുത്ത പുള്ളിയായി
സൂര്യബിംബത്തിൽ പ്രവെശിച്ചു കടന്നു വിട്ടു പൊകുന്ന പ്രകാരം കാണും — ൧൮൪൫ ...
(൧൦൧൦ മെടം ൨൫) രാത്രിക്കിൽ ഒരു ബുധഗ്രഹണം ഉണ്ടാകി — ഇനി വരുന്നത് ൧൮൪൮ ...

ന്ന്. ഈ ഉഷ്ണമിതിനാലാകുമത്രെ ബുധൻ സൂൎയ്യബിംബത്തിന്റെ വടക്കെ ഭാഗത്തിൽ
പ്രവെശിച്ചു. ൩. മണിക്കൂറ കഴിഞ്ഞു പുറപ്പെട്ടുവരും. ഇങ്ങിനെയുള്ള ബുധഗ്രഹണങ്ങൾ മെയി നവമ്പ്ര
രെന്ന രണ്ടു മാസങ്ങളിൽ മാത്രമാകുന്നു. ഈ ഗ്രഹത്തിൽ സ്ഥൂലതയും മലകളുടെ ഉയൎച്ചയും
വിശെഷം. ഭൂമിയിലെ മഹാമലയായ ഹിമാലയത്തിന്റെ ൨൭൦൦൦ അടി ഉയരം. ബുധമലക
ളിൽ ചിലതൊ ൫൯൦൦൦ അടിയോളം ഉയരും. ബുധന്റെ വിട്ടം. ൩൧൫൦. കാതം. സൂൎയ്യനിൽനിന്നു ദൂ
രം. ൩൬൦ ലക്ഷം കാതം ആകുന്നു.—

വെള്ളി എന്നും ശുക്രൻ എന്നും പറയുന്ന ഗ്രഹം ൨൨൫ ദിവസത്തിനകം സൂൎയ്യനെ ചുറ്റി ഒ
ന്നു ഒരു സംവത്സരം തികെക്കുന്നു. അതിന്റെ വിട്ടം. ൭൭൫൦. കാതം. സൂൎയ്യനിൽനിന്നുള്ള ദൂ
രം ൬൭൩ ലക്ഷം കാതം ദൂരമാകുന്നു. ഇതു ബുധനെ പൊലെ കറുത്ത വെളുത്ത പക്ഷങ്ങളൊടു കൂടി
യതാകുന്നു. ഭൂമിക്കുള്ളതിനെക്കാൾ സ്ഥൂലതയധികം ഉണ്ടു. മലകൾ ഉയരം ഏറി
യതാകുന്നു. ശുക്രൻ കറുത്ത പക്ഷത്തിലുള്ള സമയം ചിലപ്പോൾ ഗ്രഹണം സംഭവിക്കുന്നു. അ
പ്രകാരം ൧൭൬൯ ക്രിസ്താബ്ദത്തിൽ ജൂൻ മാസത്തിൽ തന്നെ ഉണ്ടായി. ഒ-ഹിയ
തി ദ്വീപിലും മറ്റും അനേകം ജ്യോതിഷക്കാർ അതിനെ നോക്കി ഭൂമിക്കും വെള്ളി
ക്കും സൂൎയ്യനും തങ്ങളിലുള്ള ദൂരങ്ങളെ നിശ്ചയിച്ചിരിക്കുന്നു. അപ്പൊൾ വെള്ളി സൂ
ൎയ്യബിംബത്തിൽ കൂടി കടക്കുന്നതിനു ഏകദേശം ൭ മണിനേരം വെണം. ഈ
ശുക്രഗ്രഹണങ്ങൾ ജൂൻ. ദെശമ്പ്ര എന്ന രണ്ടു മാസങ്ങളിൽ മാത്രം സംഭവിക്കുന്നു. ൧൮൭൪
ദെശമ്പ്ര. ൯. ഒന്നു കാണെണ്ടിയിരിക്കുന്നു. അപ്പൊൾ കീഴ്വശത്തുള്ളവർ നൊക്കി
കൊള്ളട്ടെ—

ഭൂമി എന്നു മൂന്നാമത് ഗ്രഹം ൩൬൫¼ ദിവസത്തിനകം സൂൎയ്യനെ ചുറ്റി നടക്കുന്നു. അ
തിന്റെ വിട്ടം ൨൭൫൨ കാതം. സൂൎയ്യനിൽനിന്നു ദൂരം ൯൩൧ ലക്ഷം കാതം. ഭൂമി മറ്റു
ള്ള സമീപഗ്രഹങ്ങളിൽ പ്രധാനമാകുന്നു. വലിപ്പം കൊണ്ടു മാത്രമല്ല അതിന്നു ചന്ദ്രൻ
എന്നൊരു ഉപഗ്രഹം ഉണ്ടു. ഈ വക ഉപഗ്രഹക്കാരൻ ബുധൻ വെള്ളി ചൊവ്വ എന്നിവ
റ്റിന്നുള്ളതായി അറിയുന്നില്ല. മറ്റുള്ള ഭൂമിവിശേഷങ്ങളെ താഴെ പറയുന്നു. അ
തിൽ മനുഷ്യൻ എന്ന ഭൂമിവാസി ശ്രേഷ്ഠപ്രാണിയാകുന്നില്ലാ. ശേഷം ഗ്രഹങ്ങളി
ലും അപ്രകാരം വാസികൾ ഉണ്ടാകുന്നു എങ്ങിനെ എന്നു ബുദ്ധിമാന്മാർ സൂക്ഷിച്ചു വിചാരി
ക്കാതെ എന്നിപ്പൊൾ കാണുമാകുന്നു എന്നു അത്രെ അറിയാം.—

ചൊവ്വെക്കുസ്ത്രീക്കുതിൽനിന്നു ൧൪൯൯ ലക്ഷം കാതം ദൂരമാകയാൽ ശീതംവർദ്ധിച്ചു വരുന്നു
തിന്നൊരു മേലൊട്ടുതെക്കുവടക്കെത്തിട്ടിരിക്കുന്നു-ആയതു കാണ്മാൻ ചുവന്ന മുഖം കാട്ടുന്നു-
അംഗാരകൻ എന്ന പെരും ഉണ്ടായിരിക്കുന്നു സൂൎയ്യനെ ചുറ്റിസഞ്ചരിച്ചു തിരിഞ്ഞുവരു
ചൊവ്വെക്കു ൬൮൭ ദിവസം വെണം-അതിന്റെ വിസ്താരം ഭൂമിയിലും ചെറുതായി
ട്ടും മറഞ്ഞുനില്പതിൽകാണിക്കുന്നു-അതിന്റെ വട്ടം ൪൨൦൦. കാതം ആകുന്നു-ഇങ്ങി
നെസൂൎയ്യന്റെ സമീപസ്ഥഗ്രഹങ്ങളാകുന്നതിന്റെ അവസ്ഥ ആകുന്നു—

കേരളപഴമ

൧., കബ്രാൽ കൊച്ചിക്കു വന്ന പ്രകാരം

കോഴിക്കോട്ടുവിട്ടുപോയ ശേഷം ൧൫൦൦ ദശമ്പ്ര. ൨൪-വരെ തികച്ചു കൊച്ചിക്കൽ എ
ത്തിനങ്കൂരമിട്ടു-കപ്പിത്താൻ മുമ്പെ ഒരു കൊച്ചിക്കാരൻ വെടിവെച്ചു മരിച്ചുപോകെ
ണ്ടു വെള്ളക്കാരെ തിരക്കുവാൻ കരയൊരുകിച്ചു മിക്കയെൽ എന്ന യൊഗിയായിട്ടുള്ള-
ആയവൻ കോഴിക്കോട്ടുനിന്നു യാത്രയിൽ എന്തിനായപ്പോൾ പാതിരിമാരെ
കണ്ടുപൊൎത്തുഗാലെക്കു പൊണം എന്നു വിചാരിച്ചപ്പോൾ സ്നാനം ചെയ്തു തെക്കെപൊ
ൎത്തുഗാലിൽ പൊകിക്കൂടാ എന്നു കെട്ടുസ്നാനം ഏറ്റു തൊപ്പിയിട്ടു കപ്പലിൽ പാൎത്തുവന്നു-
കപ്പിത്താൻ നിയൊഗിച്ചപ്രകാരം മിക്കയെൽ കരെക്കിറങ്ങി ഉണ്ണിരാമകോവിൽ തി
രുമുല്പാടു എന്ന കൊച്ചിരാജാവെ ചെന്നു കണ്ടു കോഴിക്കോട്ടിലെ വൎത്തമാനം അറിയി
ച്ചു-ഇവിടെ ൪-കപ്പൽ ചരക്കു കയറ്റുവാൻ സമ്മതിക്കുമോ എന്നു ചോദിച്ചു-ആയതിന്നു
രാജാവ് സന്തോഷത്തോടെ അനുവാദം കൊടുത്തു-ഇറവരുന്നവരുടെ വിശ്വാസം കൂട്ടാനാ
യിട്ടും ചെട്ടികളെ ജാമ്യം-അവരുടെ ഉണ്ടാക്കി ഒന്നു താമൂതിരിയുടെ കോവിലകത്തുനിന്നു ഒരു
നായരെ കൊന്നശെഷം ആയവൻ കൊച്ചിയിൽ വീണതിനാൽ രാജാവ് താൻ ബദ്ധപ്പെട്ടു അര
മനയെവിട്ടു കറക്കുന്നവരെ പൊകിക്കുന്നു എന്നും മറ്റും ചൊല്ലി വറ്റിക്കുന്ന ബൊധത്തെ
സമ്മതിച്ചു-അതിന്റെ കാരണം അന്നുവെറുപ്പാടു സ്വരൂപം താമൂതിരിയുടെ മേൽ
കോയ്മ കൈക്കൊണ്ടു പൊൎത്തുഗൽ കൊണ്ടു കൊച്ചിയിൽ കച്ചവടം ചെയ്തുപൊന്നതു കൊണ്ടു
ആയതുവിട്ടു താൻ കോഴിക്കോട്ടു അകന്നു എന്നു കല്പിച്ചു പൊൎത്തുഗൽ കൂടെ ഉണ്ടാകുന്ന
തികച്ചെച്ചൊനകമാപ്പിള്ളമാർക്കു ചെൎക്കുന്ന കോവിൽ കൊച്ചിയിൽ കച്ചവടം ചെയ്യുന്ന
മുമ്പിലെ തുരുക്കുമിരി താമൂതിരിക്കു ഒന്നുണ്ടായിരുന്നവരെ പിടിക്കുന്നത് കാരണം

തൊമ്മാശ്ലീഹയുടെ കല്ലറ ദ്രവ്യശ്രുതം തൊമ്മാശ്ലീഹാ നാട്ടുവഴി വെക്കുമ്പൊൾ കൊച്ചിയിൽ ചെന്നു പെരിമ്പടപ്പിലെ നായകന്മാരെ കണ്ടു നിൎബ്ബന്ധിച്ചു വടക്കു കൂട്ടി കൊണ്ടുപൊകും തുമ്മനസ്സിൽ തൊന്നിയാൽ തമ്പുരാനെ മാറ്റുകയും ചെയ്യും — ൟവകെക്കതിരാം വരുത്തുവാൻ ഉത്തമനെ സമയം എന്നു വെച്ചു പെരിമ്പടപ്പു പറങ്കികളൊടു മമത പറഞ്ഞു അവരെ ആസ്ഥാനമണ്ഡപത്തിൽ വരുത്തി ദ്രവ്യം ഒട്ടം ഇല്ലാക്കയാൽ അവൎക്കായി വെച്ചു വവിഷം വെള്ളി സ്വൎണ്ണങ്ങൾ മുതലായത് വളരെ എടുത്തിട്ടു സന്തൊഷിച്ചു വാങ്ങികൊണ്ടു കിത്രമായാൽ കൊച്ചിയിൽ നിത്യം പടുത്തു കച്ചവടം ചെയ്തു പൊരാം പറങ്കിചാരകന്മാർ ഉള്ളവരുമായി വളരെ ഉണ്ടാക്കിയാൽ അവിടെക്കും കൊടുങ്ങല്ലൂരിലും ൧൦. ദിവസത്തിന്നകം കപ്പലുകൾ വിടിപ്പിക്കുവാൻ തുടങ്ങിയിരിക്കുന്നു —

൩. നസ്രാണികളൊടുകൂടെ പൊൎത്തുഗാലിൽ പൊയ പ്രകാരം

കൊടുങ്ങല്ലൂരിൽ തന്നെ വാഴുമ്പൊൾ യൊസെഫ മത്തായി ഇങ്ങിനെ നസ്രാണികൾ വന്നു കപ്പിത്താനെ കണ്ടു ഞങ്ങൾ ഒന്നാം ക്രിസ്തുവിശ്വാസികൾ നിങ്ങളുടെ കപ്പലിൽ കയറി യുരൊപ മുതലായ ദെശങ്ങളെ കണ്ടു ഒടുക്കത്തിൽ (യരുശലെമിൽ) യാത്ര ആവാൻ മനസ്സുണ്ടെന്നു പറഞ്ഞു — കപ്പിത്താൻ വിവരം ചൊദിച്ചപ്പൊൾ അവർ തങ്ങളുടെ പഴമ എല്ലാം പറഞ്ഞു തൊമ്മാശ്ലീഹാ ൟ രാജ്യത്തിൽ വന്നു പള്ളികൾ ഉണ്ടാക്കി ഇരിക്കുന്നു എന്നു കേട്ടിരിക്കുന്നു — പള്ളിയിൽ ഞങ്ങൾക്ക് ബിംബം ഇല്ല ക്രൂശ ഉള്ളു — ഇപ്പൊൾ നമ്മെ മെത്രാന്മാരെ അയക്കുന്നത് ബാബിലിൽ കാതൊലിക്കൊസ്സ തന്നെ — പട്ടക്കാൎക്കു കൂട്ടമതന്നെ പടം ആകുന്നു — കുട്ടികൾക്ക് സ്നാനം ചെയ്യുന്നതിന്നു ൪൦ ആം നാൾ വെണം മകളെൽ എട്ടാം ദിവസത്തിൽ പുലരിക്കും നൊമ്പു വളരെ ഉണ്ടു — ഒന്നാം കുലാക്കിൽ തൊമ്മാശ്ലീഹായുടെ ഉത്സവം പ്രധാനം — വെദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെ ഉണ്ടു — ഞങ്ങളുടെ പ്രിയസാൎത്ഥം തന്നൊടു കൂടി കുട്ടികളെയും പഠിപ്പിക്കുന്നു — ൟ കൊടുങ്ങല്ലൂരിൽ തന്നെ ഞങ്ങൾക്കു കുടിയിരിക്കുന്നു — യഹൂദരും മിസ്രവാസികളും മുതലായ കച്ചവടക്കാരും ഉണ്ടു ഞങ്ങൾക്കും കച്ചവടം തന്നെ വൃത്തി ആകുന്നു തങ്ങൾ വന്ന കൊടുങ്ങല്ലൂർ രാജാവിന്നു കാഴ്ച കൊടുക്കുന്നു — എന്നിങ്ങിനെ ഉള്ള വൃത്താന്തം എല്ലാം കെട്ടാറെ കാബ്രാൽ സന്തൊഷിച്ചു അവരെ കൂട്ടി കൊണ്ടുപൊവാൻ നിശ്ചയിക്കയും ചെയ്തു —

F Müller. Editor.

നമ്പ്ര ഒന്നിന്നു | പശ്ചിമോദയം | ഒരു ചെമ്പ്സ്സവില

൩ാം നമ്പ്ര | തലശ്ശേരി | ൧൮൭൯ മാൎച്ച

ഭൂമിശാസ്ത്രം (തുടൎച്ച)

ഭാരതഖണ്ഡം

൩. ചരിത്രസംക്ഷേപം

നിത്യശാസ്ത്രങ്ങളിൽ രാജ്യചരിത്രം ഒന്നും ശുദ്ധമാക്കി കാണായ്കകൊണ്ടു ഭാരതഖണ്ഡത്തിലെ പൂൎവ്വരാജ്യവ്യവസ്ഥയെ നിശ്ചയമാക്കി അറിവാൻ പാടില്ല ഋഗ്വേദത്തിലും മനുസ്മൃതിയിലും രാമായണം മുതലായ ശാസ്ത്രങ്ങളിലും പുരാണങ്ങളിലും പണ്ടു ഭാരതഖണ്ഡത്തിൽ പല രാജ്യങ്ങളുണ്ടായ പ്രകാരവും രാജാക്കന്മാർ ഇത്രം തമ്മിൽ കലഹിച്ചു യുദ്ധം ചെയ്ത പ്രകാരവും മറ്റും കാണുന്നുണ്ടു–

യവനരാജാവായ അലക്ഷന്തർ സൈന്യങ്ങളോടും കൂടി യുരോപയിൽനിന്നു പുറപ്പെട്ടു പടിഞ്ഞാറെ ആസ്യയിലെ പാൎസിരാജ്യം പിടിച്ചടക്കി ൩൨൬-ക്രി-മു. സിന്ധുനദിയെ കടന്നു ഭാരതഖണ്ഡത്തിലും ചില രാജ്യങ്ങളെ സ്വാധീനമാക്കി ഒരൊരൊ പുതുച്ച്യവസ്ഥകളെയും കല്പിച്ചു പല പട്ടണങ്ങളെയും പണിയിച്ചു സൈന്യങ്ങളുടെ മത്സരം നിമിത്തം പടിഞ്ഞാറോട്ടു മടങ്ങിപ്പോകയും ചെയ്തു– ചില വൎഷം കഴിഞ്ഞു അലക്ഷന്തർ മരിച്ചശേഷം താനടക്കിയ രാജ്യം നാലംശങ്ങളാക്കി ഖണ്ഡിച്ചു പോകയിരിക്കെ ഗന്ധാരത്തിൽ പാൎത്തുവരുന്ന സെലൂക്കസ് എന്നവൻ ഭാരതഖണ്ഡത്തോളം വന്നു സിന്ധുശതദ്രുനദികളെ കടന്നു ചന്ദ്രഗുപ്തരാജാവോടു പൊരുതു സന്ധിച്ചു ബോധവം തിരിച്ചു മടങ്ങിപ്പോകയും ചെയ്തു അനന്തരം പാൎത്ഥരാജാക്കന്മാർ ഭാരതഖണ്ഡത്തിലെ യവനാധികാരം മുടിച്ചു കളഞ്ഞു ൧൩൬-ക്രി. മു. വടക്കെ ആസ്യയിൽനിന്നു വന്ന ശകന്മാർ അതിക്രമിക്കയാലും വാണു കൊണ്ടിരുന്നു ശകന്മാരുടെ അവസ്ഥ ഇത്രവരെയും തെളിഞ്ഞുവന്നില്ല അവൎക്കു ഒടുക്കം ൫൭ാം. സംവത്സരം പഞ്ചനദത്തിൽ ബൃഹസ്ഥലരാജാവായി വാണതിന്റെ ശേഷം വിക്രമാദിത്യരാജാവു അവരെ ജയിച്ചു രാജ്യത്തിൽനിന്നു പുറത്താക്കിക്കളഞ്ഞു അവന്റെ മരണം മുതൽ ഏകദേശം ൧൦൦൦ ക്രി-അബ്ദത്തോളം ഭാരതഖണ്ഡത്തിന്റെ ചരിത്രം സ്പഷ്ടമാക്കി അറിവാൻ പാടില്ലാഞ്ഞു ക്രി

അനന്തരം മുസല്മാന്മാർ പടിഞ്ഞാറെ നിന്നു വന്നു സിന്ധുവെ കടന്നു മുല്താൻ ദെശം പിടി
ച്ചടക്കിയതു കൂടാതെ ൭൧൦ ക്രി. അ. ഹിന്തുസ്ഥാനികൾ മതസഹിച്ചവരെ നാട്ടിൽ നിന്നു ആട്ടി
ക്കളഞ്ഞു ൧൦൦൦ ക്രി. അബ്ദത്തോളം ഹിന്തുരാജാക്കന്മാർ തന്നെ അരസാളിച്ചു പാർത്തു എ
ന്നുമെന്നറിയുന്നുള്ളു —

ഏകദെശം ൧൦൦൧ ക്രി. അ. ഗസ്നിയിലെ സുല്ത്താനായ മഹ്മൂദ് ഭാരതഖണ്ഡം
പിടിച്ചടക്കുവാൻ വിചാരിച്ചു സന്നാഹങ്ങളോടും കൂടെ പുറപ്പെട്ടു ൧൭ വട്ടം സിന്ധുന
ദിയെ കടന്നു പടിഞ്ഞാറെ രാജ്യങ്ങളെ ആക്രമിച്ചു കൊള്ളയിട്ടു നാട്ടുകാരെയും
ക്ഷെത്രങ്ങളെയും കൊള്ളയിട്ടു ബിംബങ്ങളെ തകർത്തു ഡില്ലി നഗരവും പിടിച്ചു അസം
ഖ്യം ദ്രവ്യരത്നങ്ങളെയും കൈക്കലാക്കി കൊണ്ടുപോകയും ചെയ്തു അന
ന്തരം മുസല്മാൻ രാജാക്കന്മാർ ഒരൊരൊ സമയം ഹിന്തുദെശത്തിൽ വന്നു പലയുദ്ധം
ചെയ്തു അവരിൽ കുത്തുബുദ്ദീൻ എന്നൊരുവൻ ൧൧൯൩ ക്രി. അ. ഡില്ലി നഗരം പിടിച്ചു
ഭാരതഖണ്ഡത്തിലെ വടക്കു പടിഞ്ഞാറെ ദെശങ്ങളെ സ്വവശത്താക്കി മഹാ പട്ടാണി
രാജ്യം സ്ഥാപിക്കയും ചെയ്തു — അനന്തരം പട്ടാണി രാജാക്കന്മാർ വാഴും കാലം ൧൨൧൯
ക്രി. അ. ജെങ്കിസ്ഖാനും ൧൩൯൮ ക്രി. അ. തിമൂർലെങ്ങും എന്ന മുഗൾ രാജാക്കന്മാർ
ഉത്തരവശം തന്നെ ഈ ദെശത്തിൽ വന്നു ഘൊരയുദ്ധങ്ങളെ നടത്തി പട്ടാ
ണികളെയും ഹിന്തുക്കളെയും അത്യന്തം പീഡിപ്പിച്ചു ൧൫൨൬ ക്രി. അ. തിമൂറിന്റെ
വംശ്യനായ ബാബർ ഇബ്രാഹിം ലൊദി എന്ന പട്ടാണി രാജാവെ ജയിച്ചു ഒരൊരൊ
ദെശങ്ങളെ പിടിച്ചടക്കി ഒന്നാം മുഗൾ രാജാവായി വാഴുകയും ചെയ്തു — അപ്പൊൾ രാ
ജ്യം ഏറ്റം പരിച്ചു ബാബറിന്റെ അനന്തരവന്മാർ മദ്ധ്യഖണ്ഡത്തിലെ ദെശങ്ങ
ളെ സ്വവശത്താക്കി കൊണ്ടശെഷം അക്ബർ പാദിശാ മഹാരാജ്യത്തെ ലാഹൊർ-
മുല്ത്താൻ- അജ്മീർ- ഡില്ലി- ആഗ്ര- അലഹബാദ്- ബെഹാർ- അയൊ
ദ്ധ്യ- ബങ്കാളം- മാള്വം- ഗുജ്ജരം എന്ന ൧൨ അംശങ്ങളാക്കി ഖണ്ഡിച്ചു ഒരൊരൊ
നവാബെ ഭരിപ്പിച്ചുവാണു സിന്ധുനദിക്കു പടിഞ്ഞാറെ വക്കത്തുള്ള നാട്ടുകളെ
യും ഖണ്ഡെശ്- വിരാടം- അഹമ്മദ്നഗരം എന്ന ദക്ഷിണഖണ്ഡത്തിലെ ദെശങ്ങ
ളെയും സ്വാധീനമാക്കി മഹാരാജ്യത്തൊടു ചെർത്തു എങ്കിലും മുസല്മാന്മാർ ദക്ഷിണ
ഖണ്ഡത്തിൽ ഒരൊരൊ ചെറു രാജ്യങ്ങളെയും ഉണ്ടാക്കി ബീജാപുരും ഡില്ലി പാദിശാവെ

അനുസരിച്ചു നടക്കയും ചെയ്യുന്ന സ്ത്രീയുടെ പ്രവൃത്തിനാൽ ഔരങ്ങസേബ് പാദുഷ
കാലം ൧൬൫൮ - ൧൭൦൭ ക്രി. അ. മുഗിളരാജ്യവിസ്താരവും മഹത്വവും അറ്റത്തിൽ
എത്തി ആ ഔരങ്ങസേബിൻ്റെ അനന്തരവന്മാർ നിസ്സാരന്മാരാകകൊണ്ടും പാരസി രാജാവാ
യ നാദിർശാ ൧൭൩൯ ക്രി. അ. രാജ്യം അതിക്രമിച്ചു കൊള്ളയിട്ടതല്ലാതെ ഒരൊരൊ അംശത്തിലെ
നവാബുകളും മത്സരിച്ചു തങ്ങൾക്കു കിട്ടിയ വാഴ്ചകളെ സ്വതന്ത്രമാക്കുകകൊണ്ടു മഹാരാജ്യം ഇ
മ്മാതിരി ക്ഷയിച്ചു ഡില്ലിപട്ടണവും അതിൻ്റെ ചുറ്റുമുള്ള ചെറിയ ദേശവും മാത്രമെ
മുഗിൾ വംശ്യന്മാർക്കു ശേഷിച്ചുള്ളു-

ഭാരതഖണ്ഡം ആക്രമിച്ചു പല വാഴ്ചകളെ ഉണ്ടാക്കിച്ച വെള്ളക്കാരിൽ ഒന്നാമത്തവർ
പൊർത്തുഗീസർ തന്നെ ൧൪൯൮ ക്രി. അ. ഗാമ കപ്പിത്താൻ കെപ്പ് വഴിയായി കപ്പൽ
ഓടിച്ചു ഹിന്തു ദേശം കണ്ടു കോഴിക്കോട്ടു എത്തിയ സമയം മുതൽ വർഷം തോറും അവ
രിൽ ചില കപ്പലുകളെ അയച്ചു മുളകു മുതലായ ചരക്കുകളെ വാങ്ങി മുസല്മാ
ന്മാരുടെ കപ്പലോട്ടത്തെ മുടിച്ചു കൊണ്ടു മലയാളത്തമ്പ്രാക്കന്മാരുടെ കാലത്തിൽ അ
ല്മെയ്ത-അല്ബുക്കെർക്ക് മുതലായ ശൂരന്മാരെ അയച്ചു ഗോവ-കൊച്ചി മുതലായ കോട്ട
കളെയും ദേശങ്ങളെയും പിടിച്ചടക്കി സൂറത്തി പട്ടണം മുതൽ ബെങ്കാള ദേശത്തോളം
കടപ്പുറങ്ങളിലും പട്ടണങ്ങളിലും തുറമുഖങ്ങളിലും പാണ്ടിശാലകളിലും വസിച്ചു വട
ക്കിൻ്റെ ആധിപത്യവും അനന്തലാഭങ്ങളും അനുഭവിച്ചു വാഴ്കയും ചെയ്തശേഷ
ന്തരം ഹൊല്ലന്തക്കാർ പുതിയ കപ്പൽ വഴിയായി ഹിന്തു ദേശത്തിൽ എത്തി യുദ്ധം
കഴിച്ചു പൊർത്തുഗീസരെ ജയിച്ചു ഒരൊ നാട്ടിൽ നിന്നും കൊട്ടകളിൽനിന്നും പുറത്താ
ക്കി കലഹം നടത്തുകകൊണ്ടു പൊർത്തുഗീസർക്ക് ഗോവ പട്ടണവും നാട്ടും ഒഴികെ
മുമ്പെത്ത വാഴ്ചകൾ എല്ലാം നഷ്ടമായിപ്പോയി എങ്കിലും ഹൊല്ലന്തക്കാർക്കും ഹിന്തു
ദേശത്തിൽ ഒരു സ്ഥിരവാഴ്ച ഉണ്ടായില്ല ഇങ്കിലിഷ്ക്കാരും ഫ്രഞ്ചിക്കാരും വന്ന അവ
രുടെ മാഹാത്മ്യം തീരുക്കികളഞ്ഞു അനന്തരം ആ രണ്ടു വകക്കാർക്ക് ഭാരത ഖണ്ഡ
ത്തിൻ്റെ ഫലങ്ങളെ കിട്ടുകകൊണ്ടു അനേക യുദ്ധങ്ങൾ ഉണ്ടായപ്പോൾ ഇങ്കിലിഷ്ക്കാർ ബെങ്കാള
ത്തെ ജയിച്ചടക്കി-൧൭൫൭ാമതിൽ-ഹൈദരാലി ടിപ്പുസുല്ത്താൻ എന്ന മൈസൂര
രാജാക്കന്മാർ ഇരുവരും ഫ്രഞ്ചിക്കാരുടെ സഹായം പ്രാപിച്ചു ഇങ്കിലിഷ്ക്കാരെ പുറത്താക്കുവാൻ അ
ത്യന്തം ഉരത്തൊട്ടു അദ്ധ്വാനം കഴിച്ചു എങ്കിലും തൊറ്റു തങ്ങളുടെ രാജ്യവും ശ്രീരം

ഗപട്ടണം എന്ന രാജധാനിയും ഇങ്ക്ലിഷ്കാരുടെ കൈക്കലാക്കി വശീകരിക്കയും ചെയ്തു ൧൭൯൯ാ
മതിൽ- അന്നു മുതൽ യുരോപരാജാക്കന്മാർ ആരും ഈ ഖണ്ഡത്തിലെ ഇങ്ക്ലിഷ്കാരു
ടനായിട്ടും കരെച്ചുപൊവാൻ തുനിഞ്ഞില്ല ഹിന്തുരാജാക്കന്മാർ പലദിക്കിൽനിന്നും സ
ന്ധിച്ചു സൈന്യങ്ങളെ കൂട്ടി യുദ്ധം ചെയ്തെങ്കിലും ക്രമത്താലെ എല്ലാവരും അധീനരാ
രായി അനുസരിക്കേണ്ടി വന്നു മഹാരാഷ്ട്രഹുലിംഗത്തൊവ മുതലായ ദേശങ്ങളിലെ പ്ര
ഭുവൊൽ ദീനസ്വാമികൾ അല്ലാതെ ഹിന്തുദേശം മുഴുവനും ഇങ്ക്ലിഷ്കാരുടെ ശാസന
യെ അനുസരിച്ചു കുമ്പഞ്ഞി സൎക്കാരുടെ അധികാരത്തിൽ ഉൾപ്പെട്ടു നടന്നുവരുന്നു—

൧൦. ഭാരതഖണ്ഡവിഭാഗം-

ഭാരതഖണ്ഡം ഉയരവും ദേശവും കൊണ്ടു ഉത്തരമദ്ധ്യദക്ഷിണദേശസ്വരൂപമായ മൂ
ന്നു വലിയ ഖണ്ഡങ്ങളാക്കി ഭേദിച്ചുകിടക്കുന്നു എന്നു മുമ്പെ പറഞ്ഞുവല്ലൊ. ഉത്തരഖ
ണ്ഡമാകുന്ന ഹിമാലയപ്രദേശത്തിന്റെ വിസ്താരം ൪൦൦൦൦ ചതുരശ്രയൊജന. സിന്ധു
നദി ഒഴുകുന്ന താണനാടും സൈന്ധവമരുഭൂമിയും കച്ഛം ഗുജരാത്തും ഗംഗാ ബ്രഹ്മ
പുത്രാനദികൾ ഒഴുകുന്ന കീഴ്നാടും മറ്റും മദ്ധ്യഖണ്ഡത്തിൽ അടങ്ങിയിരിക്കുന്നു അതി
ന്റെ വിസ്താരം ൬൨൦൦൦ ചതുരശ്രയൊജന. വിന്ധ്യപൎവ്വതം നൎമ്മദാമുതലായ നദികളുടെ ഉറവു
ഭൂമികളിൽനിന്നു കന്യാകുമാരിക്കൊളം വരെ നീണ്ടുകിടക്കുന്ന ദക്ഷിണഖണ്ഡത്തിന്റെ
യും അതിനു സമീപിച്ചുള്ള ലങ്കാദ്വീപിന്റെയും വിസ്താരം ൩൨൦൦൦ ചതുരശ്രയൊജ
ന. ഈ മൂന്നു ഖണ്ഡങ്ങളുടെ അവസ്ഥ അറിവാന്തക്കവണ്ണം ഓരോന്ന വെവ്വെറെ വി
വരിച്ചുപറയുന്നത് അത്യാവശ്യം തന്നെ

കേരളപഴമ

൫൦, വൈവകാസ്ത്രിത്താൻ കൊഴിക്കോട്ടും കൊച്ചിക്കിലും ആവരിച്ചതു–
കാബ്രാൽ* കണ്ണനൂരിൽ ചരക്കുകരെറ്റി പോൎത്തുഗാലിൽ എത്തി ൧൫൦൧ാം കാൎത്തി

* അവൻ കൂട്ടികൊണ്ടുപോയ രണ്ടു നസ്രാണികളിൽ ഒരുവൻ ലിസ്ബോൻനഗരത്തി
ൽ വെച്ചു മരിച്ചു- മറ്റെവൻ യുരൊപക്കിൽ പാൎത്തു പലദിക്കിലും സഞ്ചരിച്ചു രൊമ
പുരിയെയും കണ്ടു ഹിന്തുവൎത്തമാനങ്ങളെ അറിയിപ്പാൻ ഒരു ചെറിയ പുസ്തകം തീൎത്തു
അതിൽ പറഞ്ഞ ശേഷങ്ങളിൽ ഒന്നത്രെ—

വന്ന മഹാമീനത്തിൽനിന്നു കപ്പൽ മലക്കാ ഒക്കിൽനിന്നും വരുവാറുണ്ടു അപ്പോൾ ...

ഞാറെന്നൊരു കപ്പിത്താൻ ൪ കപ്പലൊടുംകൂട കണ്ണനൂരിൽ വന്നെത്തിയപ്പൊൾ കൊല ത്തിരി കെട്ടിച്ച രണ്ടുപറങ്കി കൊഴിക്കൊട്ടിന്ന വന്ന വസ്തുത പറഞ്ഞാറെ- നൊവ്വട നെതൈക്കൊട്ടയടി കൊഴിക്കൊട്ടിൽ കണ്ട കപ്പൽ വെടിവെച്ചു തകർത്തു വെളിവാട പ്പിടിക്കയും ചെയ്തു- കബ്രാൽ എന്ന നായന്മാരെ കപ്പൽ കൂടാതെ കൊടുത്തിരിക്കാ ഞ്ഞപൊയത്രനന്നല്ല എന്നെ തമ്പുരാൻ ശാസിച്ചു പറഞ്ഞിട്ടും പൊർത്തുഗാലിൽ വരുത്താനെ സ്നെഹം കാണിച്ചു- മാപ്പിള്ളമാർക്കും പറങ്കികൾ വാഴുന്ന നാട്ടിൽ ചില കൊടുത്തപ്പൊൾ ജൂവ ഏറവൽ കൊച്ചിലകത്ത കിടന്ന രണ്ടെങ്ങനെ പകൽ കാലത്തനായകന്മാർ ചങ്ങാ തം തടത്തിനം എന്ന കല്പിച്ചു അതിവിസ്താരം നന്നെ ചെയ്തു- ഒരൊരൊ കാര്യങ്ങ ളൊരൊക്കെ കൊണ്ടും വിചാരിച്ചു രക്ഷകൾ മാപ്പിള്ളമാർക്കും ഉടക്കൊക്കെ കൊണ്ടും കൊലത്തിരി മൂത്തതിന്ന കൈകൈയെറ്റു കപ്പൽ തിരെച്ചു ന പറങ്കികളെ കണ്ണനൂർകൊണ്ടു വടത്തിനാക്കി പാർപ്പിക്കയും ചെയ്തു- ഈ സഹായത്താൽ നൊവ പണിക്കെല്ലാം വെ ഗം തിരിച്ചു കൊഴിക്കൊട്ട കപ്പലുമായിട്ടെല്ലാം പട വെടി പൊർത്തുഗാലിലെക്ക് മടങ്ങി പൊകയും ചെയ്തു- വഴിക്കിൽ വെച്ചു അവൻ ഹെലെന ദ്വീപു കണ്ടു വെള്ളം കയറ്റി ശെഷം ഇന്ത്യക്കപ്പല്ക്കൂട്ടം അന്നുമുതൽ യാത്രയിൽ ആശ്വസിക്കെണ്ടതിന്നു ദ്വീ പിൽ തന്നെ ഇറങ്ങി കൊള്ളുന്ന മര്യാദ കൂടെയായി-

൬൯. ഗാമ രണ്ടാമത് മലയാളത്തിൽ വന്ന പ്രകാരം

ഈ വർത്തമാനങ്ങളെ എല്ലാം മനുവെൽ രാജാവും മന്ത്രികളും വിചാരിച്ചു കൊഴിക്കൊ ട്ടുരാജാവെ ശിക്ഷിക്കെണം കപ്പൽ പലതിന്നും യാത്രയാക്കെണം എങ്കിലും ഇസ്ലാമിന്ന കടൽ വാഴ്ച ഇനിക്കരുത് സത്യവെദം നടത്തെണം മുതലായതെല്ലാം ഇവി ടന്നിന്നു നിരൂപിച്ചു ലാഭം അത്യന്തം വർദ്ധിക്കും എന്നു വെച്ചു ഗാമകപ്പിത്താനെ ൨൦ കപ്പ ലും ഹിന്തുസമുദ്രപതി എന്ന സ്ഥാനവും കൊടുത്തു (൧൫൦൨) മലയാളത്തിലെക്ക് അ നന്തിൽ ഉള്ളതതിസാസഭക്കാർ വട്ടുത്തപനാഗം രെറായം കാസ്റ്റിന്മുതലായ ത് കൊണ്ടുവന്നു ഇവിടെ ഇറക്കി വ്യാപാരം ചെയ്യും എങ്കിലും താമസിച്ചു ചൊനക മാപ്പിള്ളമാരെ ഞെരുക്കിച്ചു അവർക്കു ഭയം കാട്ടിയപ്പൊൾ അവർ നല്ലൂരം എടുത്തു പൊകിക്കുകയും കാലം കഴിഞ്ഞാറെ പിന്നെയും സന്നാഹങ്ങളെപ്പെട്ടുകൂടാ ന്നു കൊഴിക്കൊട്ടിൽ വന്ന നാശം ചെയ്തു- അന്നുമുതൽ അവർ ഇങ്ങൊട്ടു മട ങ്ങി വന്നില്ല ചൊഴമണ്ഡലത്തിൽ മയിലാപ്പൂരിലെ തൊമ്മാശ്ലീഹയിൽ കപ്പൽ ഒട്ടകെ കൊള്ളുക-

യൊഗിച്ചു വിട്ടുകാൎയ്യം ചെയ്തു — അവൻ എതിരായെക്ക സമ്മതിച്ചാറെ കപ്പലെല്ലാം തെ
ങ്ങിൽ കാണുന്നെടത്തൊളവും അരകാതം ഒടിച്ചു വലകൊണ്ടന്ന വെലെക്കണ്ണുങ്ങൾ ഘടക
കളെയിട്ടു കൊഴിക്കൊട്ടിൽനിന്നുള്ള വഴിപ്പൊൻ കല്പിച്ചു — അല്ലും കറയൊടിയാറെ
മക്കത്തുനിന്നു വരുന്ന വലിയ കപ്പൽ കണ്ടു — അതിൽ ൩൦൦ മിലാനം ഹജ്ജികൾ ഉണ്ടു
ആയവർ ആവതില്ല എന്നു കണ്ടപ്പൊൾ ജീവരക്ഷെക്കു വെണ്ടി പൊന്നും കപ്പലും മറ്റും
പറഞ്ഞു കൊടുത്തു — എന്നതു കെട്ടാറെയും ഗാമ പൊരാ എന്നു കല്പിച്ചപ്പൊൾ എല്ലാവ
ൎക്കുള്ള മാലും ധനം എറിയ ജൊവാർ ഫക്കി ഞാൻ മിസ്രസുല്ത്താൻ കൊഴിക്കൊട്ടു
ചാൎച്ചത്തനാകുന്നു ഏല്പെൾ എന്നെ വിട്ടാൽ ഞാൻ ൪൦ ദിവസത്തിന്നകം ൪൦ കപ്പൽ കൊള്ളു
ന്ന ചരക്കെല്ലാം വകെക്കു കുറവു കൂടാതെ കയറ്റി കൊടുക്കാം താമൂതിരിയൊടു ഇണ
ക്കവും വരുത്താം എന്നു ബൊധിച്ചിട്ടും വ്യൎത്ഥമായി — ഗാമ കപ്പലിലുള്ള പൊന്നും ആയുധ
ങ്ങളും മുതലാക്കി എടുത്തു പിന്നെ പൈശാചപ്രകാരം ൨൦ മാപ്പിളക്കുട്ടികളെ ബെലെമ്പ
ള്ളിയിൽ സന്ന്യാസികളാക്കി വളൎത്തെണ്ടതിന്നു തെരിഞ്ഞെടുത്തു ഹജ്ജികളെ കപ്പ
ലിന്റെ ഉള്ളിൽ അടെച്ചു തീ കൊടുക്കയും ചെയ്തു — പ്രാണഭയത്താൽ അവർ പി
ന്നെയും കയറി വന്നു കപ്പലിന്റെ അടിയിലുള്ള കല്ലുകളെ എറിഞ്ഞു തുടങ്ങും കൊ
ള്ളി കൊടുത്തപ്പൊൾ സ്ത്രീകൾ കരഞ്ഞു നിലവിളിച്ചു പൊന്നും രത്നങ്ങളും കുഞ്ഞിക്കു
ട്ടികളെയും പൊക്കിച്ചു കാട്ടി കരുണ അപെക്ഷിച്ചതു ക്രൂരസമുദ്രപതി ചെവിക്കൊണ്ടി
ല്ല — ഇരുട്ടായാറെ പൊൎത്തുഗാൽ കപ്പലുകൾ ൪ം ആ ഹജ്ജി കപ്പലെ വളഞ്ഞു കൊ
ണ്ടു രാത്രി മുഴുവനും അള്ളാ മുഹമ്മദ എന്നു വിളി കെട്ടുകൊണ്ടു കപ്പല്ക്കാർ പലരും കരുണ
കാട്ടെണം എന്നു വിലാപിച്ചും കൊണ്ടിരുന്നു — വെളുക്കുമ്പൊൾ (൧൫൦൨ ഒക്ത. ൩ി)
പട ൩ രാവും പകലും വിടാതെ നടന്നു — ഒടുവിൽ തീ കൊളുത്തിയാറെ ശെഷിച്ചു
ള്ളവർ ചാടി നീന്തി തൊണികളെ ആക്രമിച്ചു ഒരുത്തനും തെറ്റാതെ പൊരുതി മ
രിക്കയും ചെയ്തു —

ഈ അസുരകൎമ്മം കെട്ടാറെ മലയാളികൾ പറങ്കിനാമവും ക്രിസ്തവെദത്തെയും ഒരു
പൊലെ വെറുത്തു പകെപ്പാൻ തുടങ്ങി — എങ്കിലും ഭയം എറെ വൎദ്ധിച്ചു — കൊലത്തിരി
ഗാമയൊടു സംഭാഷണം ചെയ്വാൻ ൫൦൦ നായന്മാരൊടു കൂട കടപ്പുറത്തു വന്നു ഗാമ ഞാൻ
കൊഴിക്കൊട്ടു പകരം വീട്ടുമ്പൊൾ കാണെണ്ടുക ഇല്ല എന്നു പറഞ്ഞാറെ രാജാവു

ആ പാലം ഉണ്ടാക്കി വിതാനിപ്പിച്ചു സമുദ്രപതിക്കകൈക കൊടുത്തു (ഗുരുത്വം) അ
വൻ പിറ്റെന്നാൾ തന്നെ മടങ്ങിവന്നു കണ്ണനൂർ ത്രാണനെ വിളിച്ചു രാജാവിന്നു മടക്കി
കൊടുത്തു കച്ചവടക്കാൎക്കും വിലക്കും എല്ലാം ക്ഷണത്തിൽ തീർത്തു തരെയെണം എ
ന്ന ബോധിച്ചു- കോലത്തിരി താമസം വിചാരിച്ചാറെ ഗാമ ക്രുദ്ധിച്ചു വാക്കിഷ്ടാനം തുട
ങ്ങി ഇവിടത്തെ മാപ്പിള്ളമാർ ചതിച്ചാൽ ഞാൻ നിങ്ങളോടു ചോദിക്കും എന്നും മറ്റും
പറഞ്ഞുവിട്ടു പിരിഞ്ഞു- രാജാവ് ഗുരുവെ വിശ്വാസിച്ചാറെ കണ്ണനൂരിലുള്ള പറങ്കി
ഗുരുജ്യോത്സ്യവും പറഞ്ഞു വല്ല സങ്കടം വന്നാലും ഞാൻ പോർത്തുഗാൽ രാജാവിന്നു എഴു
തി അറിയിക്കും എന്ന ഒരു ലെഖനത്തിൽ ഗാമയെ ഉണർത്തിപ്പാൻ ബുദ്ധി പറഞ്ഞു-
അപ്രകാരം ചെയ്താറെ ഗാമ കോപത്തെ അല്പം മറെച്ചു തെക്കോട്ടു ഓട്ടകയും ചെ
യ്തു—

൪൨. ഗാമ കൊഴിക്കൊട്ടുരുക്കളിൽ പകവീട്ടിയതു-

ചൊമ്പാലയിലും പന്തലായിനിയിലും ൨൪ തോണിക്കാരും താമൂതിരിക്കെട്ടിച്ച ൨ കപ്പ
ലുകളെയും കൊണ്ടുവന്നു ഗാമയുടെ കയ്യിൽ കൊടുത്തശെഷം അവൻ മാപ്പിള്ളമാർ ൩൦
അവരെയും തൂക്കി കൊല്ലിച്ചു കോഴിക്കോട്ടുരുക്കളിൽ നഗരം ഏറ്റുകയും ചെയ്തു (൧൫
൦൨. ൩൦)- അനന്തരം ഒരു തോണി കരയിൽ നിന്നു വന്നു- അതിൽ ഒരു പാതിരി ഉ
ണ്ടെന്നു തോന്നി- അടുത്തപ്പോൾ മാപ്പിള്ള എന്നു കണ്ടു- അവൻ ഭയം ഹെതുവായിട്ടു
മുമ്പെ കൊലഹത്തിൽ വട്ടപൊയ പാതിരിയുടെ വെഷം ധരിച്ചിട്ടു അടുത്തു വന്നവൻ
കല്പന ബോധിപ്പിച്ചാറെ- താമൂതിരിക്കു സമ്മതം തന്നെ വെണം അന്നു കൊന്നുപൊയ പറ
ങ്കികൾക്ക വെണ്ടുവൊളം പകരം ചെയ്തുവന്നുവല്ലൊ- ഇനി കച്ചവടത്തിന്നു യാതൊരു
തടുത്തവും വരികയില്ല- ഉണ്ടുകഴിഞ്ഞതും വടക്കിൽ വർത്തമാനം ഒന്നുണ്ടാ എന്നും മറ്റും
പറഞ്ഞാറെ- ഗാമ മമതെക്ക ഒരുവഴിയെ ഉള്ളു മുസല്മാനരെ കോഴിക്കോട്ടിന്നു ആ
ട്ടിക്കളകയെ എന്നു ചൊന്നു- അതു കെട്ടാറെ താമൂതിരി നമ്മുടെ പൂർവ്വന്മാർ വളരെ കാ
ലം പൊന്നവരും നമ്മുടെ പടകൾക്ക ഇത്രയും ധനം കൊടുത്തവരും ആകയാൽ
൫൦൦൦ കച്ചവടക്കാരെ വെറുതെ ആട്ടിയാൽ വലിയ അവമാനമല്ലൊ- ഇതല്ലാതെ
ഞാൻ എന്തെങ്കിലും ചെയ്യാം എന്നു അറിവ് വരുത്തിച്ചു ഗാമയുടെ കോപത്തെ ശമിപ്പിപ്പാൻ
പ്രയത്നം കഴിക്കയും ചെയ്തു- അപ്രകാരം മൂന്നു ദിവസം കൊണ്ടു ദൂതൻ വന്നുപൊവാറായ

ശെഷം ഗാമ ക്രൊധപരവശനായി ൫൦ മീൻപിടിക്കാരെ തൊണികളൊടു കൂട പി
ടിപ്പിച്ചു വരുത്തി അടപ്പിച്ചു അവരുടെ തലയെ ഒരു മഞ്ചൽ ഇട്ടു കൊടുത്തു ...
ബൊധം ഈ കടലിൽനിന്നു അതിന്ന മുമ്പെ തീർത്തു ... അവൻ പൊകുന്നതിന്നു
വാനത്തെ കഴച്ചാൽ ... വെഗം പൊ എന്നു കല്പിച്ചു കപ്പൽ എല്ലാം രാത്രിയിൽ കരെ
രക്കടുപ്പിക്കയും ചെയ്തു — നാട്ടുകാർ രാത്രി മുഴുവനും പണിപ്പെട്ടു കിളച്ചു രണ്ടു മൂന്നു
ഇരിമ്പുതൊക്കുകളെ വരുത്തുകയും ചെയ്തു — ഉഷസ്സായാറെ ഗാമ ഒരു വെടി വെച്ചു മീൻ
പിടിക്കാരെ കപ്പലുകളിൽ തൂക്കിച്ചു — കരക്കിലുള്ളവർ ഇവ ... കണ്ടപ്പൊൾ
ഗാമ ആ ശവങ്ങളുടെ കയ്യും കാലും അറുത്തു ഒരു കത്തിൽ ... വെച്ചു
നൊക്കുക ... ഉപകാരം ഉണ്ടാകുമല്ലൊ ...
ഞാൻ ധർമ്മം തന്നെ ഇനി ഞങ്ങൾ ... വിചാരിക്കും ...
പൊന്നും തീരെ തന്നെ ... എന്നു ...
രു തൊണിയിൽ ... കൊണ്ടു കരെക്കയച്ചു വിട്ടു കയും ചെയ്തു — ശെഷം ശ
വങ്ങളെ കടലിൽ ചാടി മുമ്പെ കടപ്പുറത്തുള്ള ... പുരകളെയും പിന്നെ ... വടക്കാ
രുടെ ... വെടി വെപ്പിച്ചു കൊണ്ടിരുന്നു — (...
നവര്മ്പ്ര) നാട്ടുകാരുടെ തൊക്കിൽ ഒന്നു രണ്ടു ഉണ്ട മാത്രം കപ്പലിൽ കൊണ്ടു എട
നെ ... മാപ്പിള്ളമാർ ചിലർ ഉണ്ടമഴയാൽ പട്ടു പൊകിൽ
ല ... ഒടിപ്പൊകയും ചെയ്തു — പറങ്കി ഉണ്ട എത്ര ... ഒരു വീടും
ഇല്ലാതെ പൊയപ്പൊൾ ഗാമ (... നവര്മ്പ്ര) ൩ കപ്പലുകളെ പാർപ്പിച്ചു നഗരത്തിൽ ച
രക്കൊന്നും വരുവാനും പൊവാനും സമ്മതിക്കരുത് എന്നാൽ ... മുട്ടൊ
... ചാത്രുപതിനെ ... എന്നു സൊദ്രയൊടു കല്പിച്ചു ... അവൻ
മീൻ പിടിപ്പാൻ പൊകുന്ന തൊണികളെ ... കൂട മുടക്കി ...
മഹാക്ഷാമം വരുത്തി — ഗാമ ശെഷം കപ്പലൊടും കൂട കൊച്ചിക്കു ... (... നവര്മ്പ്ര)
... കയും ചെയ്തു —

F. Müller, Editor.

പശ്ചിമോദയം

നമ്പ്രഒന്നിന്ന | | ഒരുപൈസ്സവില
൧൦ാം നമ്പ്ര | തലശ്ശെരി | ൧൮൪൮ ഏപ്രിൽ

ഭൂമിശാസ്ത്രം (തുടൎച്ച)

ഭാരതഖണ്ഡം

൭. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും

ദക്ഷിണഖണ്ഡത്തിന്റെ ഉയൎന്നഭൂമി ത്രികോണസ്വരൂപമായിരിക്കുന്നു ൩ ഭാഗങ്ങളിൽ തുടൎമ്മലകൾ അതിനെ ചുറ്റിക്കിടക്കുന്നു മലപ്രദേശത്തെ കടന്നുപൊകുവാൻ പലകണ്ടിവാതിലുകളും നദികൾ ഇറങ്ങിത്താണഭൂമിയിൽകൂടി സമുദ്രത്തിൽ ഒഴുകി ചെരുവാൻ പലതാഴ്വരകളും ഉണ്ടു — പടിഞ്ഞാറെ അറ്റത്തിന്നു സഹ്യമലഎന്നും കിഴക്കെ അതിരിന്നു പവിഴമലയും അമരഖണ്ഡവും വടക്കെപുറത്തെ വിന്ധ്യമലഎന്നും പെരുകൾ നടപ്പാകുന്നത് ഈ മൂന്നു അതിരുകൾക്കകത്തു വയൽ പെരുത്തുള്ള ഉയൎന്നഭൂമികൾ വിസ്താരമായി കിടക്കുന്നു അതിരുകൾക്കു പുറത്തു പലതാണനാട്ടുകളും കടപ്പുറങ്ങളും വ്യാപിച്ചു കൃഷിക്കും കടൽവ്യാപാരത്തിന്നും യൊഗ്യതയും ലാഭവും വരുത്തുന്നു —

൧., പടിഞ്ഞാറെ അതിരാകുന്ന സഹ്യാദ്രി തപതിനൎമ്മദാനദികൾ ഒഴുകുന്ന ഖണ്ഡെശ് നാട്ടുമുതൽ ചങ്ങലാകാരെണ കിഴക്കെ തൊക്കായി നീലഗിരികളൊളം പരന്നതിന്റെ തെക്കെ പൊരാവു ഒഴുകുന്നതാണഭൂമിയുടെ തെക്കിന്നു പിന്നെയും ഉയൎന്ന കന്യാകുമാരിപൎയ്യന്തം ചെന്നെത്തിയിരിക്കുന്ന ഈ തുടൎമ്മലയിൽനിന്നു ചിലദിക്കിൽ ചെറിയശാഖകൾ പടിഞ്ഞാറെ സമുദ്രത്തൊളം വ്യാപിച്ചും കടപ്പുറത്തുള്ള താണനാട്ടുകളുടെ അതിരുകളായുമിരിക്കുന്ന മലകൾ ചിലദിക്കിൽ സമുദ്രത്തിൽനിന്നു രണ്ടുമൂന്നുദിവസത്തെ വഴികളും ചിലദിക്കിൽ കടപ്പുറത്തു കിടക്കുന്നതിനാൽ കടപ്പുറം ചിലെടത്തു വിസ്താരം കുറഞ്ഞും ചെറിയും ഇരിക്കുന്നു — വടക്കെ അതിർതുടങ്ങി കന്യാകുമാരിയൊളം ദെശഭാഷാവസ്ഥകളുടെ നിമിത്തം സഹ്യാദ്രിയെയും അതിന്നു ചെൎന്ന താണഭൂമികളെയും മൂന്നംശമായി വിവരിക്കെണ്ടത് —

വടക്കെ അംശം ഖണ്ഡെശ് ഔരങ്ങാബാദ് വിജയപുരം സുരാഷ്ട്രം കൊങ്കണം എന്ന നാട്ടുകളായി കണ്ട ദെശത്തൊളം ചെന്നുകിടക്കുന്നു അതിന്റെ കിഴക്കെ അതിരിൽ മലകൾ

കടൽ സമീപിച്ചു പിന്നെ വടക്കൊട്ടു തിരിഞ്ഞു തിരിഞ്ഞു വരുന്നു സുരാഷ്ട്രത്തിൽ കിഴക്കൊട്ടുമാ
ഞ്ഞു തപതിനദിക്കനെരെ വ്യാപിച്ചു മിക്കുന്നു കിഴക്കൊട്ടു തിരിഞ്ഞു നദിക്കൽ തന്നെ ത്ര്യം
ബകം. നാസിക ജുന്നർ ജ്ഞാലനാ മുതലായ വ്യാപാര കൊട്ടകൾ ഉണ്ടു വണ്ടു മാരദെങ്ങളിൽ കൾ
വ്യാപാര ദെശത്തിൽ തന്നെ കിസ്തുവാബ്ദങ്ങൾ മാരാഷ്ട്രക്കാർ ആക്രമിച്ചു പലനാശവും നട
ത്തി അവരുടെ അധികാരം മുടിഞ്ഞ ശെഷം നാട്ടുകവച്ചുക്കാരാജ്യം നടന്നു കൂടക്കൂട തൊ
റ്റു തിരിഞ്ഞു പൊയ സമയം മുതൽ ഇല്ലർ എന്നൊരു മ്ലെച്ഛജാതി ഇത്തവരെയും ആകാ
ട്ടു പ്രദെശത്തിൽ പാർത്തു കവച്ചും കലയും കൊണ്ടു നാട്ടുകാരെ ഹിംസിച്ചു പൊരുന്നു
രഞ്ഞാബൊയിൽ തന്നെ ഖണ്ഡെശ് ദെശത്തെക്കു ഇറങ്ങിപ്പൊവാൻ എല്ലാം ചില കണ്ടിവാ
തിലുകൾ ഉള്ളതു ഇതുവഴിയായ മലനാട്ടിന്റെ വടക്കു പടിഞ്ഞാറെ കൊണിൽ ത്ര്യംബ
കം ജുന്നർ കൊട്ടകളുടെ നടുവിൽ തന്നെ കിഴക്ക തെക്കൊട്ടു ഒഴുകി ബങ്കാള കടലി
ൽ ചെരുന്ന ഗൊദാവരി നദിയുടെ ഉറവുകളും ഉണ്ടു അതിന്നു തെക്കൊട്ടു അരങ്ങാബാദ് ദെ
ശത്തിന്റെ അതിരിൽ കൃഷ്ണാനദിയിൽ കൂടുന്ന ഭീമപ്പുഴയുടെയും സത്താര പട്ടണ
സമീപത്തു കൃഷ്ണാനദിയുടെയും ഉറവു വെള്ളം മലകളിൽ നിന്നിറങ്ങി കിഴക്ക തെ
ക്കൊട്ടു ഒഴുകുന്നു തപതി നദി മുതൽ കൃഷ്ണാനദിയൊളമുള്ള മലകളുടെ ഉയരം ൧൦൦൦—
൩൦൦൦ കാലടി ആകുന്നു ഗങ്ങപ്പുഴയുടെ ഉറവു ദെശത്തിൽ ൩൦൦൦ കാലടി ഉയരമുള്ള ശിഖരങ്ങ
ളും ഉണ്ടു —

മലപ്രദെശത്തിന്റെ പടിഞ്ഞാറെ ഞെറിവിലുള്ള രാഷ്ട്രം കൊങ്കണം.

എന്നാണ നാട്ടുകളിൽ കൂടി ഒരൊ ചെറിയ പുഴകൾ ഒഴുകി പടിഞ്ഞാറെ സമുദ്രത്തി
ൽ ചെരുന്നു ബൊംബായി സൂരത്തി പട്ടണങ്ങളുടെ നടുവിൽ ഉള്ള രാഷ്ട്രം മിക്കതും
നെൽഭൂമികൾ ആകകൊണ്ടു ധാന്യം പെരുകിയ ദെശം തന്നെ കടപ്പുറത്തുള്ള നഗരങ്ങളിൽ നി
ന്നു പല കപ്പലുകളും വ്യാപാരത്തിന്നായി ഒരൊ രാജ്യങ്ങളിൽ പൊയി വരുന്നു മുഖ്യ
പട്ടണങ്ങൾ സൂരത്തി ദാമാവ് — ബസ്സീൻ — കല്യാണി എന്നിവ തന്നെ ബൊംബായി
ൽ നിന്നു തെക്കൊട്ടുള്ള കൊങ്കണ ദെശത്തിലും കൃഷി തന്നെ പ്രധാനം ബ്രാഹ്മണരു
ടെ മാഹാത്മ്യം ശൊഭിച്ചു സമയം ഏറെ ജനങ്ങൾ അട്ടത്തെ മലകളിൽ വിഗ്രഹപൂജക്കായിട്ടു പ
ല അമ്പലങ്ങളെ പാറകളിൽ കൊത്തി ഉണ്ടാക്കിയതു അതിന്റെ ശെഷിപ്പുകൾ ഉമ്മാ
ത്രം കാണ്മാനുണ്ടു ആ ദെശത്തിൽ കൊട്ടകൾ വളരെ ഉണ്ടു ആനം തെക്കൊട്ടു ശത്രു

ൽ പൊൎത്തുഗീസർ വാഴുന്ന ഗൊവ പട്ടണവും നാട്ടും അതിനല്പം തെക്കൊട്ടു ഗൊകൎണ്ണക്ഷെത്രവും ഉണ്ടു. ഗൊവയിൽ നിന്നു വടക്കൊട്ടു സാമന്തവാഡി രത്നഗിരി മുതലായ നഗരങ്ങൾ പ്രധാനം —

സന്നിധിയിൽ പാൎത്തു വക കാൎയ്യങ്ങളെ വിചാരിച്ചു തീൎക്കുന്നതല്ലാതെ തിരുവനന്തപുരത്തിന്നു
ഒരു ... കൊട്ടയിലുള്ള രാജ്യരക്ഷക്കായി രാജാവിന്നുള്ള ചില പട്ടാളങ്ങളല്ലാതെ ഇങ്ക്ലി

ഷ്ക്കാർ കൊല്ലത്തും മറ്റും ഒരു തിപ്പാൎത്തി പട്ടാളം പാൎപ്പിച്ചുവരുന്നതിനാലും ന്യായവും നടത്തുന്നതി
ന്നരാജ്യത്തിൽ ൫. ജില്ലകളെയും അതിന്നുതാഴെ പലമണ്ഡപത്തിൻവാതിലുകൾ അധികാരികൾ പി
ള്ളമാരെയും സ്ഥാപിച്ചിരിക്കുന്നു - തെക്കെജില്ല കന്യാകുമാരിയിൽനിന്നു വടക്കെ പട്ടണമാ
ട്ടു ൫. കാതം ദൂരമായ പത്മനാഭപുരം തന്നെ അതിന്നകത്തിൽ തൊവാള - അഗസ്തീശ്വരം - ഇരണി
യൽ - കല്ക്കുളം - വിളവങ്കോട്ട എന്ന മണ്ഡപത്തിൻവാതിലുകൾ എല്ലാം തെന്നാലുദിക്കിലും നെയ്യൂ
ർ - നാഗരകോവിൽ - തിരുവിതാംകോട എന്ന മുമ്പെത്ത രാജധാനി - കോട്ടാരം - കന്യാകുമാരി -
ശുചീന്ദ്രം മുതലായ ക്ഷേത്രങ്ങളും ഊരുകളും ശോഭിച്ചിരിക്കുന്നു - നാഗരകോവിൽ - നെയ്യൂർ മു
തലായ സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുന്ന ഇങ്ക്ലീഷ പാതിരിമാർ വളരെ കാലമെ വസിക്ക
കൊണ്ടു ആ ജില്ലയിൽ പല ജനങ്ങൾക്കും സത്യബോധം ഉദിച്ചിരിക്കുന്നു -

പത്മനാഭപുരത്തിന്നു വടക്കുള്ള ജില്ല തിരുവനന്തപുരം തന്നെ ആ പട്ടണം ഇപ്പൊഴത്തെ
രാജധാനിയാകകൊണ്ടും രാജാവ് മുതലായ പല പ്രഭുക്കളെ പാൎപ്പിക്കകൊണ്ടും ക്ഷേത്രബ
ങ്ങളാവുധശാല പള്ളിക്കൂടം അച്ചുകൂടം മുതലായ വിശേഷങ്ങളെ കൊണ്ടു അലങ്കരിച്ചിരിക്കുന്നു ക്ഷേ
ത്രങ്ങൾക്കും കുറവില്ല സുവിശേഷം അറിയിപ്പാൻ അഭിപ്രായം ഉണ്ടു - നെയ്യാറ്റിങ്കര നെടുമങ്ങാട്ട -
ചിറയിൻകീഴ് മുതലായ മണ്ഡപത്തിൻവാതിലുകൾ ആ ജില്ലയോടു ചേൎന്നിരിക്കുന്നു ചുറ്റുമുള്ളനാ
ട്ടിൽ ഉള്ളൂർ - കഴക്കൂട്ടം - ചാന്നാക്കര - മുലെപുഴ മുതലായ ക്ഷേത്രങ്ങളും ഊരുകളും പല
രൊമക്രിസ്ത്യാനർക്കും നസ്രാണികൾക്കും സതിശ്വാസികൾക്കും വാസസ്ഥലങ്ങളായിരിക്കുന്നു - തി
രുവനന്തപുരത്തിന്നു ഏകദെശം ൫. കാതം വഴി വടക്ക ഒരു ചെറിയ അഞ്ചുതീവിശെ
ള്ള അഞ്ചുതെങ്ങു കോട്ടയിൽ ഒരു അഴിമുഖം ഉണ്ടാകകൊണ്ടും ഏന്നവ്യു — ഏവനമതിക്കും
ഇങ്ക്ലീഷ്കാർ പാണ്ടിശാലകളെ ഉണ്ടാക്കി വസിച്ചതകൊണ്ടും കച്ചവടം നന്നനടന്നുവന്നിരു
ന്നു ഇപ്പൊൾ ഇങ്ക്ലീഷ്കാർ നീങ്ങിയതിനാൽ വളരെ ക്ഷയിച്ചിരിക്കുന്നു നിവാസികൾ മിക്കവാറും
രൊമക്രിസ്ത്യാനർ ആകുന്നു —

മൂന്നാം ജില്ല തിരുവനന്തപുരത്തിന്നു വടക്ക കൊല്ലം പുരം തന്നെ അതിന്റെ കീഴുള്ള മണ്ഡപത്തിൻ
വാതിലുകൾ കൊല്ലം - കൊട്ടാരക്കര - കുന്നത്തൂർ - പത്തനാപുരം - കരുനാഗപ്പള്ളി - കാൎത്തിക
പ്പള്ളി - മാവെലിക്കര - ചെങ്ങന്നൂർ എന്നിവ ആകുന്നു - കൊല്ലം പണ്ടു സ്ഥിതിയായിരിക്കും ഒ
ഴിവില്ലാത്ത കച്ചവടസ്ഥലമാകിരുന്നു ഇപ്പൊൾ രൊമസഭക്കാരെ നടത്തുന്ന ഒരു അദ്ധ്യക്ഷന്റെ
ത്തിൽ വസിക്കുന്ന സുവിശേഷമറിയിക്കുന്ന ഒരു ഇങ്ക്ലീഷ്പാതിരിയും ഉണ്ടു ഒരു ഇങ്ക്ലീഷ്പട്ടാ

ളവും അവിടെ പാൎത്തുവരുന്ന ഒരൊ മിശ്ശൊനസ്സായ്പുകൾ എന്നിവർ തമ്മിൽ വെർതിരിച്ചവരുടെ
അവിടവിടെ ഇനിയും അദ്ധ്യക്ഷന്മാർ സംബന്ധം നടന്ന കാലത്തൊടത്തിലെ പ്രൊടെസ്താ
ന്തമതത്തെ ഇപ്പൊൾ ചെയ്യിട്ടുള്ളു— രാജാധികാരത്തിൽ ഒരിക്കലും പാതിരിവെശ്യഷ്ടൎക്കും ആ
സത്യത്തെ അംഗീകരിപ്പാൻ സംഗതിയായി നാട്ടുകാരെ കഴിഞ്ഞു കൊണ്ടിരിക്കുന്നു—

അവിടെ തന്നെ വടക്കെ തിരുവിതാംകൂർ രാജ്യത്തിൽ ആലപ്പുഴ നാട്ടിലും കൊല്ലത്തിലും ഇംഗ്ലിഷ് മണ്ഡല
ത്തിൻ പാതിരികൾ അമ്പലപ്പുഴ- ചെങ്ങന്നൂർ- വൈക്കം- പാറ്റുമല്ലപ്പള്ളി- മീനച്ചൽ- കൊട്ടയം—
ചങ്ങനശെരി- തിരുവല്ലാ എന്നിവ ഊരുകളിൽ പാൎത്തുവരുന്നു അവരിൽ സ്വാമികളുടെ മുഖ്യസ്ഥലമാ
യ കൊട്ടയം തന്നെ പ്രധാനം അവർ ഇങ്ക്ലിഷ് സഭയൊടു ചെൎപ്പാൻ പാതിരിമാർ പെരകാലം വ
ളരെ അദ്ധ്വാനിച്ചു വിദ്യാലയം അച്ചുകൂടം മുതലായവയുണ്ടാക്കി അഭ്യസിപ്പിച്ചു അവൎക്കു പല
രൊപകാരം ചെയ്തിട്ടും അല്പമാത്രം ഒരു ഫലമെ കാണുന്നുള്ളൂ മലയാള പൊന്നാശ മനസ്ത്രമെ
മുതലായതു ഉപെക്ഷിച്ചു സത്യം അംഗീകരിക്കെണ്ടതിന്നു താഴ്മയൊടെ സഹോദരന്മാരൊടു അ
റിയിക്കെണ്ടതിന്നും അവൎക്കു വളരെ രസം തൊന്നുന്നില്ല- ആലപ്പുഴയിലും മറ്റും സുവിശെഷം
അറിയിക്കുന്ന പാതിരികൾ പാൎത്തുവരുന്നു—

വടക്കെ അംശം ശില്ലപറവൂർ തന്നെ അതിന്റെ മണ്ഡപത്തിൻ പാതിരികൾ തൃശ്ശിവപെരൂർ- ആലുവാപ്പുഴ-
കൊട്ടപ്പുഴ- കുന്നത്തുനാട്ടു- ആലങ്ങാട്ടു എന്നൊരു ഊരുകൾ ആകുന്നു— ഈ പറഞ്ഞ അഞ്ചു ജില്ല
കളിലെ ഹിന്തുക്കളുടെ പെരുകയിനിവാസികളുടെ സംഖ്യ പ്രവൃത്തി ആചാരം മുതലായ അവസ്ഥ
കളും വിവരിപ്പാൻ പാടില്ല അധികം ആവശ്യവുമില്ല ഹിന്തുദെവന്മാരെ സെവിക്കെണ്ടതിന്നു
അജ്ഞാനികൾക്കു ഒരൊ രൊദിക്കിൽ ക്ഷെത്രങ്ങളുള്ളതു പൊലെ പല ദെശം അവരൊടു സമ
ാധാനസ്വാമികൾക്കും ഒരൊ മതിസ്ഥാനക്കും സത്യദൈവത്തിന്റെ വചനമല്ലമിക്കവാറും മനുഷ്യസ
കല്പിതങ്ങളെ ഉച്ചരിച്ചു നാനാ പൂജാകൎമ്മങ്ങളെ കഴിക്കെണ്ടതിന്നു പല പള്ളികളുമുണ്ടു അവരുടെ
സംഖ്യരാജ്യത്തിൽ പെരുകി കാണുന്നു എങ്കിലും സത്യവെളിച്ചം വരുത്തുവാൻ അവൎക്കു ഉത്സാഹവും
പ്രാപ്തിയും ഇല്ലായ്കകൊണ്ടു ചില സ്ഥലങ്ങളിൽ ഒഴികെ തിരുവിതാംകൊട്ടുരാജ്യത്തിൽ എങ്ങും
ഈ സമയത്തോളം അജ്ഞാനാന്ധകാരം വ്യാപിച്ചിരുന്നു ഇപ്പൊൾ കുറഞ്ഞൊരു പ്രകാശം
ഉദിച്ചു കാണുന്നു എന്നെ പറയാവു—

കെരളപഴമ

൧൪. ചൂളക്ക് ആത്തികടവത്തെ പട

/

താമൂതിരിയിൻ്റെ പടയിൽ വെച്ചൊരാവതും ഇല്ല എന്നു കണ്ടു താമൂതിരി വെള്ളം കുറഞ്ഞ വളഞ്ഞ
വഴിക്കു പോകുന്ന എന്നു വച്ചു അത്രയും വേഗത്തിൽ ചിലരെ ഞങ്ങളെ കടത്തി അവരും അടവിൽ
വലിയ പെരിയവഴി വാതിൽ വെച്ചു മരങ്ങളെ വെട്ടുവാൻ തുടങ്ങി - അന്നുമുതൽ പറങ്കി വടക്കുള്ള
ചാലിപ്പുഴ കടന്ന പള്ളിപ്പുറത്തു ഇങ്ങനെ രണ്ടു കടവുകളെ രക്ഷിപ്പാൻ വളരെ കഷ്ടിച്ചു വെളിയെ
പോയ തോണിപ്പുഴക്കരയിൽ ഓടി വാങ്ങി ഇറക്കമാകുമ്പോൾ തോണികളിൽ കയറി പളുങ്ങ
ചിൽ തട്ടത്തിന്ന കൊള്ളും - വലിയ ഘോഷങ്ങൾ ഉണ്ടാക്കിട്ടും പറങ്കിയിനെ തോല്പിപ്പാൻ സംഗതി
വന്നില്ല - ചില ദിവസം മഴ പെയ്ക തമ്മിൽ കോഴിക്കോട്ടു നായന്മാരിൽ നടപ്പു ദീനം ഉണ്ടായ
പ്പോൾ പൊൎത്തുഗീസക്കു പടകിന്ന കെട്ടിപ്പാനും കടവിൻ്റെ ചളിയിൽ കുന്തക്കുറ്റി മുതലാ
യതുകൾ തറെപ്പാനും അവസരം ലഭിച്ചു - പിന്നെ ബ്രാഹ്മണർ ആനകളെ കൊണ്ടു കുറ്റികളെ പറിച്ചു - മറ്റു
ഒരുദിക്കിലേ വ്യാഴാഴ്ചയും കഴിച്ചപ്പോൾ പറങ്കി ബെഡിയൊട്ടു പെരുമ്പടപ്പിൽ അടക്കിപ്പാൻ
നടത്തിയതു എങ്കിലും ഭൂതൽചാൎച്ച കളിച്ചു മണ്ടോട്ട കൂട്ടം മുതലായ കൊച്ചി നായന്മാർ ഒപ്പിച്ചി
ട്ടു ഇവിടെ പൊൎത്തുഗീസക്ക ഒരു ദണ്ഡവും ഇല്ലാതാക്കയും ചെയ്തു - അന്നു പറങ്കി നന്നെ
ശിച്ചു ഏറ്റം വരുവാന ആകിവളരെ പ്രാൎത്ഥിച്ചശേഷം വെളി ഉണ്ടാക്കുന്ന പടകിനെ വളഞ്ഞു
പൊരുതു കോഴിക്കോട്ടുകാർ പിൻവാങ്ങി പോകയും ചെയ്തു - രാജാവ് സഹായത്തിന്നായി വരാഞ്ഞ
തൊണ്ട പറങ്കിയും കോപിച്ചു ഇക്കഷ്ടം വിചാരിച്ചപ്പോൾ പെരുമ്പടപ്പു കരഞ്ഞു തനിക്കൊരു വസ്തുമാനം
വന്നിട്ടും ഇല്ല എന്നു ദൈവത്തോടു ചൊല്ലിട്ടു പറഞ്ഞു പറങ്കിയിനെ കൊണ്ടു ശ്ലാഘിച്ചു സ്തുതിക്കയും
ചെയ്തു - പിന്നെ താമൂതിരി പൊൎത്തുഗീസരുടെ വെള്ളത്തിൽ വിഷം കലക്കുവാനും പടകിൽ കൂ
ട്ടുകളെ കടത്തുവാനും ഇറക്കിവെക്കാൻ അന്നക്കളെ കൊണ്ടു പടകിനെ മറിപ്പാനും മറ്റും പല
കഴിച്ചതൊന്നും ഫലിച്ചില്ല -

നായന്മാർ ഒരു ദിക്കിൽ കൂടി കടവു കടന്ന ശേഷം അവിടെ കൃഷിനട്ടത്തു നിന്ന ജ്യോതിക
ൾ എണ്ണിയിട്ട തൊപ്പിക്കാരുടെ കാണ്ടിട്ടു ചിലരെ കൊന്നതിന്റെ ഭയത്താൽ മറ്റവരെ
ടിച്ചപ്പോൾ - പറങ്കി അവരെ വന്നു ആക്രമിച്ചു കണ്ട കോരമന്ത്രി നായർ എച്ചുനിന്നപ്പോൾ താ
ൻ ഇവർ ഇപ്പോൾ നായന്മാരല്ല പോക്കികൾ എന്നു പറഞ്ഞു - അതിന്നു മന്ത്രി അതായതില്ലാത്ത
യമാരാക്കിയാൻ രാജാവിനും കഴികയില്ല എന്നു ചൊന്നാറെ പറങ്കി ക്രുദ്ധിച്ചു നായന്മാരെ
പ്പാവരും കള്ളന്മാരായിട്ടി പൊക്കന്ന ദിക്കിൽ ചെറുമരെ തന്നെ നായന്മാരാക്കിയാൽ കൊ
ള്ളാമായിരുന്നു - ചെവീരമാരെ വരുത്തിയിൻ തങ്ങളുടെ പെർ പറവിൽ എന്നു വിളിച്ചു ചൊദിച്ചു

പെരുകാളെ എഴുതിവെക്കയും ചെയ്തു — മന്ത്രിയൊടകൂടാതെ രാജാവൊട്ടും … ഉണ്ടാകയ
പ്പോൾ മയൂരവൎമ്മരാജാവ് എങ്കിലും ഹിന്ദുമാൎക്ക … വരുത്തിയാൽ ഞാനും അപ്ര
കാരം ചെയ്യാം ഞാൻ തനിയെ ചെയ്തീലൊ നായന്മാർ എന്നെ കൊല്ലും എന്നു കെട്ട ശെഷം
പശെക്ക് ഞാൻ എന്നൊരു … സ്ഥാനമൎയ്യാദങ്ങളെ നെഞ്ചുമൂം അവരെ സമ്മാനിക്കെണം
എന്നെഴുതിച്ചു ചൊദിച്ചപ്പോൾ പെരിമ്പടപ്പു വകക്കാൎക്കു … കളെ എടുപ്പാനും ത
ലപ്പണം കൊടുക്കാതെ ഇരിപ്പാനും നായന്മാർ സഞ്ചരിക്കുന്ന വഴികളിൽ കൂടി നടപ്പാനും
കല്പന കൊടുത്തു —

൧൪., പശെക്കിന്റെ യുദ്ധസമൎപ്പണം —

ബലത്താൽ കഴിയാത്തത് കൌശലത്താൽ വരുത്തെണം എന്നു മാപ്പിളമാർ വിചാരിച്ചു
നൊക്കുമ്പോൾ കൊച്ചിയിൽ ഇസ്ലാമിമരക്കാർ പൊൎത്തുഗീസരെ കൊല്ലുവാൻ ഒരു വഴി തി
രുവിച്ചുകൊണ്ടിരുന്നു — പശെക്ക് അത് അറിഞ്ഞു ഉപായത്താലെ അവനെ പടകിൽ വരുത്തി
മുഖരൊമങ്ങൾ എല്ലാം പറിപ്പിച്ചപ്പോൾ മാപ്പിളമാർ ഭയപ്പെട്ടടങ്ങി — അപ്പോൾ ഇടപ്പള്ളി
യിൽ കൊച്ചേക്കി എന്നൊരു മിമാൻ ഉണ്ടായി … അവൻ കണ്ണനൂർ ധൎമ്മപട്ടണം മുതലായ … ക
ളിൽ നിന്നും പല വില്ലാളികളും പടെക്കു വന്നതു വിചാരിച്ചു … മദ്ധ്യത്തിൽ ഒരൊരൊ മരിക്ക
കളെ കെട്ടി മുറുക്കി പടകുകളെ വളഞ്ഞു വില്ലാളികളുടെ അമ്പുമാരി കൊണ്ടു പൊൎത്തുഗീസരെ
ഒട്ടു കെണ്ടിനിന്നു വഴികാണിച്ചു — അതിനെ തടുപ്പാൻ പശെക്ക് പാമരങ്ങളെ … പടകിൽ
ചെൎത്തു പടകുകളെ ഉറപ്പിച്ചിരുന്നു എങ്കിലും ഏറിയ വസൂരിക്കാൽ സങ്കടം … പശെ
ക്ക് അയ്യൊ കൎത്താവെ ഇത്ര മാത്രം എന്റെ പാപങ്ങളെ ഓൎക്കരുതെ എന്നു നിലവിളിച്ചു പൊരുതുവ
ഴിയതൊക്കെ കളെ കൊണ്ടു മരിക്കകളെ തകൎക്കയും ചെയ്തു —

അപ്പൊൾ മഴക്കാലം അടുക്കകൊണ്ടു സാമൂതിരി … വളരെ മരിക്കയാൽ രാജാവ് നാണി
ച്ചു പടങ്ങി പൊയി — ഇത്ര വെച്ചു മുതലായ സൽക്കൎമ്മങ്ങളുടെ കുറവു നിമിത്തം എന്നു ബ്രാഹ്മണർ പ
റകയാൽ … ദെവകൊപം തീരുവൊളം രാജത്വം തനിക്ക് അരുത് എന്നു വെ
ച്ചു ഒരു ക്ഷേത്രത്തിൽ പൊയി ഒളിച്ചു പാൎത്തു — പിന്നെ അമ്മ ചെന്നു കണ്ടു ഇത്ര ഭക്തിയല്ലാ
തെ രാജത്വം തന്നെ എന്നും ചെങ്കോൽ നടത്തുകയിൽ ധൈൎയ്യം എന്നും … യാൽ അ
വൻ അവലത്തെ വിട്ടു സിംഹാസനത്തിൽ ഇരിക്കയും ചെയ്തു — ഇടവക്കാർ ഒന്നവന്റെ ക
ല്പന അനുസരിയാതെ യുദ്ധം അരുത് എന്നു വെച്ചു അടങ്ങിപാൎക്കയും ചെയ്തു —

ചെപ്പിനെ പടവെട്ടുവാൻ ദ്രോഹിച്ചു ഇട പ്രഭുക്കൾ ശരണം പ്രാപിച്ചു ഇരിപ്പു വരുത്തി പറകകൊണ്ടു
൧൮൪൫ ജൂലായി ൧൫ ൵ മാസത്തിലെ വെസ്ലിക്കാരെ ഒക്കത്തു ജയഘോഷത്തോടും കൂടെ കൊണ്ടു
ക്കുമടങ്ങി ചെന്നു — കൊല്ലത്തിലെ വൎത്തമാനം കേട്ടാറെ കപ്പിത്താൻ ഒരു വിചാരിയാതെ
കൎക്കടമാസത്തിൽ തന്നെ കൊല്ലത്തെക്ക ഓടി മാപ്പിള്ളമാരുടെ മത്സരങ്ങളെ ഉണ്ടാക്കിയ പൊ
ന്നാനിയിൽനിന്നു വരെ എന്ന തുപ്പാക്കിനാൽ ചരക്കുകളെ സമ്പാദിച്ചു ചില കൊഴിക്കോട്ടു വ
ടക്കർകളെ പിടിച്ചു കടപ്പുറത്ത ഒക്കയും തന്റെ കപ്പൽ നടത്തുകയും ചെയ്തു — കൊല്ലത്തെ
കലഹത്തിൽ ഒരുവൻ മരിച്ചതല്ലാതെ കൊച്ചിയിലെ വമ്പടയിൽ പെരുമ്പറയൊന്നിട്ടും പ
റങ്കികൾ ആരും മരിക്കാതെ ഇരുന്നത് വിചാരിച്ചു എല്ലാവൎക്കും വലിയ ആശ്ചൎയ്യം ഉണ്ടായി പ
ഴെക മഹാ കഷ്ടുർക്കാരൻ എന്നും അവനോടു മാനുഷൎക്ക ഒരു പാടില്ല എന്നും ഉള്ള ശ്രുതി
എങ്ങും പരക്കയും ചെയ്തു —

പുതിയ വൎത്തമാനങ്ങൾ

രണ്ടു മാസത്തിന്നു മുമ്പെ സിംഹളദ്വീപിൽ ഒരു കലഹം ഉണ്ടായി — മുത്തുസ്വാമി എന്നൊരുവ
ൻ ബൌദ്ധമാരായ പൂജാരികളുടെ ഉപദേശം കേട്ടു ഇങ്ക്ലിഷ സൎക്കാരൊടു മത്സരിച്ചു ആരാ
ച്ചാർ വലരും കൂട്ടം കൂടി കലഹിക്കവെച്ചു തുടങ്ങുകയും ചെയ്തു — മലയാളികളായ സിപ്പായ്ക്കൾ
ആ തകരാരെ വെഗം ശമിപ്പിച്ചു ഒരു പൃങ്ങോരി ചില മുതലിയാന്മാർ തുടങ്ങിയുള്ളവൎക്ക മര
ണശിക്ഷ വരികയും ചെയ്തു — ഇപ്പോൾ കാട്ടിൽ വെച്ചു ഒളിക്കുമ്പോൾ മുത്തുസ്വാമിയെ ആരുവരി
കയും പിടിച്ചു തടവിൽ ആക്കി ഇരിക്കുന്നു എന്നു കേൾക്കുന്നു —

രണ്ടു വൎഷത്തിന്നു മുമ്പെ കുമ്പിഞ്ഞാർ ശിഖരുടെ രാജ്യമായ പഞ്ചനദത്തെ ജയിച്ചു
അടക്കിയല്ലൊ — ആയത്തിൽ ഇന്നവരെയും നല്ലവണ്ണം കരസ്ഥമാക്കിയില്ല — മൂലതാണ എന്നൊരു
വലിയ കോട്ട അവിടെ ഉണ്ടു — അതിൽ മൂലരാജാ എന്ന ശിഖൻ മത്സരിച്ചു ദ്രസാക്ഷ്യമാരെ
കൊല്ലിച്ചത് ഇംഗ്ലിസിക്കാരുടെ പട്ടാളം കൊട്ടയെ കൊള്ളുവാനായി വന്നു വളഞ്ഞു തുടങ്ങി — വെടി
വെച്ചു മതിൽ തകൎപ്പാൻ തുടങ്ങുമ്പോൾ തന്നെ ശിർസിംഹൻ എന്ന ശിഖ സെനാപതിയും
സിപ്പായ്ക്കളൊടും കൂട ചതിഞ്ഞവന്നാരെ ചതിച്ചു കുമ്പിഞ്ഞാരുടെ ഉപ്പിന്നു ദ്രോഹിച്ചു മൂലരാ
ജാവിന്റെ പക്ഷം ചെൎന്നിരിക്കുന്നു — ശിർസിംഹന്റെ ഉപ്പൂനായ ചത്രസിംഹനും ചില ശിഖ
പട്ടാളങ്ങളെ ദ്രോഹം ചെയ്യിച്ചിരിക്കുന്നു — ആയതുകൊണ്ടു പഞ്ചനദത്തെ അടക്കി ശിഖരുടെ
വമ്പിനെ താഴ്ത്തുവാൻ രണ്ടാമത് ഒരു വമ്പട വെട്ടേണ്ടി വരും എന്ന തോന്നുന്നു

F. Müller. Editor.

നമ്പ്ര ഒന്നിന്ന
൧൪ നമ്പ്ര

പശ്ചിമൊദയം

തലശ്ശെരി

ഒറ്റപ്രതിവില.
൧൮൪൯ പന്ത്ര

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൪. ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

പൊന്നാനിപ്പുഴ ഒഴുകുന്നതാണ ദെശത്തിന്റെ തെക്കെ അതിർ മുതൽ കന്യാകുമാരി പൎയ്യന്തം പരന്നു നില്ക്കുന്ന സഹ്യാദ്രിയുടെ കിഴക്കെ അംശം മിക്കവാറും സഞ്ചാരഭൂമിയല്ലായ്ക കൊണ്ടു അല്പമത്രെ വിവരിപ്പാൻ പാടുള്ളു കൊല്ലത്തിന്നു കുറെ അകം തിരുനെല്വെലി മുതലായ കിഴക്കെ ദെശങ്ങളിൽ പൊകെണ്ടതിന്നു ആളകണ്ടി വാതിലെ കൊണ്ടു മലയാളികൾ തമിഴർ എന്നിരണ്ടു ജാതികൾക്കു വിശെഷ സംബന്ധത്തിന്നു സംഗതി വന്നില്ല പൂൎവ്വകാലത്തിൽ ആ മലപ്രദെശവും കിഴക്കെ വൈപ്പാറു വൈകയ്യാറു മുതലായ നദികൾ ഒഴുകുന്നതാണ ദെശവും രാമനാഥയും രാമെശ്വരദ്വീപും പാണ്ടി എന്ന ചൊല്ലുന്ന രാജ്യത്തിൽ അടങ്ങിയിരുന്നു പല രാജാക്കന്മാർ അതിൽ വാണു പട്ടണങ്ങളെയും ഊരുകളെയും ഉണ്ടാക്കിച്ചു കൃഷിക്കും മറ്റും വെണ്ടുന്ന വെള്ളത്തിന്നു പല പൊയ്കകളെയും കുഴിപ്പിച്ചു ബ്രഹ്മാവിഷ്ണു മഹെശ്വരന്മാരുടെ സെവെക്കായി അനെകക്ഷെത്രങ്ങളെയും പണിയിച്ചു പ്രജകൾക്കു ഉപകാരികളായശെഷം മുമ്പെ തങ്ങൾക്കു അധീനന്മാരായ്യുള്ള പ്രഭുക്കൾ കൂടക്കൂട മത്സരിച്ചുയൎന്നു രാജ്യത്തെ ക്ഷയിപ്പിച്ചു സ്വതന്ത്രവാഴ്ചകളുണ്ടാക്കി വാണു ഇപ്പൊൾ ഇങ്ക്ലിഷ്കാരുടെ അധികാരത്തിൻ കീഴിലായിവരികയും ചെയ്തു—

ഈ പാണ്ടിരാജ്യത്തിൽ തിണ്ടിക്കൽ ദെശം തന്നെ വടക്കെ ഖണ്ഡം സഹ്യമലയുടെ കിഴക്കെ ശാഖകൾ ൩൦൦൦ കാലടി ഉയരത്തൊളം പൊങ്ങി നില്ക്കകൊണ്ടു തിണ്ടിക്കൽ എന്ന പ്രധാന നഗരസമീപത്ത കിഴക്കെ അംശത്തിലെ അസഹ്യ ഉഷ്ണം വളരെ കുറഞ്ഞിരിക്കുന്നു— രാജ്യത്തിന്റെ നടു അംശം സഹ്യമലയിൽനിന്നു അടവിച്ചു കിഴക്കത്തെക്കൊട്ടു ഒഴുകുന്ന വൈകയ്യാറു വൈപ്പാറു നദിപ്രദെശം തന്നെ അതിന്നും പ്രധാന പട്ടണത്തിന്നും മധുര എന്ന പെർ അതിന്റെ പടിഞ്ഞാറെ അതിരിലെ ഉളമ

ലക്കു ൪൦൦൦ കാലടി ഉയരം ഉണ്ടു പാണ്ഡിരാജാക്കന്മാരുടെ ശുഭകാലത്തിൽ മധുര എ
ന്ന രാജധാനിയിൽ ൪൦൦൦൦ നിവാസികൾ ഉണ്ടായിരുന്നു ഇപ്പൊൾ ഏകദെശം ൩൦൦൦൦
ആണത്രെ പെരും പ്രസിദ്ധിപ്പെട്ട മധുരാക്ഷെത്രം ഒഴികെ മുമ്പെത്ത ശുഭപണി
കൾ എല്ലാം ക്ഷയിച്ചും ഇടിഞ്ഞും കിടക്കുന്നു കൃഷിപണിയിൽ നാട്ടുകാർ വെണ്ടുന്ന
ഉത്സാഹം ചെയ്യായ്കയാൽ വിളച്ചൽ ചുരുങ്ങി ദാരിദ്ര്യം എന്നും പററിയിരിക്കു
ന്നു വളര ചളിപ്രദെശങ്ങൾ ഉണ്ടാക നിമിത്തം നാട്ടിൽ ഒരൊരൊ സമയം പ
നി മുതലായ വ്യാധികൾ പിടിച്ചു നിവാസികളുടെ സംഖ്യ വളര കുറച്ചു വെച്ചി
രിക്കുന്നു എന്നിട്ടും മുമ്പെ അവിടെ നടന്ന ദൈവാത്ഭുതങ്ങളും വീരപരാക്രമങ്ങ
ളും ഓൎത്തു മധുരാദെശവും പട്ടണവും ഇന്നെയോളവും ഹിന്തുക്കൾക്കു മാഹാത്മ്യ
ഭൂമിയായി വിളങ്ങുന്നു ദെശത്തിന്റെ തെക്കെ അംശത്തിൽ വൈകയാറുപു
ഴവക്കത്തു ഊഷരപ്രദെശത്തിൽ തന്നെ രാമനാഥപുരം കൊട്ടയൊടും കൂടകിട
ക്കുന്നു പണ്ടു അതിൽ വസിച്ച തമ്പുരാക്കന്മാർ കാടുകളിലും കടപ്പുറങ്ങളിലും പാ
ത്തുവഴിപൊക്കരൊടും മറവും നിത്യം പിടിച്ചുപറി മുതലായ പരാക്രമങ്ങളെ
നടത്തിയ വെരിക്കളന്മാരെ നിഗ്രഹിച്ചു രാമെശ്വരത്ത പൊകുന്നവൎക്കു വ
ഴിയിൽ വെച്ചു ഒരാപത്തും വരാതിരിപ്പാൻ വെണ്ടി ഉത്സാഹിച്ചതിനാൽ അവ
ൎക്കു മധുരാധിപന്റെ കടാക്ഷവും ആ തെക്കെദെശവും രാമെശ്വരദ്വീപും ലഭി
ച്ചു വാഴുവാൻ സംഗതി വന്നു ഇപ്പൊൾ അവിടെയുള്ള രാണിയുടെ മാഹാത്മ്യം ക്ഷ
യിച്ചു രാമെശ്വരക്ഷെത്രത്തിൽ നിന്നു കൊല്ലംതൊറും ഏകദെശം ൪൦൦൦ ഉറുപ്പിക
തന്നെ മുഖ്യവരവായിരിക്കുന്നു — രാമെശ്വരക്ഷെത്രം രാമനാഥപുരത്തു നിന്നു
തെക്കെ കടല്ക്കരസമീപത്തുള്ള രാമെശ്വരദ്വീപിൽ ആകുന്നു ഇന്ദ്യഖണ്ഡത്തിലെ സ
കലദിക്കുകളിൽ നിന്നു തീൎത്ഥയാത്രക്കാർ അവിടെ എപ്പൊഴും പൊകകൊണ്ടു ആ
ഗ്രാമക്കാരായ ബ്രാഹ്മണൎക്കു പല സുഖഭൊഗങ്ങളൊടും കൂട ദിവസം കഴിപ്പാൻ
സംഗതി വരുന്നു ക്ഷെത്രം ഒഴികെ ആ ദ്വീപിൽ പമ്പാൻ നഗരവും ആഴിമുഖവും
പ്രധാനം —

പാണ്ഡിരാജ്യത്തിന്റെ തെക്കെ അംശം വൈപ്പാറുനദി മുതൽ ദക്ഷിണഖണ്ഡത്തി
ന്റെ തെക്കെ അററത്തൊളവും സഹ്യമല തുടങ്ങി കിഴക്കസമുദ്രപൎയ്യന്തവും

വ്യാപിച്ചുകിടക്കുന്ന തിരുനെല്വെലിദെശം തന്നെ അത്രമിക്കവാറും താണഭൂമിയാ കകൊണ്ടു വലകൃഷികൾക്കും ഉചിതദെശമാകുന്നു ജനപുഷ്ടിയും നന്ന ഉണ്ടു (൧൮൨൧ാം ക്രി. അ.) നിവാസികളുടെ സംഖ്യ ൭ ലക്ഷമായിരുന്നു എന്നെവരെക്കും കുറഞ്ഞുപൊയി എന്നതൊന്നും അത്രമില്ല നാട്ടിൽ ജനം നിറഞ്ഞിരിക്കുന്നു എങ്കിലും ഒരൊരൊ പണികൾക്കു ഉത്സാഹം ഉണ്ടാകകൊണ്ടു ദാരിദ്ര്യം അല്പമെയുള്ളു സകല ഊരുകളുടെയും അവസ്ഥംപരങ്ങളുംകൂട താമ്രപർണ്ണി പുഴയുടെ തെക്കും വടക്കും ഉള്ള കരമെൽ ഇരിക്കുന്ന തിരുനെല്വെലി പാളയങ്കൊട്ട എന്ന രണ്ടു പട്ടണങ്ങൾ പ്രധാനം തൂത്തുക്കുടി തൃച്ചെന്തൂർ മണപ്പാടു മുതലായ ഊരുകളും അഴിമുഖങ്ങളും കിഴക്കെ കടപ്പുറത്തു തന്നെ ആകുന്നു ഈ വിവരിച്ച മൂന്നാംശങ്ങളിൽ ൧൦-൨൦ വർഷത്തിന്നകം അനെകർ ക്രിസ്തുമാർഗ്ഗം അംഗീകരിച്ചിരിക്കുന്ന തിരുനെല്വെലിദെശത്തുള്ള ക്രിസ്ത്യാനർ മുതലൂർ-സുവിശെഷപുരം-കടാക്ഷപുരം-മെഞ്ഞാനപുരം-നല്ലൂർ-ദൊനാവൂർ മുതലായ ഗ്രാമങ്ങളിൽ വസിച്ചു കൃഷികൈതൊഴിലുകളെയും നടത്തി ഉപജീവനം കഴിച്ചുവരുന്നു-

ഭുവനവിദ്യയുടെ വിശെഷങ്ങൾ പലതു
ആകാശനിന്നം

ഒരൊരൊ ദെഹത്തെ ഒഴുകുന്ന സാധനങ്ങളിൽ ആക്കി നിറുത്തുന്നതിന്നു വല്ലതായിട്ടുള്ള വിദ്യ വെണ്ടാ-വെള്ളത്തിൽ ആക്കിയാൽ കരുമരം മുതലായി ചിലമുള്ളതു ചിലതരം ഒഴികെ മരങ്ങൾ മിക്കവാറും നീന്തുന്നു-മരം വെണ്ടുവൊളം വല്ലതായാൽ കല്ലും മറ്റും കയറ്റിയാലും മരം വെള്ളത്തിൽ ആണ്ടുപൊകയില്ല-അതുകൊണ്ടു മനുഷ്യർ മരം കൊണ്ടു തൊണിയും കപ്പലും ഉണ്ടാക്കി ആളും ചരക്കും കയറ്റി പുഴകളെയും വങ്കടലെയും കടന്നു പൊവാൻ ശീലിച്ചിരിക്കുന്നു. അതുകൂടാതെ ഇരിമ്പു കൊണ്ടു കപ്പൽ ഉണ്ടാക്കുകയും നടപ്പാകുന്നു-ഇങ്ങനെ ഉള്ള കപ്പലിന്നു മരക്കപ്പലിന്റെ ഘനത്തൊളം ആക്കം ഉണ്ടാകയും ഇല്ല-ഇരിമ്പു തകിടാക്കി തടിക്കാഞ്ഞതായി വന്നാൽ ആ കപ്പലിന്ന ആകാശം വളരെ കൊള്ളുക കൊണ്ടു ആണ്ടുപൊകയില്ല—

പിന്നെ കനാനിൽ ഒർ ഉപ്പുപൊയ്ക ഉണ്ടു-അവിടത്തെ വെള്ളം വെയിലിന്റെ ഉഷ്ണത്താപിനാൽ അതിവെഗത്തിൽ വറ്റിപ്പൊകുന്നതു കൊണ്ടു ഉപ്പു വളർന്നു കലർന്നിരിക്ക

ന്നപൊഷ്ക്കൂടെ മനുഷ്യന്ന മുങ്ങുവാൻ കഴികയില്ല നീന്തുവാൻകൂട്ടം പഠിച്ചില്ല എങ്കിലും പാ
തിശരീരം മെല്പെട്ട് ഉയൎന്നു പൊങ്ങി കൊണ്ടിരിക്കും — പിന്നെ ഇരിമ്പിനെ അടിച്ചു പ
രത്താതെ കണ്ടു നീന്തിക്കൂടാം — രസം എന്ന ഒർ ഒഴുകുന്ന ലൊഹം ഉണ്ടല്ലൊ — രസത്തിൽ
ഒർ ഉണ്ടയൊ ആണിയൊ ചാടിയാൽ അതു മരം പൊലെ നീന്തും — അതിന്റെ കാരണം
രസത്തിന്ന ഇരിമ്പിനെക്കാളും ആ ഉണ്ട വെള്ളത്തിന്ന മനുഷ്യദെഹത്തെക്കാളും ഘ
നം അധികം ഉണ്ടു — ഈ പ്രകാരം തന്നെ വെള്ളത്തിന്റെ മീതെ എണ്ണയും ചില മനു
ഷ്യരും നീന്തും എന്നറിയാം — നാം കരമെൽ നില്ക്കുന്നവർ എങ്കിലും വലുതായിട്ടുള്ള
ഒരു സമുദ്രത്തിന്റെ അടിയിൽ തന്നെ വസിക്കുന്നു — ആ സമുദ്രം ആകാശം തന്നെ ആ
കുന്നു ആകാശത്തിന്ന ഘനവും തടിയും ഉണ്ടു അതു ആകാശം ഒഴുകുന്ന സാധനം ആ
കുന്നു എന്നും ചിലർ മാത്രം കെട്ടിട്ടുണ്ടായിരിക്കും ആയ്തു സത്യം തന്നെ — ഈ ആ
കാശത്തിൽ പക്ഷികൾ പറക്കുന്നതു കണ്ടാൽ അവരെ പൊലെ കയറുവാൻ സംഗതി
വരുമൊ എന്നു മനുഷ്യർ കൂടക്കൂടെ വിചാരിച്ചു ഒരൊരൊ കൌശലം പരീക്ഷിച്ചിരി
ക്കുന്നു — അതിന്നു വൈഷമ്യം ഉണ്ടുതാനും — പക്ഷികളുടെ ദെഹം ആകാശത്തെക്കാളും ഘന
മുള്ളതു എങ്കിലും ഒരൊരൊ തുവലിലും അസ്ഥികളിലും സഞ്ചികളെ പൊലെ ഉള്ള
നെഞ്ചിടങ്ങളിലും ആകാശം നന്ന നിറഞ്ഞിരിക്കുന്നതു കൂടാതെ തണ്ടും ഊഴവും എ
ന്ന പൊലെ ചിറകും വാലും എത്രയും ചിത്രമായിട്ടു ശരീരത്തൊടു ചെൎന്നു ലഭിച്ചിരി
ക്കുന്നു — പടച്ചവൻ പക്ഷിജാതികളെ ഉണ്ടാക്കിയ പ്രകാരം സൂക്ഷ്മമായി വിചാരിച്ചു ആ
ർ പറക്കും യന്ത്രം ചമെപ്പാൻ എത്ര വിദ്വാന്മാർ പ്രയത്നം ചെയ്തിട്ടും അത് ഒരു നാളും
സാധിച്ചില്ല — മീനെ നൊക്കിട്ടു തൊണികളെ തണ്ടും ഊഴവും സങ്കല്പിച്ചിരിക്കുന്നു പ
ക്ഷിയെ നൊക്കുകയാൽ മാത്രം അനുഭവം ഇല്ല — വിലാത്തിയിൽ ഒരുത്തൻ ഒരു യ
ന്ത്രം ചമെച്ചു കെട്ടി കൊണ്ടു ഉയൎന്ന ഗൊപുരമുകളിൽ നിന്നു ചാടിയപ്പൊൾ പറക്ക
വാൻ കഴിഞ്ഞില്ല എങ്കിലും ചിറകുകളുടെ വായുബലത്താൽ പതുക്കെ ഇറങ്ങി ശരീ
രത്തിന്നു ഹാനി വന്നതും ഇല്ല — എങ്ക്ലാന്തിലെ മല്ഗ്രസ്സരി എന്നൊരു വിദ്വാൻ ആ വക പ
രീക്ഷിക്കയാൽ അപമൃത്യു അകപ്പെട്ടുതാനും — നല്ല ചിറകുണ്ടാക്കുവാൻ ഉപായം തെ
താന്നാകയാൽ മറെറാന്നു വിചാരിപ്പാൻ സംഗതി വന്നു — ഒരു കുപ്പിയിലെ ആകാ
ശം മിക്കതും ഒഴിപ്പാൻ ൧൬൫൦ വൎഷത്തിൽ മുമ്പെ ഗെരിക്ക എന്ന വിദ്വാൻ വളരെ പ്രയാസ

പെട്ട് ഒരു വായുയന്ത്രം ചമെച്ചു — പക്ഷെ ആകാശം ഒട്ടും ഇല്ലാത്ത ഒരു പന്തൊ പാത്രമൊ ഉണ്ടാക്കുവാൻ കഴിഞ്ഞു എങ്കിൽ ആയതു പൊങ്ങി വരും എന്നു വിചാരിച്ചു ചിലർ ചെമ്പിന്റെ ലെശമായ തകിട്ടുകൊണ്ടു അങ്ങിനെ ചമെച്ചിരിക്കുന്ന അകത്തെ ആകാശം പൊയ ഉടനെ പുറത്തെ ആകാശത്തിന്റെ അമൎച്ചകൊണ്ട് അതു ചതഞ്ഞു വന്നു ചിഴുന്നു — അനന്തരം ചിലർ ആകാശത്തിൽ പൊങ്ങുന്നതു പുക തന്നെ അല്ലൊ ഒരു പട്ടുപന്തു വശത്തെച്ചു പുക നിറച്ചാൽ പക്ഷെ കയറുമൊ എന്നു പരീക്ഷിച്ചതു അതുവും നന്നായി വന്നില്ല — എന്നാറെ ലഘുവായിട്ടുള്ള ഒർ ആകാശഭേദത്തെ കവണ്ടിഷ് വിദ്വാൻ കണ്ടുകിട്ടിയാൽ കാൎയ്യസിദ്ധി വരുവാൻ തുടങ്ങി (തുടൎച്ച വരും)

കെരളപഴമ

൨൭., സുവരസ കപ്പിത്താന്റെ വരവു

൧൫൦൪ൽ. മഴക്കാലം തീൎന്നപ്പോൾ സുവരസ് കപ്പിത്താൻ ൧൩ കപ്പലൊടും കൂടെ പൊൎത്തുഗാലിൽനിന്നു വന്നു (സപ്തമ്പർ ൧൩) കണ്ണനൂർ കരെക്ക് ഇറങ്ങുകയും ചെയ്തു — ഉടനെ കൊലത്തിരി ആനയൊടും ൫൦൦൦ നായന്മാരൊടും കൂടെ സ്രാമ്പിലെക്ക് എഴുന്നള്ളി കപ്പിത്താനെ കണ്ടു സമ്മാനങ്ങളെ വാങ്ങി കൊടുക്കയും ചെയ്തു — അതല്ലാതെ കൊഴിക്കോട്ടിലുള്ള പൊൎത്തുഗീസർ ഒരു കത്ത് എഴുതി ഒരു ബാല്യക്കാരന്റെ കൈക്കൽ കൊടുത്തയച്ചതു വന്നെത്തി താമൂതിരി ഞങ്ങളെ വിട്ടുവിച്ചു കൊടുപ്പാൻ മനസ്സായിരിക്കുന്നു നിങ്ങൾ വടസമക്ഷിച്ചു സന്ധി ചെയ്താൽ ഞങ്ങളെ ഉടനെ വിട്ടയക്കും — എന്നു വായിച്ചപ്പോൾ — സുവരസ് കപ്പലെറി (ഒക്തൊം ൩) ശനിയാഴ്ച കൊഴിക്കോട്ടുതുക്കിൽ ചെന്നെത്തി — അധികാരികൾ ഭയപ്പെട്ടു പഴം മുതലായ കാഴ്ചകൾ അയച്ചതു വാങ്ങാതെ വെള്ളക്കാരെ എല്ലാം തനിക്ക് അയച്ചുതരെണം എന്നു ചോദിച്ചു — അനന്തരം കൊയപക്കി രണ്ടു പരക്കികളൊടും കൂട കപ്പലിൽ വന്നു കപ്പിത്താനെ കണ്ടു താമൂതിരിക്ക് ഇണക്കം ചെയ്വാൻ നല്ല മനസ്സുള്ള പ്രകാരം നിശ്ചയം വരുത്തി — അപ്പോൾ സുവരസ് ഗ്രഹിച്ചു പരക്കികളെ എല്പിച്ചാൽ പൊരാ ദ്രോഹികളായ രണ്ടു ഇതല്യക്കാരെയും കൂട എല്പിക്കണം എന്നു ചോദിച്ചു — താമൂതിരി അതു മാനക്കുറവല്ലീ എന്നു വെച്ചു സമ്മതിയാതെ പരക്കികൾ ആരും ഒടിപ്പോകരുത് എന്നു കല്പിച്ചു എല്ലാവരെയും തടവിൽ ആക്കിച്ചു — സുവരസ് അവരുടെ സൌഖ്യം വിചാരിയാതെ പിന്നെയും ഒന്നു

രണ്ടുദിവസം പട്ടണത്തിന്നു നെരെ വെടിവെച്ചു നാശങ്ങളെ ചെയ്തു പുറപ്പെട്ടു ഓടി (൧൭൯൯) കൊച്ചിയിൽ ഇറങ്ങുകയും ചെയ്തു — ഇതു കെട്ടാറെ പെരിമ്പടപ്പു താമസം കൂടാതെ എഴുന്നെള്ളി കപ്പിത്താനെ കണ്ടു ആശ്ലെഷിച്ചു പചെക്ക ചെയ്ത സൽകൃതങ്ങളെ എല്ലാം അറിയിച്ചപ്പൊൾ പൊർത്തുഗാൽ രാജാവിന്റെ സമ്മാനങ്ങളെ വാങ്ങി കണ്ണീർ വാർത്തു സ്തുതിക്കയും ചെയ്തു —

അക്തൊബർ മാസത്തിൽ പചെക്ക കൊല്ലത്തുനിന്നു മടങ്ങിവന്നു — രാജാവും പറങ്കികളും ഒരുമിച്ചു കൊടുങ്ങല്ലൂർ എന്നും മഹൊദെവർ പട്ടണത്തെ ആക്രമിപ്പാൻ നിശ്ചയിച്ചു — അവിടെ പടിഞ്ഞാറെടം എന്ന ക്ഷത്രിയൻ സ്വതന്ത്രവം വാഴുന്നു — അന്നുള്ള പരതാമൂതിരിയുടെ മെല്ക്കൊയ്മയെ അനുസരിച്ചു പാർത്തു വരുന്നതായിരുന്നു — നഗരം മുമ്പെ പെരുമാക്കന്മാരുടെ രാജധാനിയാകകൊണ്ടു എത്രയും വലുതും ദ്രവ്യസമ്പൂർണ്ണവും പ്രസിദ്ധി ഏറിയതും ആയിരുന്നു — പണ്ടു തന്നെ യഹൂദന്മാർ അവിടെ വന്നു കുടിയെറി യൊസഫറബ്ബാൻ എന്ന അവരുടെ തലവന്നു അഞ്ചുവണ്ണം എന്ന ദെശവും ജന്മിഭൊഗവും ചുങ്കം മുതലുള്ള പ്രാപാരവും പെരുമാൾ കല്പനയാൽ കിട്ടുകയും ചെയ്തു — അപ്രകാരം തന്നെ നസ്രാണികൾ ആകുന്ന സുറിയാണികളും പാർസി ക്രിസ്ത്യാനവകക്കാരായ മണിഗ്രാമക്കാരും മുസല്മാനരാം മറ്റും തിരഞ്ഞു വന്നപ്പൊൾ — വിലാത്തിയിലെ കച്ചവടസ്ഥലങ്ങളിൽ നടക്കുന്നതു പൊലെ കൊടുങ്ങല്ലൂരിലും സ്വതന്ത്രവ്യവസ്ഥ ഉണ്ടായിവന്നു — അതെങ്ങിനെ എന്നാൽ വെവ്വെറു വകക്കാർ താന്താങ്ങൾക്കു ബൊധിച്ച പ്രകാരം അവരൊധികാരികളെ തെരിഞ്ഞെടുത്തു ആയവർ കൂടിവിചാരിച്ചു ചെട്ടികൾ യഹൂദർ ക്രിസ്ത്യാനർ മുസല്മാനർ ഇങ്ങനെ കുടിചെന്ന ചെട്ടികൾ നാലിൽനിന്നും ൪ അധികാരികളെ കൊണ്ടു നിശ്ചയിച്ചു കാര്യാദികളെ നടത്തിക്കയും ചെയ്യും — കൊഴിക്കൊട്ടു ചൊനകരുടെ സഹായത്താൽ കച്ചവടത്തിന്നു മികെച്ച സ്ഥാനമായി വന്ന ശെഷം കൊടുങ്ങല്ലൂരിന്റെ മഹത്വം മാഞ്ഞു പൊയി തിരുവഞ്ചിക്കുളത്ത അഴിമുഖം ക്രമത്താലെ നെന്നു ആഴം കുറകയും ചെയ്തു —

അന്നു താമൂതിരിയുടെ കപ്പൽ പ്രമാണി ആയ മയിമാനിഹം പടകുകളൊടും കൂടെ കൊടുങ്ങല്ലൂർ പുഴയിൽ പാർത്തു നമ്പികാതിരിയെ സൈന്യങ്ങളൊടു കൂടെ പള്ളിപ്പുറത്തു കടവു കടപ്പാൻ ഒരുങ്ങി ഇരുന്നു — അതുകൊണ്ടു സ്വവരസ്സും പചെക്കും പറങ്കികളും അനെകം പടകുകളിൽ ആക്കി രാത്രികാലത്തു പതുക്കെ ഓടി പള്ളിപ്പുറം വഴിയായി കൊടുങ്ങല്ലൂരി

ലെക്ക ചെന്നന്നേരം വിചാരിയാതെ നെരത്തു പടത്തുടങ്ങുകയും ചെയ്തു — കപ്പൽ പ്രമാ
ണിശ്രെഷ്ഠന്മാരായ രണ്ടു പുത്രന്മാരൊടു കൂട പൊരുതു മരിച്ചു പടക്കുകൾ ചിതറി പൊകാ
ഞ്ഞത് ഒക്കയും ചുട്ടുപൊയി നായന്മാർ വീടുകളിൽ കയറി വെട്ടും അമ്പും പ്രയൊഗിച്ചു
ചെറുത്തു നില്ക്കകൊണ്ടു പൊൎത്തുഗീസർ അങ്ങാടിക്കും തീ കൊടുത്തു — അന്ന രാത്രിയി
ൽ ഉണ്ടായ സങ്കടം പറഞ്ഞു കൂടാ — നസ്രാണികൾ വീടുകളിൽ നിന്ന ഓടി വന്നു ഈ
ശൊമശിഹാ നാമത്തെ വിളിച്ചു പ്രാണങ്ങളെയും കുഞ്ഞികുട്ടികളെയും പള്ളികളെ
യും രക്ഷിക്കെണമെ കൎത്താലും ഗാമയും നിങ്ങൾക്കു അഭയം തന്നുവല്ലൊ എന്നിങ്ങി
നെ വളരെ മുറയിട്ടപ്പൊൾ പറങ്കികൾ നായന്മാരെ പട്ടണത്തിൽ നിന്ന ഓടിച്ചു ഉടനെ നസ്ര
ാണികളുടെ അങ്ങാടിയെയും പള്ളികളെയും തീ കെടുത്തു രക്ഷിപ്പാൻ നൊക്കി
മാപ്പിളമാൎക്കും യഹൂദന്മാൎക്കും ഉള്ള വസ്തുക്കൾ ഒക്കയും കത്തി കവൎന്നെടുത്തു മഹാ
ഘൊഷത്തൊടും കൂട കൊച്ചിയിൽ മടങ്ങി പൊകയും ചെയ്തു — അന്നു മുതൽ യഹൂദന്മാർ
തങ്ങളുടെ ജന്മഭൂമിയെ വിട്ടു അടുക്കെ ഉള്ള ഊരുകളിൽ പൊയി പാൎത്തു — യരുശലെം
നഗരനാശം പൊലെ ഇതു കലാപം എന്ന മുറയിട്ടു പല്ലവർ കൊടുങ്ങല്ലൂരിൽ വന്ന കുടി
പ്പണി ചെയ്താലും അവിടെ നിന്ന ഉണ്ടാകുന്നതൊക്കെ പുഴക്കടെ അക്കരെ പൊയി ത
ന്നെ ഉണ്ണും — മരിച്ചാൽ അതു വല്ലൊ എന്ന ജന്മഭൂമിയിൽ നിന്ന ഒരു പിടി മണ്ണ എ
കിലും കുഴിയിൽ ഇട്ടുവെണം കൂടെ അതിന്ന എന്ന കെട്ടിരിക്കുന്നു —

താമൂതിരിയുടെ പടക്കും കപ്പലിന്നും അപജയം വന്നതു കെട്ടു ഉടനെ താനൂരിലെ വെ
ട്ടത്തുകൊയിൽ തക്കം വിചാരിച്ചു നാട്ടും ആളും കച്ചവടവും ഒക്കയും കൊഴിക്കൊട്ടു
താമൂതിരിയുടെ കൈവശത്തിൽ ആയി പൊയി കണ്ടും ഇപ്പൊൾ പൊന്നാനി അഴിമു
ഖത്തെയും സ്വാധീനത്തിൽ ആക്കി എന്നെ പിഴുകുവാൻ നൊക്കുന്നു എന്നു നിനച്ചു
സങ്കടപ്പെട്ടു കൊടുങ്ങല്ലൂരിൽ നിന്ന ഓടിച്ചു പൊകുന്ന നായന്മാരെ വിരൊധിച്ചു പ
ട വെട്ടി ജയിച്ചു പറങ്കികളൊടു തുണയാകുവാൻ അപെക്ഷിക്കയും ചെയ്തു — അതി
ന്നായി രഹസ്യമായി അനെകം പത്തൻ ആളുകളൊടും കൂട അവനെ സഹായിപ്പാൻ
താനൂരിൽ വന്നു രാജാവിന്നു ജയം കിട്ടിയ ദിവസത്തിൽ ഒത്തുകൊണ്ടു വന്നതു ന
ല്ലതു തന്നെ എങ്കിലും ഇപ്പൊൾ പൊക താമൂതിരിയെ ജയിപ്പാൻ ഞാൻ തന്നെ മതി
എന്നു ഗൎവ്വിച്ചു വിട്ടയക്കയും ചെയ്തു — പിന്നെ ചുങ്ക ഭയം അധികമായപ്പൊൾ അവൻ പ

രക്ഷിക്കുന്ന കാൎയ്യം കല്പനയും അയച്ചു ക്ഷമ ബോധിക്കയും ചെയ്തു—

൨൩.) സ്വരൂപം പഴശ്ശെക്കും മടങ്ങിപ്പോയതു.

പറങ്കികൾ പഴശ്ശെക്കു ചെന്ന ചരക്കുകളെ ഒക്കയും കയ്യിലാക്കിയതിന്റെ ശേഷം പട്ടണ ക്ഷേത്രമതിലായ സ്ഥലത്തെ പാൎപ്പിച്ചു പിന്നെ യാത്രക്കൊരുമ്പെട്ടു— പഴശ്ശെക്കു വേറി ടപ്പെടുന്നതു കണ്ടപ്പോൾ രാജാവിന്റെ ഭാവം പകൎന്നു നിങ്ങൾ ഞാൻ എന്നതെര ണ്ണം എന്റെ ദാരിദ്ര്യം അറിയുന്നവല്ലോ ഞാൻ പോൎത്തുഗാലിന്റെ ചോറു തന്നെ ഉണ്ണുന്നു— മനസ്സിൽ ഒരു അനുഗ്രഹമെ ഉള്ളു നിങ്ങൾ ഇവിടെ പാൎക്കേണം എന്നതന്നെ എങ്കിലും കപ്പിത്താന്റെ ഗാംഭീൎയ്യം നിമിത്തം ബോധിപ്പാൻ മടിക്കുന്നു എന്ന കേട്ടാറെ പഴശ്ശെ മന്ദഹാസം പൂണ്ടു വിചാരം അരുതെ നിങ്ങളുടെ സ്നേഹം എനിക്കു മതി ഞാൻ മടങ്ങി വരും അപ്പോൾ നിങ്ങൾക്ക് ഐശ്വൎയ്യം വൎദ്ധിച്ച പ്രകാരം കാണും പോൽ എന്നു ചൊല്ലി ആശ്വാസവും ബുദ്ധിയും ഏകി പോവാറായപ്പോൾ തമ്പുരാൻ പോൎത്തുഗാൽ രാജാവിന്നു പഴശ്ശിന്റെ പ്രവൃത്തികൾ എല്ലാം വിസ്തരിച്ചെഴുതിയ കത്തും കൊടുത്തു അതു കൂടാതെ ഒരു ചെമ്പിശത്തും എഴുത്തും നല്കി— അതിന്റെ വിവരം കേരളഉണ്ണി രാമൻ കോയിൽ തിരുമുമ്പാടു കോഴിരാജാവ വൈപ്പിൽ അടവിൽ ചെറുവൈപ്പിൽ നടുക്കനാട്ടും വാഴുന്നൊർ അരുളിച്ചെയ്കയാൽ ൬൮൩ാം ആണ്ടു മീനമാസത്തിൽ കുന്നലക്കോനാതിരി രാജാവു പടതുടങ്ങിയപ്പോൾ പഴശ്ശെക്കു നിത്യം ചെറുത്തു യുദ്ധം കൊണ്ടു നമ്മുടെ രാജ്യം രക്ഷിച്ചിരിക്കുന്നു അതിനാൽ അവനും സന്തതിക്കും ഈ ചെമ്പിശത്തും പഴശ്ശമേൽ അവൻ തോല്പിച്ച അന്യരാജാക്കന്മാരുടെ ഉപൊഴുതികളും താക്കൃതിയിലൊട്ടുണ്ടായ അഴുപ്പങ്ങളുടെ കുറി കൂറുള്ള ആയുധചിത്രങ്ങളും എഴുതി കൊടുത്തിരിക്കുന്നു എന്നു ചിറികണ്ടൻ എഴുത്തു— ൧൫൦൯ാം ക്രിസ്താബ്ദം = അതിന്റെ ശേഷം സുവരസ് കപ്പിത്താൻ കോഴിക്കോട്ടു പട്ടമാർ ചിലർ അരികിച്ചു വിചാരിക്കവെ പന്തലായിനി കൊല്ലത്തു അനേകം അറവിത്തൎക്കി പ്രകാരം കൂടി വ്യാപാരനാശം നിമിത്തം കേരളം വിട്ടു മക്കമുതലായ രാജ്യങ്ങളിലേക്കു മടങ്ങി പോവാൻ വട്ടം കൂട്ടുന്നുണ്ടു എന്നതു കേട്ടു സുവരസ കൊച്ചിയെ വിട്ടു പന്തലായിനിയിൽ കണ്ട കപ്പലുകളെ ചുട്ടു (ദശംബർ) പോൎത്തുഗാലിൽ കടി എത്തി രാജാവെക്കിയ പത്തകാന്താൽ സന്തോഷിപ്പിക്കയും ചെയ്തു—

Fr. Müller. Editor.

നമ്പ്ര ഒന്നിന്ന് **പശ്ചിമോദയം** ൧ പൈസ്സവില
൨൩ നമ്പ്ര തലശ്ശെരി ൧൮൫൧ ഡിസെമ്പ്ര

ഭൂമിശാസ്ത്രം

ഭാരതഖണ്ഡം

൧൭ ദക്ഷിണഖണ്ഡവും ലങ്കാദ്വീപും (തുടൎച്ച)

൨. ലങ്കാദ്വീപു ഭാരതഖണ്ഡത്തിന്റെ തെക്കെ തുടൎച്ചയത്രെ ആകുന്നു രാമനാഥപുരത്തനിന്നു കിഴക്കൊട്ടു സെതുബന്ധം മുതലായ തുരുത്തികൾ ദ്വീപിനെ ദക്ഷിണഖണ്ഡത്തൊടു ഒരു പാലം പൊലെ ചെൎത്തിരിക്കുന്നു ഏകദെശം ൭ കാതം വിസ്താരമുള്ള മണ്ണാറു ഇടുവഴങ്ങളെ ചെറുതുരുത്തികളുടെയും ലങ്കാദ്വീപിന്റെയും നടുവിലെ രണ്ടു ഭൂമികളെ വെൎതിരിച്ചുള്ള ഇടക്കടലാകുന്നു കന്യാകുമാരിയിൽനിന്നൊ ലങ്കാദ്വീപൊളം ൩൨ കാതം ദൂരം ഉണ്ടു ഇതിനെ ഈ ദ്വീപു ബങ്കാളസമുദ്രത്തിലെ തെക്കെ പ്രവെശനത്തിൽ ഒരു കൊഴിമുട്ടയുടെ ആകൃതിയുണ്ടു ഏകദെശം ൭൦ കാതം നീളവും ൩൫ കാതം വീതിയും ൨൦൦ കാതം ചുറ്റളവും ൯൪൦൦ മാത്രം ചതുരശ്രയൊജന വിസ്താരവുമായി ൧൫ ലക്ഷം നിവാസികളൊടും കൂട സിന്ധുസമുദ്രത്തിൽനിന്നു പൊങ്ങിനില്ക്കുന്നു —

ദ്വീപിന്റെ കടപ്പുറങ്ങൾ പലവിധം ആകുന്നു തെക്കും കിഴക്കും ഭാഗക്കെ പടിഞ്ഞാറും മലകളും പാറകളും കടല്ക്കരയൊളം നീണ്ടു നില്ക്കുന്നു തെക്കെ അംശത്തിൽ വിശെഷമായ തുറമുഖങ്ങൾ ചുരുക്കം — വടക്കെ അംശത്തിലുള്ള കടപ്പുറങ്ങളുടെ അവസ്ഥ വെറെ — ദെശം മിക്കതും താണ ഭൂമിയാക കൊണ്ടു പലദിക്കിലും കടൽക്കരയ്ക്കു നാട്ടകം വരെ വലിയ കപ്പലുകൾ പ്രവെശിപ്പാൻ ഇടം ഉള്ള തുറമുഖങ്ങളായിരിക്കുന്നു — മഹാവല്ലിഗംഗ മുതലായ നദികൾ സമുദ്രത്തിൽ ചെരുന്ന അഴിമുഖങ്ങളിലും കപ്പലുകൾ അണഞ്ഞു നില്ക്കേണ്ടതിന്നു ചില സ്ഥലങ്ങൾ ഉണ്ടു അവറ്റിൽ ത്രിക്കൊണമലതുറമുഖം വിശെഷമായത — ദ്വീപിന്റെ വടക്കെ അരസമീപത്തുള്ള ചെറുതുരുത്തികളിൽ കല്പിതി — മണ്ണാറു — യാഴ്പാണം എന്നിവ പ്രധാനം —

ദ്വീപിന്റെ തെക്കെ അംശത്തിൽ ഏകദെശം ൧൫ കാതം നീളവും ൧൦ കാതം

ഷിതിയുമായമലനാട്ടുപലശിഖരങ്ങളോടും ശാഖകളോടും കൂടനാലുദിക്കിലും വ്യാപിച്ചിരിക്കുന്നതിന്റെ മദ്ധ്യത്തിലും ൪–൫ കാതം വിസ്തിയുള്ളൊരു പ്രദെശം പല ശുഭതാഴ്വരകളോടും കൂടഅതിന്റെ അടിയായിനിന്നു ഒരൊ പുഴകളെ കടല്പുറത്തെക്കണ്ണയച്ചുവിടുന്നതിന്റെ പുറമെയുള്ളദെശം താണും ഭിന്നമായും പലവിധെന കടലൊളം എത്തികിടക്കുന്നു — മലപ്രദെശത്തിലെ മുഖ്യമായശിഖരങ്ങൾ ൭൨൦൦ കാലടി ഉയരമുള്ള നാമന്കുളികണ്ടിയും അതിന്റെ സമീപത്തിങ്കൽ ൭൪൦൦ കാലടി ഉയൎന്നിരിക്കുന്ന സമനെല്ലയും തന്നെ സമനെല്ലക്കു ശ്രീപാദം എന്നപെരും നടപ്പായിവന്നിരിക്കുന്നതിന്റെ കാരണം പണ്ടു ലങ്കാദ്വീപിൽ അനെക ദുഷ്ടതങ്ങളും ക്രൂരസത്വങ്ങളും നിറഞ്ഞുവാണുകൊണ്ടിരുന്നപ്പൊൾ വിഷ്ണു ഇവകെക്കനീക്കം വരുത്തുവാൻ നിശ്ചയിച്ചു ബുദ്ധനായി അവതരിച്ചു ഭയങ്കരമായ ഭൂകമ്പങ്ങളോടും ഇടികളോടും കൂടലങ്കയിൽ ഇറങ്ങി ദുഷ്ടങ്ങളെ ഉജ്ജയിച്ചു രാജ്യഭ്രംശം വരുത്തി ബൌദ്ധമതം ജനങ്ങളൊടുപദെശിച്ചു നടത്തി രാജാവിന്റെ പ്രാൎത്ഥനയാലെ സമനെല്ലമല കയറി പാറമെൽ ചവിട്ടി സ്വമതക്കാൎക്കു തിരുകാലിന്റെ രൂപം ആശ്രയസ്ഥാനമാക്കി കൊടുക്കയും ചെയ്തു — ഇനുപഴമ അനുസരിച്ചു അനെക ബൌദ്ധന്മാർ സംവത്സരം തൊറും ആമല കയറി കാഴ്ചവെച്ചു ഉത്സവം കൊണ്ടാടി ലങ്കാദ്വീപിൽ വിശുദ്ധഭൂമി സമനെല്ലമല തന്നെ എന്ന പ്രമാണിച്ചുകൊണ്ടിരിക്കുന്നു — ആ മലപ്രദെശത്തിൽനിന്നു ഉത്ഭവിച്ചു നാലുദിക്കിലെക്കും ഒഴുകിചെല്ലുന്ന നദികളിൽ ത്രിക്കോണമല സമീപത്തു സമുദ്രത്തിൽ കൂടുന്ന മഹാവെല്ലഗംഗയും കളമ്പുപട്ടണത്തിൻ അരികിൽ വെച്ചു കടലൊടു ചെരുന്ന കലാണിഗംഗയും കല്ത്തുറനഗര സമീപത്തിങ്കൽ ആഴിയെ പ്രാപിക്കുന്ന കാർഗംഗയും പ്രധാനം —

ദ്വീപിലെ ഉല്പത്തികൾ പലവിധമാകുന്നു — മലകളിൽനിന്നും പുഴമണ്ണിൽനിന്നും പൊൻ വെള്ളി ഇരിമ്പു മുതലായ ലൊഹങ്ങളെ വിളഞ്ഞെടുക്കുന്നു അതുമല്ലാതെ പലദിക്കിൽനിന്നും ഒരൊവിധം രത്നങ്ങളെയും കണ്ടുകിട്ടിവരുന്നു ഇലാ പുത്തടങ്ങി വടക്കെ തൂക്കുമന്നാറുദ്ധാസ്ഥാനം അനെകവിധം മുത്തുകളൊടുമുള്ള കടൽകൈ വഴിയിൽനിന്നും സമൃദ്ധിയായിട്ടാക്കാവെണ്ടുന്ന ഉപ്പും വിളയിച്ചെടുക്കുന്നു — രാജാക്ക

രാക്കും മഹാലൊകൎക്കും പുഷ്ട്യാരൊഗ്യങ്ങളായി ശൊഭിക്കുന്ന വൃക്ഷങ്ങളും ലങ്കാദ്വീപിന്റെ വടക്കെ പടിഞ്ഞാറെ കടലിൽനിന്നടുത്തു വരുന്ന — ഫലവൃക്ഷങ്ങളിൽ തെങ്ങ — കമുങ്ങ പിലാവു മറ്റും പ്രധാനം വിശെഷധാന്യം നെല്ലു തന്നെ വലപിധം കിഴങ്ങുകളും കുറവില്ല ഇവ കണ്ടല്ലാതെ പിലാത്തിക്കാർ ദ്വീപിൽ വന്ന സമയം മുതൽ കാപ്പി — കറുപ്പ — പുകയില — നാരങ്ങ — ജാതിക്കായി — മുളകു മുതലായ ഫലങ്ങളും പല സുഗന്ധദ്രവ്യങ്ങളും അത്യന്തം വൎദ്ധിച്ചു വന്നിരിക്കുന്നു — പട്ടുനൂൽ — പരുത്തി — വക്ക എന്ന വസ്ത്രസാധനങ്ങളെ കൊണ്ടു കച്ചവടം വളരത്തിടെ നടക്കുന്നു — കാട്ടുമൃഗങ്ങളിൽ ആന — പൊത്ത — കാട്ടുപന്നി മുതലായവയും നാട്ടിൽ ആടു പശു ആദികളും പ്രധാനം പുഴകളിൽ ചീങ്കണ്ണിയും നാട്ടിൽ സൎപ്പജാതികളും പെരുകി വസിക്കുന്നതു മല്ലാതെ ഒരു വക അട്ട എങ്ങും പരന്നു പ്രത്യെകം വഴിപൊക്കരെ അത്യന്തം ഉപദ്രവിക്കുന്നു —

ലങ്കാദ്വീപിലെ വിശിഷ്ട നഗരങ്ങളും ഉറുതുകളും മിക്കവാറും ചുറ്റുമുള്ള കടല്പുറങ്ങളിൽ തന്നെ ആകുന്നു —

മണ്ണാറു — കതിരമല എന്നുള്ള ചെറുതുരുത്തികളിൽനിന്നല്പം വടക്കൊട്ടു ഏകദെശം ൬ കാതം നീളമുള്ള കച്ചതീവു എന്ന അൎദ്ധദ്വീപു ചില തുരുത്തുകളൊടും കൂട വടക്കൊട്ടു തന്നെ നീണ്ടു കിടക്കുന്നു നിവാസികളുടെ മുഖ്യ പ്രവൃത്തി കൃഷിയും മീൻപിടിയും തന്നെ ചിലർ തെങ്ങ ഉണക്കമീൻ മുതലായ ചരക്കുകളെ കൊളമ്പു പട്ടണത്തിലെക്കും മറ്റും തൊണിവഴിയായി കൊണ്ടുപൊയി കച്ചവടം നടത്തുന്നു — പുട്ടലം എന്ന കൊട്ടയിലും അഞ്ചാടിയിലും ഉള്ള ജനങ്ങൾ മിക്കതും മലയാളികളും തമിഴരും തന്നെ അവർ ... മുക്കുടങ്ങടക്കയും മറ്റും തൊണികളിൽ കയറി തിരുനെല്വെലി മുതലായ ദെശങ്ങളിൽ കൊണ്ടു പൊയി വിറ്റും അവിടെനിന്നു പല ചരക്കുകളെ വാങ്ങി കൊണ്ടുവന്നും കച്ചവടം ചെയ്തു ഉപജീവനം കഴിക്കുന്നു —

അവിടെനിന്നല്പം തെക്ക ചതുപ്പുസ്ഥലങ്ങളുടെ നടുവിൽ ഉള്ളതാകുന്നു അൎദ്ധദ്വീപിന്മെൽ ജിലാവു എന്ന ചെറിയ നഗരം മലയാളികൾ പാൎക്കുന്ന ദെശത്തിന്റെ തെക്കെ അതിരായി കിടക്കുന്നു — നിവാസികൾ മിക്കവാറും [illegible] മാരാകുന്നു.

ബ്രാഹ്മണരൊക്കൊട്ടയതിലുള്ളപുരാണക്ഷെത്രങ്ങളിൽവന്നിരിക്ഷുഭിക്ഷകളുളവ ളിലവനംകളിലുംകൊണ്ടിരിക്കുന്നു — കാവെരിനദിയുടെതെക്കെകരമെൽനാഗപ്പ ട്ടണംതഞ്ചാവൂർകുംഭകൊണംതിരുക്കുഴ്ഞ്ഞാദികൾപെരുകിനതൊട്ടങ്ങളുടെനടു വിൽമിളുങ്ങിരിക്കുന്നിവാസികൾ [illegible] ഹൊല്ലന്തരുടെസന്തതികൾഅവരു ടെപ്രവൃത്തി [illegible]

മലപ്രദെശത്തിൽനിന്നവഴിഞ്ഞൊരൊട്ടൊഴുകുന്നകലാവതിഗംഗയുടെഅഴിമുഖത്തു ന്നുനൊക്കുമ്പൊൾഅത്തിന്നസമമായഭൂമിയിൽകൊളമ്പുഎന്നപ്രധാനപട്ടണംഇങ്ക്ലി ഷഗൊവർണ്ണർഅദ്ധ്യക്ഷൻമുതലായസ്ഥാനികളുടെവാസമാകുംവിലാത്തിന ഗരത്തിന്നസാദൃശ്യമാകുന്നില്ലഅവിടെവസിക്കുന്നഹൊല്ലന്തർപൊത്തു ഗീസർഇങ്ക്ലിഷ്‌കാർസിംഹളക്കാരമുസല്മാന്മാരുംമറ്റുംഎല്ലാംകൂടിയാ ൽനിവാസികളുടെസംഖ്യഎകദെശം൫൦൦൦൦ആയിരിക്കുംവിസ്താരമുള്ള തുറമുഖത്തിൽ [illegible] ൩൦൦—൫൦൦കപ്പലുകളുംപത്തെമാരികളുംഅങ്ങ ങ്ങുവന്നുചരക്കുകളിറക്കുകയുംകയറ്റുകയുംചെയ്യുന്നതകൊണ്ടുഅവിടെന ടക്കുന്നകച്ചവടംഅല്പംഅല്ലഎന്നറിയാംസിംഹളർപാർക്കുന്നപട്ടണാംശത്തി ന്നുംഅഞ്ചാറു [illegible]

കൊളമ്പിൽനിന്നഎകദെശം൭൦നാഴികവഴിതെക്കൊട്ടുപുന്തൊഗാലകൊട്ട [illegible] ത്രയുംനല്ലതുറമുഖംഅതി ന്റെ [illegible] വന്നതുഅവിടെപാർക്കുന്നവില ഹൊല്ലന്തർഅല്ലാതെനിവാസികൾഎല്ലാവരുംസിംഹളർതന്നെ—

പുന്തൊഗാലയിൽനിന്ന [illegible] കിഴക്കെകടപ്പുറ ത്തു [illegible] ഫലവൃക്ഷങ്ങൾആനമുതല ായമൃഗങ്ങൾനിറഞ്ഞകാടുകൾപലബൌദ്ധക്ഷെത്രങ്ങൾഉന്നതകൾകൊട്ടക ൾതുറമുഖങ്ങൾഎന്നിവറെക്കൊണ്ടുശൊഭിക്കുന്നവിശിഷ്ടനഗരങ്ങൾമധ്യ രക്ഷദെവനുറുതം [illegible] ശാലൊന്നുംതന്നെ

ആകാശനിന്നം (ദൃഷ്ടം)

ജലവായുഎന്നതർന്ന്ആകാശംഉണ്ടു—അതുഅക്കുവാനിക്കസകലസാധനങ്ങ

ളിലും ഘനം കുറഞ്ഞു - സാധാരണാകാശത്തിന്റെ ഘനം എന്നെന്നു ചൊദിച്ചാൽ
ഒരു കുപ്പി നിറയ വെള്ളം ൮൱ കുപ്പിയിലെ ആകാശത്തൊട ഒക്കും. പിന്നെ ആകാ
ശം നിറഞ്ഞ ഒരു കുപ്പി ൧൪ കുപ്പി ജലവായുവൊടു സമമായി നില്ക്കും - ഇങ്ങിനെ ഉള്ള
ജലവായു ഘനം വസ്ത്രത്തിന്നു മുമ്പെ രസവാദികൾക്കു കണ്ടുകിട്ടിയതിന്റെ ശെഷം കുട്ടിക
ൾ കടലാവണക്കിന്റെ ചാറു കൊണ്ടു പൊക്കുള ഊതി ഉണ്ടാക്കുന്നതു പൊലെ ഒരുത്ത
ൻ ജലവായുവെ ഊതി പൊക്കുളയിൽ നിറെച്ചാൽ അതി വെഗത്തിൽ ആകാശത്തി
ൽ കയറി പൊകും എന്നും കണ്ടിരിക്കുന്നു — അതിന്റെ ശെഷം പരിന്ത്രിസ്സായ മൊം
ഗൊൽഫ്യെ തുണി കൊണ്ടു ൧൦൦ മുളം ചുറ്റളവുള്ള പന്തുണ്ടാക്കി കടലാസ്സു കൊണ്ടു പൊ
തിഞ്ഞു പുൽത്തിയുടെ പുകയും നിറച്ചു കൂടിച്ചപ്പൊൾ വന്നു കെട്ടിയ കയറു അറുത്ത ഉടനെ
അത് ആറായിരം അടി ഉയരത്തൊളം കരെറി എങ്കിലും തുണിയുടെ പഴുതുകൾ
സൂക്ഷ്മമായി അടഞ്ഞിട്ടില്ലായ്കകൊണ്ടു പുറമെ ഉള്ള ആകാശം ഉള്ളിൽ കടന്നു നിറ
ഞ്ഞപ്പൊൾ അതു ക്രമത്താലെ ഘനം കൂടി വീണു പൊയി -

ആയതല്ലൊ രാജ്യക്കാരും അറിയെണ്ടതിന്നു വർത്തമാനക്കടലാസ്സുകളിൽ വിവര
മായി വർണ്ണിച്ചെഴുതിയതിന്റെ ശെഷം ശാൾസ എന്ന പറിസിലെ ശാസ്ത്രി പട്ടു കൊ
ണ്ടു ഒരു ചെറിയ പന്തുണ്ടാക്കി അരക്കു കഷായത്തിൽ ഗൊന്തു ചെർത്തു പുറമെ
തെച്ചു ഉള്ളിൽ ജലവായുവെ നിറെച്ചു പറിസിൽ നിന്നു പറപ്പിച്ചു (൧൭൮൩ ക്രിസ്താബ്ദം)
- ആസ്ത്രൾപ്പി നാഴികയകം ൩൦൦൦ അടി ഉയരം ഉള്ള മെഘങ്ങളിൽ കരെറി മറഞ്ഞു മി
ല നാഴിക കഴിഞ്ഞ ശെഷം ൪ കാതം ദൂരത്തു ചെന്നു വീണു — അതിനാൽ ശാസ്ത്രികൾക്കു
അല്പം സന്തൊഷം വന്നപ്പൊൾ പഴുതുകൾ എല്ലാം ഐത്രയും സൂക്ഷിച്ചടക്കുന്ന ഒരു തെപ്പ
അമ്പെഷിച്ചു അപ്രകാരം ഒരുത്തൻ ഉണ്ടാക്കി ഒരു ചെറിയ പന്തിന്മെൽ തെച്ചു ജലവാ
യുവെ നിറെച്ചടെച്ചപ്പൊൾ പന്തു വീട്ടിന്റെ അകത്തു നിന്നു യത്നമെച്ചൊട്ടു ചെന്നു മു
ട്ടി ൩ മാസം വീഴാതെ പൊന്തു — എന്നാറെ പരീക്ഷക്കായി പന്തിനെ പുറത്തു കൊണ്ടു വ
ന്നപ്പൊൾ അതിനെ കെട്ടിയ കയറു അറെച്ചപ്പൊൾ വന്നു മെല്ലെട്ടുക്കു പറന്നു പൊയി മടങ്ങി
വീണു കണ്ടതും ഇല്ല -

അതിന്നു മുമ്പിൽ ഒരു ജീവിയും പന്തൊടു കൂട ആകാശത്തിൽ കരെറി പൊയില്ല - അ
പ്പൊൾ മൊംഗൊൽഫ്യെ ഫ്രാഞ്ചി രാജാവിന്റെ സന്തൊഷത്തിന്നായി ഒരു ദിവസം

ഒരോട്ടുകൊഴിവത്തു ഇന്ത്യന്മാരെയും ഒരു കോട്ടയിൽ ആക്കി പലതോടു ചെത്തു കെട്ടി പ
ഷ്ഷിച്ചു അവമൃന്നം പടിസപട്ടണത്തിന്ന ഒരു കാതം ദൂരെ വിളനഹാനികളും കൂടാതെ
വരികയും ചെയ്തു — വഴിയിൽ വെച്ചു കണ്ടതും ഗ്രഹിച്ചതും മാത്രം ഒന്നും അറിവാറായില്ല
— അതുകൊണ്ടു റൊഡ്രിഗ് എന്ന വിദ്വാൻ ഘനം ചുരുങ്ങിയ ഒരു പത്തിയെ പലതോടും ചെത്തു
കെട്ടി താൻ അതിൽ ഇരുന്നു മെല്ലെട്ടു കയറുവാൻ തുനിഞ്ഞു — എങ്കിലും ൧൦൦ അടി ഉയര
ത്തിൽ അധികം കയറിക്കൂടാ എന്നു കണ്ടിക്കയാൽ [illegible] ഒരു നേരം [illegible] ത്തു കയറു
വലിപ്പിച്ചതിനാൽ ഇറങ്ങി വരികയും ചെയ്തു — ഇതും പോരാ എന്നു വെച്ചു റൊഡ്രിഗും
ധൈര്യമുള്ളൊരു പ്രഭുവും കൂടി പിന്നെയും പാത്തിയിൽ കയറി ഇരുന്നു പത്തിനെ
നിലത്തോടു ചെത്തു കെട്ടാതെ മെല്ലെട്ടു പറപ്പിച്ചപ്പോൾ — അവർ ഒരു നാഴികെ
ക്കുള്ളിൽ ശീതം അധികമുള്ള മാർഗ്ഗത്തൂടെ [illegible] കാതം [illegible] കൊണ്ടു ന — കാ
തം വഴിദൂരം ഒടിസ്സിനപ്പുറം ഇറങ്ങി വരികയും ചെയ്തു — ഇതു [illegible] ൧൮൭൦
ആമത് നവമ്പ്ര ൨൫ തിയ്യതിയിൽ തന്നെ —

കേരളപഴമ

൨൭. മാനവെൽ രാജാവ് [illegible]

രാജ്യാധികാരിയെ കേരളത്തിലേക്കു നിയോഗിച്ചതു —

വശെക്കുസ്യവരസ് മുതലായവർ മടങ്ങി വന്നു കേരളവർത്തമാനം അറിയിച്ചുകൊണ്ട ബൊ
ധം വരുത്തിയപ്പോൾ — മാനവെൽ രാജാവ് വിചാരിച്ചു കൊച്ചി കൊടുങ്ങല്ലൂർ ആസ്ഥാനമാ
യിട്ടു നടക്കുന്ന വക്കാണവടത്തിന്ന മൂന്നു ആശ്രയസ്ഥാനങ്ങൾ ഉണ്ട് എന്നു കണ്ടു മൂന്നിനെ
യും പിടിച്ചടക്കി മുസല്മാൻ കപ്പലോട്ടം ഹിന്തുകടലിൽ മുടക്കേണം എന്നു നിശ്ചയി
ച്ചു — ആ മൂന്ന് ഏതെന്നാൽ കോഴിക്കോട്ടുനിന്നു പടിഞ്ഞാറോട്ടു പോകുന്ന ചരക്കു
കൾക്കു രണ്ടു ഉപായം ഉണ്ടു; ഒന്ന അറവിതെക്കാമുനയിലുള്ള അദൻ പാറ — മറെറതു പാ
ർസികടൽവായിലുള്ള ഹൊൎമ്മുജ് ഉരുത്തി — യുരോപയിൽ വരുന്ന സകല ഹിന്തുഷി
ന ചരക്കുകളും ആ രണ്ടു വഴിയായിട്ടു തന്നെ മിസ്രൂ അദനെ വിട്ടു ചെങ്കടലൂടെ അ
ലക്സന്ത്രിയ നഗരത്തോളവും മിസ്രഹൊൎമ്മുജ് ബസരയിലും കൂടി ബെരുത്തോളവും
മുസല്മാനർ കൊണ്ടുപോന്നു വെച്ചു ആ രണ്ടു സ്ഥലങ്ങളിൽ വന്നുകൂടുന്ന വെനെത്യ
മുതലായ ഇതല്യ കപ്പക്കാർക്കു തന്നെ വിറ്റുകൊടുക്കും — ശെഷം കാക്ഷവടവഴി കൊ



ഴിക്കൊടിനെ വിട്ടു ൟഴത്തിൻ വഴിയായി മലാക്കയിൽ ചെല്ലുക മലാക്കയിൽ വരുന്ന
ചീനക്കാരൊടു ചരക്കുകളെ വാങ്ങി ചൊഴമണ്ഡലസിംഹളകെരളമുതലായ ദെശങ്ങ
ളിലും കൊണ്ടുപൊക — അതുകൊണ്ടു കൊഴിക്കൊട്ടിന്നു പടിഞ്ഞാറ് അദൻ പട്ടണവും വ
ടക്കെ ഹൊൎമ്മുജും കിഴക്കു മലാക്കയും താമസം കൂടാതെ കൈക്കൽ ആക്കിയാൽ മുസല്മാനരു
ടെ വക കച്ചവടത്തിന്നു കലാപം വന്നുകൂടും എന്നു രാജസഭയിങ്കൽ തന്നെ തൊന്നി —
തങ്ങളുടെ ലാഭങ്ങൾക്കു നഷ്ടം വന്നുപൊകും എന്നു കണ്ടാറെ അറവികൾ മിസ്രയിൽ വാഴു
ന്ന സുല്ത്താൻ ഖാൻഹസ്സനെ ചെന്നു കണ്ടു താമൂതിരി നിങ്ങൾക്കു പണം വെണ്ടുവൊളം ത
യച്ചെക്കും നിങ്ങൾ തൊക്കും പടജ്ജനവും അയച്ചുതന്നു മക്കത്തിന്നുള്ള കച്ചവടം രക്ഷി
ച്ചു പറങ്കികളെ നീക്കെണമെ നിങ്ങൾ അല്ലൊ കാബത്തെ കാക്കുന്നവൻ എന്നു യാചി
ച്ചപ്പൊൾ — സുല്ത്താൻ യുദ്ധത്തിന്നായി ഒരുമ്പെട്ടു പറങ്കികൾ മക്കയാത്രക്കു മുടക്കം വ
രുത്തുന്നുവല്ലൊ നാമൊ യരുശലെം യാത്രക്കു മുടക്കം വരുത്താം പറങ്കികൾ വിരൊധം
തീരുന്നില്ല എങ്കിൽ നാം യരുശലെമിലുള്ള ക്രൂശപള്ളിയെ നിലത്തൊടു സമമാക്കി
ഈ നാടുകളിലെ സകല നസ്രാണികളെയും നിൎബ്ബന്ധിച്ചു ഇസ്ലാമിൽ ചെൎക്കും എന്നു
ഭയപ്പെടുത്തി പാപ്പാസന്നിധാനത്തിൽ അറിയിച്ചു — അതുകൊണ്ടു പാപ്പാ മാനുവെ
ൽ രാജാവൊടു ചൊദിച്ചതല്ലാതെ വെനെത്യക്കാർ തങ്ങളുടെ വ്യാപാരത്തിന്നു

ളളമെന്നു വിചാരിച്ചു മാപ്പിള്ളമാൎക്ക ദൃഢമായി സഹായം അയച്ചശേഷം വെള്ളക്കാരും പൊൎത്തുഗീസരുടെ ശ്രീത്വം നിമിത്തം അസൂയ ഭാവിക്കയും ചെയ്തു —

അതുകൊണ്ടു മാനുവെൽ രാജാവ് മുസല്മാനരോടു പൊരുതുടരെണ്ടതിന്നു ൧൫൦൫ാം കാപ്പൽ ഒന്നു ചെങ്കടലിലെക്കും ഒന്നു കെരളത്തെക്കും ആകെ ൨൨ കപ്പലുകളെ അയച്ചു ഇവരെ നടത്തുവാൻ ഒരു കപ്പിത്താനും പോരാ എന്നു കണ്ടു കെരളത്തിലെ പറങ്കികൾക്കു ഒന്നാം രാജ്യാധികാരിയായി ഫ്രാഞ്ചിസ്ക അൾമെദ എന്ന വീരനെ നിയൊഗിച്ചു (൧൫൦൫ മാൎച്ച ൨൫) ഒരൊരൊ തുറമുഖങ്ങളെ കൈക്കലാക്കി കൊട്ടകളെ എടുപ്പിച്ചു പറങ്കി നാമത്തിന്റെ കീൎത്തിയും ക്രിസ്തസത്യവും പരത്തെണം എന്നു കല്പിച്ചു വിട്ടയക്കുകയും ചെയ്തു —

അൾമെദ (സപ്ത. ൧൩) അഞ്ചുദ്വീപിൽ എത്തിയ ഉടനെ രാജകല്പനപ്രകാരം കൊട്ടകെട്ടുവാൻ തുടങ്ങി — കണ്ണനൂർ കൊച്ചി കൊല്ലം ഇങ്ങനെ അഞ്ചുദ്വീപൊടു കൂടെ ൪ കൊട്ടകളെ കെട്ടിയതിന്റെ ശെഷം അത്രെ വിസൊരെയി (രാജസ്ഥാനത്തുള്ളവൻ) എന്ന പെർ ധരിപ്പാൻ അനുവാദം ഉണ്ടായിരുന്നു — അഞ്ചുദ്വീപിൽ മണ്ണു കിളെക്കുമ്പൊൾ ക്രൂശടയാളമുള്ള കല്ലുകൾ കണ്ടു കിട്ടിയതിനാൽ വണ്ടു ഇവിടെയും ക്രിസ്തവിശ്വാസികൾ ഉണ്ടായിരുന്നു എന്നു പറങ്കികൾക്കു തൊന്നി — പിന്നെ അൾമെദ കൊങ്കണതീരത്തു മുസല്മാൻ കപ്പലുകളെ ഓടിച്ചും പിടിച്ചും കൊണ്ടിരിക്കുമ്പൊൾ അവിടെ ഉള്ള രാജാക്കന്മാർ ഭയപ്പെട്ടു വളരെ സ്നെഹവും ബഹുമാനവും കാട്ടി കൊണ്ടിരുന്നു — അഞ്ചുദ്വീപിന്റെ എതിരെ ഹള്ളിഗംഗയുടെ അഴിമുഖം ഉണ്ടു — ആ നദി തന്നെ മുസല്മാനരുടെ ദക്ഷിണരാജ്യത്തിന്നും ആനഗുന്തി രായരുടെ ഭൂമിക്കും അതിരായിരുന്നു — അഴിമുഖത്തു തന്നെ ചിന്താക്കൊല (ചിന്താക്കൊട — ചിന്താപൂർ) കുന്നും കൊട്ടയും ഉണ്ടു — ആയതിനെ ഗൊവയിൽ വാഴുന്ന സബായി വളരെ ഉറപ്പിച്ചപ്പൊൾ നരസിംഹരായരുടെ ഇടവാഴ്ചക്കാരനായ മെൽരാവും കടല്പിടിക്കാർ പ്രമാണിയായ തിമ്മൊയ്യയും അതിനെ പിടിപ്പാൻ ഭാവിച്ചു മുസല്മാനരൊടു ആവതില്ല എന്നു കണ്ടു ഉടനെ അൾമെദയെ അഭയം പ്രാപിച്ചു കാലത്താലെ ൪൦൦൦ ബ്രാഹ്മണർ കപ്പം തരാം നിങ്ങൾ ഞങ്ങളെ അതിരിനെ രക്ഷിക്കെണം എന്നു അപെക്ഷിച്ചതുകൊണ്ടു അൾമെദ ഹൊന്നാവരവാഴിയായ മെൽരാവിന്നു അധികാരം പിടിച്ചു സമാധാനം വരുത്തുകയും ചെയ്തു —

F. Müller. Editor.

Archivfilm
vorhanden

4.-

„Indische Zeitung." [illegible]

പശ്ചിമോദയം

നമ്പ്ര ഒന്ന്		൧ പൈസ വില
൧ാം നമ്പ്ര	തലശ്ശേരി	൧൮൪൭. ഒക്തൊ

വെളിച്ചം പൂൎവ്വദിക്കിൽനിന്ന മാത്രമല്ല പശ്ചിമത്തിൽനിന്നും വരുന്നത് എന്നു സ്പ
തന്നെ — ഈ മലയാളം ദൈവവശാൽ ഇങ്ക്ലിഷ്കാൎക്ക അധീനമായി വന്നതിനാലൊ
നാട്ടിൽ അറിഞ്ഞുകൂടാത്ത ചില സംഗതികളെ പടിഞ്ഞാറിൽനിന്നു ഇങ്ങോട്ടു ക
വരുവാൻ ഒരു പാലം ഉണ്ടായിരിക്കുന്നു — ഇവിടെ നടപ്പായ വിദ്യകളും ശാസ്ത്രങ്ങളും
കെ വിലാത്തിയിൽ നടക്കുന്നവ പലതും ഉണ്ടു — രണ്ടുവകെക്കും തമ്മിൽ വളരെ ഭേദം ഉ
താനും — പരമാത്മാ ജീവാത്മാക്കൾ തുടങ്ങിയുള്ള മതോപദേശങ്ങളെ ധ്യാനിച്ചു ഒരൊന്ന
ദരുണ്ടായിരിപ്പ ലൊകങ്ങളെ ഉപമെച്ചു വിദ്വാന്മാരെ അറിയിപ്പിക്കുന്നത് സ്വന്ത ജ്ഞാ
ത്തിൽ മൎയ്യാദ തന്നെ — കാലദേശാവസ്ഥകളുടെ സൂക്ഷ്മം നിദാനിച്ചറിഞ്ഞു കട്ടികളു
ഉപകാരത്തിനായി ഗദ്യമായി പറയുന്നത വിലാത്തി ജ്ഞാനത്തിന്റെ ലക്ഷണം മ
ഈ വകയായിപ്പോൾ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ഞങ്ങൾ മാസന്തോറും വിലാത
ശാസ്ത്രങ്ങളിൽനിന്നു പറുന്നത് ഒരൊന്നു എടുത്തു ഇതിൽ കാണിച്ചമാതിരിയെ
മലയാളികൾക്ക തോന്നുവാൻ തക്കവണ്ണം ഭാഷയിലാക്കി അച്ചടിച്ചു ആവശ്യമുള്ള
ൎക്ക യഥാകാലം കൊടുക്കയും ചെയ്യും — വില ഒരു വൎഷത്തിന്ന ഒരു രൂപിക —

ജ്യോതിഷവിദ്യ

ന ശാസ്ത്രങ്ങളിലും നൽ കാൎയ്യജ്ഞാനങ്ങളിലും പ്രധാനമാകുന്നത് എന്നു ഈ രാജ്യക്കാര
ഫലവും പറയുന്ന — ജ്യോതിഷം എന്നത് വെളിച്ചം തന്നെ — ജ്യോതിഷമൊ കണ്ണാലെ കാണ
നഗ്രഹങ്ങൾ മുതലായ വാനമീനുകളുടെ അറിവാകുന്നു — അതല്ലാതെ

സൎവ്വാവണ്ണം നക്ഷത്രതാരകാദിവൻ നൃണം
സൎവ്വശൊകങ്ങളെയും കളയും ദിനാധിപൻ

എന്നൊരു പാട്ടിൽ കേൾക്കുന്നതു പോലെ വണ്ടു പലരാജ്യക്കാരും ഒരൊരൊ
ങ്ങൾ മനുഷ്യൎക്കു വരുന്നത് നക്ഷത്രങ്ങളുടെ കടാക്ഷബലത്താൽ തന്നെ എന്നു നിശ്ചയി